# സീറോമലബാർസഭയുടെ
# വലിയ ഇടയൻ
## കർദിനാൾ മാർ ജോർജ് ആലഞ്ചേരി





# സീറോമലബാർസഭയുടെ വലിയഇടയൻ

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

റവ. ഡോ. ജോസഫ് വട്ടക്കളം

ഇഗ്നിസ് പബ്ലിക്കേഷൻസ്
ചങ്ങനാശ്ശേരി

**Syro Malabar Sabhayudae**
**Valiya Edayan**
**Cardinal Mar George Alencherry**
Malayalam

**Rev. Dr. Joseph Vattakalam**

Published by &
Copyright to the author

Distribution:
Igniz Publications
Changanacherry
Ph: 0481 3268962
9249902760

Layout & Printing
SR Graphics
Mass Tower, Viaskara
Kottayam - 39, Kerala, India
Tel: +91 481 2301142

Price: ₹ 100/-

# മുഖമൊഴി

ഏതാണ്ടൊരു പുരുഷായുസ്സിലെ ആത്മബന്ധവും ഉറ്റസ്നേഹവും സൗഹൃദവുമാണ് ഗ്രന്ഥരചനയുടെ പിന്നിലുള്ളത്. ഈ സ്നേഹ യജ്ഞത്തിൽ എന്നെ ഏറെ സഹായിച്ചത് റവ. ഡോ. ജോസ് ആല ഞ്ചേരിയാണ്. അദ്ദേഹം രചന ആദ്യന്തം വായിച്ച് പല നിർദ്ദേശ ങ്ങളും തിരുത്തലുകളും തന്നു. അച്ചനോട് എനിക്ക് അതിരറ്റ നന്ദി യുണ്ട്. പല ചരിത്രവസ്തുതകളും തന്ന് എന്നെ സഹായിക്കാൻ ഏറെ ബദ്ധപ്പെട്ട ആളാണ് പാലാത്ര പി.വി. വർഗീസ്. ഇക്കാര്യ ത്തിന് അദ്ദേഹത്തിന്റെ പേര് നിർദ്ദേശിച്ചു തരുകയും ഒപ്പം എന്നെ സഹായിക്കുകയും ചെയ്തത് ആലഞ്ചേരി ജോർജ്ജുകുട്ടി ജോസഫാണ്. ഇരുവരോടും അകൈതവമായ കൃതജ്ഞത രേഖ പ്പെടുത്തുന്നു.

ബന്ധപ്പെട്ട് അനുസ്മരിക്കപ്പെടേണ്ട, യശ്ശശരീരരായ രണ്ടു വ്യക്തി കളുണ്ട്. അവർ മറ്റാരുമല്ല, എന്റെ പിതാവും പിതാമഹിയും തന്നെ. സ്നേഹത്തിനും മനുഷ്യബന്ധങ്ങൾക്കും മൂല്യങ്ങൾക്കും ഇത്ര യേറെ വിലകൊടുത്ത മറ്റാരെയും പരിമിതവിഭവനായ എനിക്ക് അറി വില്ല. ചെറുപ്പം മുതലേ അവർ പകർന്നുതന്ന ഈ ബന്ധങ്ങളിലും മൂല്യങ്ങളിലും എന്നിലുള്ള ഒരു നുള്ള് അറിവ് ഈ ഗ്രന്ഥരചന യിൽ എനിക്ക് വലിയ പ്രചോദനമായിരുന്നു. വീട്ടിലെ അമ്മേ, അച്ചായാ, ഈ എളിയ മകന്റെ പ്രണാമം!

ഈ ഗ്രന്ഥം സസ്നേഹം, സശ്രദ്ധം മുദ്രണം ചെയ്തു തന്ന എസ് ആർ ഗ്രാഫിക്സിന്റെ ഉടമ സന്തോഷിനും സഹപ്രവർത്തക രായ റോബിനും സുമേഷിനും ഡി.റ്റി.പി. ഓപ്പറേറ്റർ സോണി യായ്ക്കും നന്ദിയുടെ നറുമലരുകൾ!

ദൈവമേ, നന്ദി!

# ഉൾത്താളുകളിൽ


മുന്നുര ........................................................................................ 5

1. ചരിത്രത്തിലെ ആലഞ്ചേരി ........................................................ 9

2. വറീച്ചൻ- കുലപതിയുടെ പേരുകാരൻ ........................................ 14

3. വിളിയുടെ വഴിയിൽ ................................................................ 20

4. അച്ചൻകുഞ്ഞും കോളേജുകുമാരനും ........................................ 23

5. മേജർ സെമിനാരിയിൽ ............................................................ 28

6. ഫാ. ജോർജ്ജ് ആലഞ്ചേരി ........................................................ 33

7. ഉന്നതവിദ്യാഭ്യാസവും തുടർക്കഥയും... ...................................... 42

8. ഉന്നതശ്രേണികളിലേയ്ക്ക്... ........................................................ 48

9. സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ച്ബിഷപ്പ് ..... 53

10. അത്യുന്നത കർദിനാൾ മാർ ജോർജ് ആലഞ്ചേരി ...................... 59

11. അഭിവന്ദ്യപിതാവു സംസാരിക്കുന്നു ........................................ 61

12. അഭിമുഖത്തിൽനിന്ന്....................................................................66

13. അഭിജ്ഞർ സംസാരിക്കുന്നു ...................................................... 77

14. ദൈവമക്കൾ സംസാരിക്കുന്നു .................................................. 103

# മുന്നുര

"എന്നെ അനുഗമിക്കുക" (യോഹ. 21:19). ഉത്ഥിതനായ ഈശോ, തന്റെ അജഗണത്തെ നയിക്കേണ്ടിയിരുന്ന ശിഷ്യപ്രധാനനോട് അവസാനമായി പറഞ്ഞ വാക്കുകളാണിവ. "എന്നെ അനുഗമിക്കുക". കല്ലേൽചിത്രം പോലെയുള്ള കർത്താവിന്റെ ഈ രണ്ടു വാക്കുകൾ സീറോമലബാർസഭയുടെ അഭിനവ വലിയ ഇടയന്റെ, നമുക്കായുള്ള സന്ദേശങ്ങൾ ഉൾക്കൊള്ളാനുള്ള മാധ്യമമാണ്. അദ്ദേഹം നാഥന്റെ ഈ വാക്കുകൾ, ഈ ആഹ്വാനം, എന്നാണ് നെഞ്ചേറ്റിയതെന്നു കൃത്യമായി പറയുക വയ്യാ. എന്നിരുന്നാലും ദിവ്യനാഥന്റെ പരമപ്രധാനവും അതിഗൗരവവുമായ ആഹ്വാനത്തിന് അർഹവും അനുയോജ്യവുമായ പ്രത്യുത്തരം നല്കാൻ ആലഞ്ചേരി വറീച്ചനു സാധിച്ചത് സീറോമലബാർസഭയുടെ ഭാഗ്യം തന്നെ.

പിറന്നു വളർന്ന സ്വന്തം ഗ്രാമത്തിൽ നിലത്തെഴുത്തു പൂർത്തിയാക്കിയ വറീച്ചൻ തുരുത്തി സെന്റ് തോമസ് എൽ. പി. സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും സെന്റ് മേരീസ് യു.പി. സ്കൂളിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും നടത്തി. അവിടെ അധ്യാപകർക്കും സതീർഥ്യർക്കും അങ്ങേയറ്റം പ്രിയങ്കരനായിരുന്ന ഈ ചെറുവിദ്യാർത്ഥി. തന്റെ ഹൈസ്കൂൾ പഠനം നിർവ്വഹിച്ചത്, നിരവധി പ്രതിഭകളെ വാർത്തെടുത്ത, പുരാതനപ്രസിദ്ധമായ, ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹയർ സെക്കണ്ടറി സ്കൂളിലാണ്. അവിടെ ആയിരുന്നപ്പോൾ "എന്നെ അനുഗമിക്കുക" എന്ന ദിവ്യനാഥന്റെ ദിവ്യവചസ്സുകൾ അദ്ദേഹത്തിന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങിയിരിക്കണം. എന്തായാലും എസ്.എസ്.എൽ.സി പാസ്സായ ഉടനെ തന്റെ അഭിലാഷം അപ്പനെ അറിയിച്ചു.

ചില പ്രതിബന്ധങ്ങളൊക്കെ ഉണ്ടായിട്ടും ജോർജ്ജ് പീലിപ്പോസ് (അതാണു വറീച്ചന്റെ സ്കൂളിലെ പേര്) തന്റെ ഗുരുവും നാഥനുമായ ഈശോയെ അനുധാവനം ചെയ്യുക, അവിടത്തേക്കു തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുക, എന്ന ആശയത്തിൽനിന്ന് അണുവിട വ്യതിചലിച്ചില്ല. പ്രശസ്തമായ വിധത്തിൽ എസ്.എസ്.എൽ.സി. പാസ്സായി. കഠിനാധ്വാനം അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായിരുന്നു.



ദൈവദാസൻ കാവുകാട്ടു പിതാവു നിർദ്ദേശിച്ചതുപോലെ 1962-ൽ ജോർജ്ജു പീലിപ്പോസ് മൈനർ സെമിനാരിയിൽ ചേർന്നു. സമർത്ഥനായ പുതിയ വൈദിക വിദ്യാർത്ഥിയെ ഡിഗ്രിക്കു പഠിക്കാൻ സെൻ്റ് ബർക്കുമാൻസിലേക്കു പിതാവ് അയച്ചു. സാമ്പത്തിക ശാസ്ത്രമാണ് ഐച്ഛികമായി എടുത്തത്. യൂണിവേഴ്സിറ്റിയിൽ രണ്ടാം സ്ഥാനവും കോളജിൽ ഒന്നാം സ്ഥാനവും അതിനുള്ള സ്വർണ്ണ മെഡലും നേടി 1965-ൽ ബി.എ. പാസ്സായി. പ്രഗത്ഭനായ ഈ വിദ്യാർത്ഥിയുടെ മൈനർ സെമിനാരി പഠനം ഒരുകൊല്ലമായി വെട്ടിച്ചുരുക്കി. 1966-ൽ ആലുവാ സെൻ്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലേക്ക് തത്ത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾക്കായി അദ്ദേഹം അയയ്ക്കപ്പെട്ടു.

മേജർ സെമിനാരിയിലും ബ്ര. ജോർജ്ജ് പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ എപ്പോഴും തിളങ്ങി നിന്നിരുന്നു. മൂന്നുവർഷത്തെ തത്ത്വശാസ്ത്രപഠനത്തിലും നാലുവർഷത്തെ ദൈവശാസ്ത്രപഠനത്തിലും അത് അങ്ങനെതന്നെയായിരുന്നു. നിരവധിവിഷയങ്ങൾക്ക് Summa Cum Laude Cum Praemio (with the maximum of praise and prize) നൂറിൽ നൂറും - കരസ്ഥമാക്കിയാണ് അദ്ദേഹം മേജർ സെമിനാരി പഠനം പൂർത്തിയാക്കിയത്.

ദൈവത്തിൻ്റെ അനന്തപരിപാലനയിൽ, പദ്ധതിയിൽ, 1972 ഡിസംബർ 18-ന് ഭാഗ്യസ്മരണാർഹനായ ആൻ്റണി പടിയറ തിരുമേനി മ്ശംശാന ജോർജ്ജ് ആലഞ്ചേരിയെ മെൽക്കിസെദേക്കിൻ്റെ ക്രമപ്രകാരം പുരോഹിതനായി അഭിഷേകം ചെയ്തു. ഈ ഡിസംബർ 18-ന് അനുഗൃഹീതമായ ആ 'അഭിഷേക'ത്തിൻ്റെ 39 വർഷം പൂർത്തിയായി.

നമ്മുടെ കർത്താവിൻ്റെ മൂന്നു ദിവ്യവചസ്സുകളുടെ വെളിച്ചത്തിൽ ബ. ജോർജ്ജ് ആലഞ്ചേരിലച്ചൻ്റെ പൗരോഹിത്യത്തെ നമുക്കു വിലയിരുത്താനാവും. ഒന്ന്, "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുമായി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു" (യോഹ. 15:16). തമ്പുരാനു വേണ്ടി അത്യധ്വാനം ചെയ്ത് ധാരാളം ഫലം അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ട്, പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു.

രണ്ടാമത്തെ തിരുവചനം ഇതാണ്. "നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവനർപ്പിക്കുന്നു" (യോഹ. 10:11). തൻ്റെ കൗദാശിക ജീവിതം, പ്രാർത്ഥനാജീവിതം, ബൈബിൾ പഠനം, പ്രഭാഷണങ്ങൾ, ധ്യാനങ്ങൾ, ക്ലാസ്സുകൾ, നീണ്ടയാത്രകൾ, സമ്പൂർണ്ണ സമർപ്പണം, സംവാദം, പഠനം, ഇതരശുശ്രൂഷകൾ, എല്ലാമേഖലകളിലുമുള്ള കഠിനാധ്വാനം - അങ്ങനെ രണ്ടാമത്തെ തിരുവചനവും ഈ ധന്യജീവിതത്തിൽ അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

മൂന്നാമത്തെ തിരുലിഖിതം യോഹ. 15:9 ആണ്. "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ." ഈ നിമിഷം വരെയുള്ള അനുഗൃഹീതമായ ഈ പൗരോഹിത്യജീവിതം ഒറ്റ വാക്കിൽ സംഗ്ര ഹിച്ചാൽ അതു "സ്നേഹം" എന്ന വെറും രണ്ടക്ഷരമുള്ള സർവ്വ സമ്പന്നപദമായിരിക്കും.

ഈ നല്ല പൗരോഹിത്യ ജീവിതത്തിലെ അതിനിർണ്ണായകമായ ഒരു നാഴികക്കല്ലാണ് ഡിസംബർ 18, 1996. ഇത് അദ്ദേഹത്തിന്റെ പൗരോഹിത്യത്തിന്റെ 24-ാം വർഷമായിരുന്നു. അന്നാണ് തിരു സിംഹാസനം ഫാ.ജോർജ്ജ് ആലഞ്ചേരിയെ മെത്രാനായി നിയമി ച്ചത്. 1997 ഫെബ്രുവരി 2-ന് തക്കല രൂപതയുടെ ഉദ്ഘാടനവും പ്രഥമ മെത്രാന്റെ മെത്രാഭിഷേക കർമ്മവും നടന്നു. 2011 മെയ് മാസം 26-ന് മാർ ജോർജ്ജ് ആലഞ്ചേരി സീറോമലബാർസഭയുടെ മൂന്നാ മത്തെയും തെരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെയും മേജർ ആർച്ച് ബിഷപ്പുമായി. 2012 ജനുവരി 6-നു പരിശുദ്ധപിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ അദ്ദേഹത്തെ കർദിനാൾ പദവിയിലേക്കു യർത്തി.

നാം ഉദ്ധരിച്ച മൂന്നു തിരുവചനങ്ങളിൽ നമ്മുടെ വലിയ ഇട യന്റെ ഹൃദയവും ആത്മാവും കണ്ടെത്താൻ നമുക്കു കഴിയും. നില നില്ക്കുന്ന ആധ്യാത്മിക ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള അക്ഷീ ണവും അലംഘ്യവുമായ ആധ്യാത്മിക ജൈത്രയാത്രയിലാണദ്ദേ ഹം. മരിച്ചു മരവിച്ച നമ്മുടെ വിശ്വാസത്തിൽനിന്ന്, നമ്മുടെ ആത്മീയ നിർജ്ജീവതയിൽനിന്ന്, കണ്ണുകൾ തുറന്നിരിക്കുമ്പോഴും ഉറങ്ങുന്ന നമ്മുടെ നിർഭാഗ്യാവസ്ഥയിൽനിന്ന് നമ്മെ തട്ടിയുണർത്താനുള്ള വ്യഗ്രത അദ്ദേഹത്തിന്റെ ഓരോ ചലനത്തിലും വാക്കിലും വ്യക്ത മാണ്. തന്റെ രക്തത്തിൽ സാന്ദ്രമായിരിക്കുന്ന യാഥാർത്ഥ്യമാണ് തന്റെ പൗരോഹിത്യം. He is a priest through and through, for he offers his life, every moment, to God, for the benefit of his flock and for the entire human family, in a daily self-oblation. The entire Church is closest to his heart. His life has ever been in her service.

സീറോമലബാർസഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്താ എന്ന നില യിൽ ലോകമെമ്പാടുമായി അധിവസിക്കുന്ന 40 ലക്ഷം സീറോമല ബാർ സഭാവിശ്വാസികളുടെ ആധ്യാത്മിക നിയന്താവും നായകനു മാണ് കാർഡിനൽ ജോർജ്ജ് ആലഞ്ചേരി. സഭയുടെ മുഖത്ത്, സഭാ തനയരുടെ മുഖങ്ങളിൽ മിശിഹാ തമ്പുരാന്റെ മുഖം അദ്ദേഹം ദർശി ക്കുന്നു. സഭയുടെ വിളിയിൽ ക്രിസ്തുവിന്റെ വിളിയാണ് എപ്പോഴും അദ്ദേഹം ശ്രവിക്കുക. ദൈവനിയോഗത്തിന് ഒഴികഴിവില്ലല്ലോ. തന്റെ ജീവിതം തനിക്കായി കാത്തു സൂക്ഷിക്കാൻ, തന്റെ സ്വകാര്യതയുടെ സുരക്ഷിതത്വത്തിൽ കഴിയാൻ, ആഗ്രഹിക്കാത്ത ആലഞ്ചേരി



പിതാവ് ദിവ്യനാഥനു സ്വയം സമ്പൂർണ്ണമായി സമർപ്പിച്ചിരിക്കുന്നു.

അഭിവന്ദ്യപിതാവ് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഫ്രഞ്ച് എന്നീ ഭാഷകളിൽ നല്ല പ്രാവീണ്യം സമ്പാദിച്ചിട്ടുണ്ട്. സാമ്പത്തിക ശാസ്ത്രത്തിലുള്ള പാണ്ഡിത്യം, തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, ബൈബിൾ ഇവയിലുള്ള അവഗാഹം, രാഷ്ട്രീയ, സാമൂഹിക, സഭാത്മക മേഖലകളിലുള്ള ആഴമേറിയ പഠനങ്ങൾ, ആഴവും പരപ്പുമുള്ള പരിചയസമ്പത്ത്, എല്ലാം പിതാവിന്റെ അജപാലന ദൗത്യത്തിന് സമ്പന്നമായ മുതൽക്കൂട്ടാണ്. പിതാവിന്റെ സുവിശേഷ പ്രഘോഷണങ്ങൾക്കും പ്രബോധനങ്ങൾക്കും നവജീവൻ, ഉത്തേജനം, അടിയന്തിരത്വം, പുതിയ ആകർഷണീയത എല്ലാം ഉണ്ട്.

ദൈവം ചുമത്തിയിരിക്കുന്ന ഭാരം വഹിക്കുക, മാനുഷിക കഴിവുകൾക്ക് അപ്പുറമാണെങ്കിലും, ഈശോയിൽ വേരുറപ്പിച്ചിരിക്കുന്ന, ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിക്കുന്ന, നമ്മുടെ വലിയ ഇടയന് അത് അനായാസമാകുന്ന കാഴ്ചയാണു നാം കാണുക.

വന്ദ്യപിതാവിന്റെ ജീവിത സന്ദേശങ്ങൾ സ്പഷ്ടമാക്കുന്ന രണ്ടു തിരുവചനഭാഗങ്ങൾകൂടി ഉദ്ധരിക്കട്ടെ. ഒന്നു നടപടി പുസ്തകത്തിൽ നിന്നാണ്. വിശുദ്ധ പത്രോസ് ശ്ലീഹായുടെ വാക്കുകൾ സ്വന്തമാക്കി പിതാവു നമ്മോടു പറയുന്നത്: "സത്യമായും ദൈവത്തിനു മുഖപക്ഷമില്ലെന്നും അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏതു ജനതയിൽപ്പെട്ടവരായാലും, അവിടുത്തേക്കു സ്വീകാര്യനാണെന്നും ഞാൻ സത്യമായി അറിയുന്നു. സമാധാനത്തിന്റെ സദ്വാർത്ത സകലജനത്തിന്റെയും കർത്താവായ യേശുക്രിസ്തുവിലൂടെ വിളംബരം ചെയ്തുകൊണ്ട് തന്റെ വചനം അവിടുന്ന് ഇസ്രായേൽ മക്കൾക്കു നൽകി" (നട.10: 34-36). രണ്ടാമത്തെ വചനം പൗലോസ്ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ നിന്നാണ്. സർവ്വശക്തമായ ഒരു ആഹ്വാനം കൂടിയാണിത്. "ആകയാൽ പ്രീയപ്പെട്ടവരേ, ഞാൻ കാണാനാഗ്രഹിക്കുന്ന, എന്റെ സന്തോഷവും കിരീടവുമായ വത്സല സഹോദരരേ, നിങ്ങൾ കർത്താവിൽ ഉറച്ചു നിൽക്കുവിൻ" (4:1).

പെസഹാ രഹസ്യത്തെ ദൈവത്തിന്റെ കരുണയുടെ രഹസ്യമായി വ്യാഖ്യാനിക്കാനാണു പിതാവിനു താത്പര്യം. ഏറ്റം പവിത്രമായ കരുണയുടെ പ്രതിഫലനമായി പരിശുദ്ധ അമ്മയെ മനസ്സിലാക്കാൻ പിതാവ് അങ്ങേയറ്റം ഇഷ്ടപ്പെടുന്നു. ജന്മം നല്കിയ അമ്മയെ 27 വർഷം മുമ്പു നഷ്ടപ്പെട്ട അദ്ദേഹം, ഈശോയുടെ വാക്കുകളിൽ ആശ്വാസവും ധൈര്യവും ശക്തിയും ഉത്തേജനവും കണ്ടെത്തുന്നു: "ഇതാ, നിന്റെ അമ്മ." 'മറിയത്തിലൂടെ ഈശോയിലേക്ക്' എന്ന സൂക്തം വലിയ ഇടയന്റെ ലളിതവും സത്യസന്ധവുമായ ആധ്യാത്മികതയുടെ അവശ്യഘടകമാണ്.

# 1

# ചരിത്രത്തിലെ ആലഞ്ചേരി

ക്രിസ്തുവിനുശേഷം 52-ാം ആണ്ടിൽ കൊടുങ്ങല്ലൂർ കപ്പലിറങ്ങി വടക്കോട്ടു സഞ്ചരിച്ച മാർ തോമ്മാശ്ലീഹാ ഗുരുവായൂരിനടുത്ത് പാലയൂരെത്തിയെന്നതും അവിടെ ഒരു വലിയ അത്ഭുതത്താൽ ഏഴ് ആഢ്യനമ്പൂതിരികുടുംബങ്ങളെ മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനികളാക്കിയെന്നതും ചരിത്രമാണ്. ഇവരുടെ നിർബന്ധ പ്രകാരം പാലയൂർക്ഷേത്രം തന്നെ, താഴികക്കുടത്തിൽ ഒരു മരക്കുരിശു നാട്ടി, അദ്ദേഹം ദൈവാലയമാക്കി മാറ്റി.

പാലയൂരിൽ ശ്ലീഹായിൽനിന്നു സ്നാനം സ്വീകരിച്ചു ക്രൈസ്തവ വിശ്വാസം സ്വീകരിച്ച കുടുംബങ്ങൾ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ്, കാളിയാങ്കൽ, കടപ്പൂര്, ഇടപ്പള്ളി എന്നിവയാണ്. നാലാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ഉണ്ടായ വേദഞെരുക്കം, പാണ്ടിപ്പടയുടെ ആക്രമണം തുടങ്ങിയ കാരണങ്ങളാൽ പാലയൂരെ നമ്പൂതിരിക്രൈസ്തവരിൽ നല്ല ഭാഗം അവിടം വിട്ടുപോയി. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ് എന്നീ കുടുംബങ്ങൾ പറവൂർ, പള്ളിപ്പുറം വഴി സഞ്ചരിച്ച് ഏറ്റുമാനൂരെത്തി. അവിടത്തെ ക്ഷേത്രാധികാരികളുടെ പ്രീതി സമ്പാദിച്ച ഇവർക്ക് കുറവിലങ്ങാട് ഒരു പള്ളി പണിയിച്ച് അതിനുചുറ്റും താമസമാക്കാൻ അധികാരികളിൽനിന്ന് അനുവാദം ലഭിച്ചു. അന്ന്, ക്ഷേത്രസങ്കേതത്തിൽപ്പെട്ട വനപ്രദേശമായിരുന്നു കുറവിലങ്ങാട്.

ഇടപ്പള്ളി കുടുംബം തെക്കോട്ടു യാത്രചെയ്ത്, ഇപ്പോൾ എറണാകുളം എന്നറിയപ്പെടുന്ന പ്രദേശത്തുനിന്ന് അകലെയല്ലാതെ കിടന്നിരുന്ന വിസ്തൃതവും വിജനവുമായ ഭൂപ്രദേശത്തു ചെന്നു താമസമുറപ്പിച്ചു. ഈ തറവാട്ടു പേരായിരിക്കണം 'ഇടപ്പള്ളി' എന്ന് ഇപ്പോൾ അറിയപ്പെടുന്ന പുരാതനപ്രസിദ്ധമായ സ്ഥലത്തിനു ലഭിച്ചത്. ഇടപ്പള്ളി കുടുംബത്തിന്റെ ശാഖകളായിരിക്കാം ഇടപ്പള്ളിയിലെ പുരാതനതറവാടുകളെല്ലാം തന്നെ.

ഇടപ്പള്ളി കുടുംബക്കാർ അധിവസിച്ച ഭൂപ്രദേശം രാജഭരണത്തി




ലായിരുന്നു. തന്റെ രാജ്യത്തു വന്നു വാസമുറപ്പിച്ച ബ്രാഹ്മണ ക്രൈസ്തവരുടെ വിശ്വസ്തതയും വിശ്വാസതീക്ഷ്ണതയും നേരിൽ കണ്ടു മനസ്സിലാക്കിയ രാജാവ് അവർക്കു പല ആനുകൂല്യങ്ങളും നൽകി. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് എളങ്ങന്നൂർ സ്വരൂപത്തിൽ നിന്ന് അവർക്കു പള്ളി വയ്ക്കുന്നതിന് ആവശ്യമായ ഭൂമി അത്രയും കരമൊഴിവായി നൽകിയെന്നതാണ്. എ.ഡി. 593–ൽ പടിഞ്ഞാറോട്ടു ദർശനമായി പണികഴിപ്പിച്ചതാണ് ഇടപ്പള്ളിയിലെ പ്രഥമ ദൈവാലയം.

പാലയൂർ നിന്നുവന്ന ഇടപ്പള്ളി കുടുംബത്തിന്റെ ഒരു ശാഖയാണ് പാലിയത്തറ. ഏതാണ്ടു മൂന്നു നൂറ്റാണ്ടുകൾക്കുമുമ്പ് പാലിയത്തറ കുടുംബത്തിൽപ്പെട്ട വർക്കിമാപ്പിളയും ഭാര്യയും ഒരു സഹോദരപുത്രനും (പൂർവ്വപിതാവായ അബ്രാഹത്തെപ്പോലെ), ധാരാളം കൃഷിസ്ഥലങ്ങളും ശാന്തമായ ക്രൈസ്തവജീവിതവും ഉണ്ടായിരുന്ന തിരുവിതാംകൂറിലേക്കു കുടിയേറി. ഇവരോടൊപ്പം തോട്ടായിൽ, പൂത്തേട്ട് എന്നു രണ്ടു നായർ കുടുംബങ്ങളും ഒരു ആശാരി കുടുംബവും ഉണ്ടായിരുന്നു.

അവർ ചങ്ങനാശ്ശേരി പട്ടണത്തിൽ നിന്ന് മൂന്നുമൈൽ വടക്കുമാറി, ഗ്രാമീണപ്രകൃതിയുടെ ശാലീനതയും ആധുനികപുരോഗതിയുടെ പ്രസന്നഭാവവും മേളിക്കുന്ന തുരുത്തി എന്ന ഗ്രാമത്തിലാണു വാസം ഉറപ്പിച്ചത്. അക്കാലത്ത് തുരുത്തി ചങ്ങനാശ്ശേരി ഇടവകയുടെ ഭാഗമായിരുന്നു. വർക്കിമാപ്പിളയും കുടുംബവും ചങ്ങനാശ്ശേരി സെന്റ്മേരീസ് ഇടവകയിൽ അംഗത്വം സ്വീകരിച്ചു. തന്റെ വിശ്വാസം സംരക്ഷിക്കുന്നതിലും പ്രാർത്ഥനാജീവിതം ആഴപ്പെടുത്തുന്നതിലും കൗദാശിക ജീവിതം നയിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. തന്റെ സഹോദരപുത്രനെയും തനിക്കു ജനിച്ച ആറുമക്കളെയും യഥാർത്ഥ ക്രൈസ്തവ ജീവിതം അഭ്യസിപ്പിക്കുന്നതിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കുന്നതിന് അവരെ പരിശീലിപ്പിക്കുന്നതിലും വർക്കിമാപ്പിളയ്ക്കു വലിയ നിഷ്ഠയായിരുന്നു. അദ്ദേഹത്തിന്റെ ആധ്യാത്മികതയുടെ പന്ഥാവിൽ തലമുറകൾ ഇന്നും ജീവിക്കുന്നു. വർക്കിമാപ്പിളയുടെയും വംശപരമ്പരയുടെയും മുഖമുദ്രയാണ് പ്രാർത്ഥനാജീവിതം.

തുരുത്തി പ്രദേശത്തിന്റെ പടിഞ്ഞാറുഭാഗത്ത്, തോട്ടുങ്കൽ എന്നറിയപ്പെടുന്ന സ്ഥലത്തിനും പടിഞ്ഞാറ്, യൂദാപുരം റോഡിനു തെക്കുവശത്ത്, ആൽത്തറയിൽനിന്ന് ഒരു ഫർല്ലോംഗ് കഴിഞ്ഞ്, ഇപ്പോൾ 'പാലാത്ര' എന്നറിയപ്പെടുന്ന പുരയിടത്തിലാണ് വർക്കി മാപ്പിളയും കുടുംബവും താമസമാക്കിയത്. അദ്ദേഹത്തിന് ആറുകുട്ടികളായിരുന്നെന്നു സൂചിപ്പിച്ചല്ലോ -ഒരു പെൺകുട്ടിയും അഞ്ച് ആൺകുട്ടി





കളും. കുടുംബത്തെ മൂത്ത മകനായി സഹോദരപുത്രനും വളർന്നു വന്നു. സഹോദരപുത്രനു പ്രായപൂർത്തിയായപ്പോൾ വിവാഹം കഴിപ്പിച്ച് കൂട്ടുങ്കൽ പുരയിടത്തിലേക്കു മാറ്റിത്താമസിപ്പിച്ചു.

തുടർന്ന്, വർക്കിമാപ്പിള, വിവാഹപ്രായമായ തന്റെ മകളെ, നെടുങ്കുന്നം പ്രദേശത്ത് തത്തനാട്ടു കുടുംബത്തിലേക്കു കെട്ടിച്ചു. മുണ്ടകൻ, പുഞ്ച ഇനങ്ങളിൽ ധാരാളം നെൽപ്പാടങ്ങൾ പാലിയത്തറ കുടുംബത്തിനു പതിച്ചു കിട്ടി. വർക്കിമാപ്പിളയുടെ ആൺമക്കളെല്ലാം കർഷക വൃത്തിയിൽ വ്യാപൃതരായി. എല്ലാവരും വിവാഹാന്തസ്സിൽ പ്രവേശിക്കുകയും ചെയ്തു.

മൂത്തമകൻ ഈരദേശത്ത് (തുരുത്തിക്കു വടക്കുപടിഞ്ഞാറ്) കുറുവഞ്ചികുടുംബത്തിൽ നിന്നും രണ്ടാമൻ ചങ്ങനാശ്ശേരി കുട്ടമ്പേരൂർ കുടുംബത്തിൽനിന്നും മൂന്നാമൻ തുരുത്തി (ഇത്തിത്താനം) എരുമച്ചാടത്തുനിന്നും നാലാമൻ തുരുത്തി (ഇത്തിത്താനം) ആലഞ്ചേരി കുടുംബത്തിൽ നിന്നും ഇളയമകൻ ചെറുകര (ഈരയ്ക്കു തെക്കുപടിഞ്ഞാറ്) തറയിൽ കുടുംബത്തിൽ നിന്നും വിവാഹം കഴിച്ചു.

ഈക്കാലംകൊണ്ട്, എല്ലാവരും പറഞ്ഞു, പറഞ്ഞ് 'പാലിയത്തറ' 'പാലാത്ര'യായി. ഇങ്ങനെയുള്ള പരിണാമങ്ങൾ നമ്മുടെ നാട്ടിൽ പതിവാണല്ലോ; ഉച്ചരിക്കാനും എളുപ്പം.

ഇവരിൽ ഒന്നും രണ്ടും മക്കളെ തുരുത്തിദേശം കിഴക്കുഭാഗത്ത് താമസിപ്പിച്ചു. അവരുടെ വീട്ടുപേരുകൾ യഥാക്രമം പാലാത്ര കിഴക്കേപ്പുറത്ത്, പാലാത്ര കടവിൽ ഇങ്ങനെയായി. മൂന്നാമനെ തുരുത്തി വടയാറ്റു വീട്ടിൽ താമസിപ്പിച്ചു. നാലാമത്തെ മകന്റെ പേര് കോരമാപ്പിള എന്നായിരുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണിക്ക് അവകാശമായി കിട്ടിയതാണ് 'ആലഞ്ചേരി' പുരയിടം. പാലാത്ര പുരയിടത്തിന് ഒരു ഫർലോംങ്ങ് പടിഞ്ഞാറ് അതേ സൈഡിൽ തന്നെയാണ് ഈ പുരയിടവും. കോരമാപ്പിള കുടുംബസമേതം ആലഞ്ചേരി പുരയിടത്തിൽ താമസമാകുകയും പാലാത്ര ആലഞ്ചേരി എന്നറിയപ്പെടുകയും ചെയ്തു. അഞ്ചാമന് പാലാത്ര കുടുംബം അവകാശമായി ലഭിച്ചു.

പാലാത്ര ആലഞ്ചേരി കോര മാപ്പിളയ്ക്ക് ഒരു പെൺകുട്ടിയും മൂന്ന് ആൺകുട്ടികളുമായിരുന്നു. പെൺകുട്ടിക്കു വിവാഹപ്രായമായപ്പോൾ മുട്ടാർ കറുകപ്പറമ്പിൽ കെട്ടിച്ചു. പ്രസ്തുത കുടുംബത്തിന്റെ പിന്മുറക്കാർ ആ നാടുവിട്ട്, തുരുത്തി (ഇത്തിത്താനം) യിൽ മടങ്ങിവന്ന് കറുകപ്പറമ്പ് എന്ന കുടുംബപ്പേരിൽത്തന്നെ താമസമാക്കിയിരിക്കുന്നു. ഈ കുടുംബത്തിലെ ഇളംതലമുറക്കാരനാണ് ഫാ. ചെറിയാൽ കറുകപ്പറമ്പിൽ.




കോരമാപ്പിളയുടെ മൂന്ന് ആൺമക്കൾ യഥാക്രമം വർക്കി മാപ്പിള, കുഞ്ഞാഗസ്തി മാപ്പിള, പീലിപ്പോസ് മാപ്പിള ഇവരായിരുന്നു. ഇവരിൽ വർക്കി മാപ്പിള (കോരവർക്കി) എടത്വാ ശങ്കരപുരി തെക്കേടത്തു പീടികയിൽ അന്നമ്മയെ വിവാഹം കഴിച്ചു. കോരമാപ്പിള തന്റെ മൂത്തമകൻ വർക്കി മാപ്പിളയെ മുത്താനിക്കാട്ടു പുരയിടത്തിലേക്കു മാറ്റിത്താമസിപ്പിച്ചു. അദ്ദേഹത്തിന് ഏഴുമക്കളായിരുന്നു; മൂന്ന് ആൺമക്കളും നാലു പെൺമക്കളും. ആൺമക്കൾ യഥാക്രമം കോര കുഞ്ഞൻവർക്കി, കോര തോമ്മാ, കോര ആഗസ്തി. കുഞ്ഞൻവർക്കിയുടെ ഇളംതലമുറക്കാരനാണ് ഫാ.ജോബിൻ മുത്താനിക്കാട്. കോര ആഗസ്തിയുടെ മകളുടെ മകനാണ് ഫാ. ഫിലിപ്പ് കാഞ്ചിക്കൽ.

വർക്കി മാപ്പിള തന്റെ മൂത്ത മകൾ അന്നയെ ഇത്തിത്താനം (പൊടിപ്പാറ) കണ്ണന്തറ കുടുംബത്തിൽ കെട്ടിച്ചു. രണ്ടാമത്തെ മകൾ ത്രേസ്യായെ തുരുത്തി (യൂദാപുരം) കല്ലമ്പറമ്പിൽ കെട്ടിച്ചു. ഈ മകളുടെ മകളുടെ മകനാണ് ഫാ. അലക്സാണ്ടർ മണിയങ്കരിക്കളം ഒ.സി.ഡി. മൂന്നാമത്തെ മകൾ ഒറോതയെ തുരുത്തി (യൂദാപുരം) പടിഞ്ഞാറേതിലാണ് വിവാഹം ചെയ്തത്. ഒറോതയുടെ മകളുടെ മകന്റെ മകനാണ് ഫാ. ആന്റണി പുല്ലുകാട്ട്. പെൺമക്കളിൽ ഇളയ മകൾ മറിയാമ്മയെ കുമരങ്കരി വട്ടക്കളം കുടുംബത്തിൽ കെട്ടിച്ചു. മറിയാമ്മയുടെ രണ്ടാമത്തെ മകൻ ഔസേപ്പു മത്തായിയുടെ മൂത്തമകനാണ് ഫാ. ജോസഫ് വട്ടക്കളം. മറിയാമ്മയുടെ മൂത്തമകന്റെ മകളുടെ മകനാണ് ഫാ. ജോസഫ് പോൾ മാങ്ങാട്ട് സി.എം.ഐ.

രണ്ടാമത്തെ മകൻ കുഞ്ഞാഗസ്തിയെ വിവാഹം കഴിപ്പിച്ച് പയ്യമ്പള്ളി പുരയിടത്തിൽ താമസിപ്പിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനേ ഉണ്ടായിരുന്നുള്ളൂ, കൊച്ചുകുഞ്ഞൻ വർക്കി. അദ്ദേഹത്തിനു ഒരു ആൺകുട്ടിയും രണ്ടുപെൺകുട്ടികളുമായിരുന്നു. മകൻ ചെറുപ്പത്തിലേ മരിച്ചു. പെൺമക്കളിൽ ഒരാളെ തുരുത്തി അറയ്ക്കൽ ഔസേപ്പ് വിവാഹം കഴിച്ചു. ഈ ഔസേപ്പിന്റെ സഹോദരി മറിയാമ്മയെയാണ് പീലിപ്പോസ് മാപ്പിളയുടെ ഏറ്റം ഇളയമകൻ പീലിപ്പോസ് (കൊച്ച്) വിവാഹം കഴിച്ചത്. ഈ ദമ്പതികളെ ഓർമ്മയുടെ കോണിൽ സൂക്ഷിക്കണം.

പീലിപ്പോസ് മാപ്പിള പാലാത്ര ആലഞ്ചേരി തറവാട്ടിൽ അവകാശിയായി താമസിച്ചു. അദ്ദേഹം തുരുത്തി കൊച്ചീത്ര ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ടു പെൺകുട്ടികളും അഞ്ച് ആൺകുട്ടികളും ജനിച്ചു. പെൺമക്കളിൽ മൂത്തയാളെ ചങ്ങനാശ്ശേരിക്കു തെക്കുഭാഗത്തുള്ള പെരുന്ന പ്രദേശത്ത് സ്രാങ്കൽ വിവാഹം കഴിച്ചു; ഇളയമകളെ കുറുമ്പനാടത്തു കാനാറികാവുങ്കലും.

ആൺമക്കൾ പ്രായമനുസരിച്ച് വർഗീസ് പീലിപ്പോസ് (കുട്ടി),





തോമസ് പീലിപ്പോസ് (മാമ്മൻ), ആഗസ്തി പീലിപ്പോസ് (കുഞ്ഞാഗസ്തി), ഔസേപ്പ് പീലിപ്പോസ് (ഔസേപ്പ്), പീലിപ്പോസ് പീലിപ്പോസ് (കൊച്ച്) ഇവരായിരുന്നു. ഇവരുടെ കാലമായപ്പോൾ 'പാലാത്ര-ആലഞ്ചേരി' എന്നത് 'ആലഞ്ചേരി'എന്നുമാത്രം പറഞ്ഞും എഴുതിയും തുടങ്ങി. അങ്ങനെയുണ്ടായ 'ആലഞ്ചേരി'യാണ് ഇന്ന്, മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ, ആദിമസഭയുടെ പാരമ്പര്യം പേറുന്ന, സീറോമലബാർസഭയുടെ പരമാധ്യക്ഷൻ അത്യുന്നത കർദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിനു ജന്മം നൽകിയത്.

ഇതുവരെപറഞ്ഞതു പശ്ചാത്തലമേ ആകുന്നുള്ളൂ. ഇനി കഥാതന്തുവിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കാം. ഇടപ്പള്ളി - പാലിയത്തറ വർക്കി മാപ്പിളയുടെ കൊച്ചുമകനായ പീലിപ്പോസ് മാപ്പിളയുടെ ഏറ്റം ഇളയമകനാണല്ലോ പീലിപ്പോസ് പീലിപ്പോസ് (കൊച്ച്). ഇദ്ദേഹം വിവാഹം കഴിച്ചത് പുണ്യചരിതയായ അറയ്ക്കൽ മറിയത്തെയാണ്. ഈ ദമ്പതികളെ ഒളിമങ്ങാതെ ഓർമ്മയിൽ സൂക്ഷിക്കണമെന്നു മുമ്പു പറഞ്ഞിട്ടുണ്ട്.

വംശപരമ്പരയിലെ ഏറ്റം അനുഗൃഹീതൻ എന്നു വിശേഷിപ്പിക്കാവുന്ന ആളാണ് കൊച്ചായൻ. അതുപോലെ തന്നെ അദ്ദേഹത്തിന്റെ ജീവിതസഖി മറിയാമ്മയും. കൊച്ച്- മറിയാമ്മ ദമ്പതികൾക്ക് പതിനൊന്നുകുട്ടികൾ ജനിച്ചു. മൂത്തമകൻ അപ്പച്ചൻ എന്നു വിളിക്കുന്ന പീലിപ്പോസ് പീലിപ്പോസ് ആണ്. രണ്ടാമത്തേത് കുട്ടിയമ്മ എന്നുവിളിച്ചിരുന്ന ത്രേസ്യാ കുഞ്ഞിലേ മരിച്ചുപോയി. മേരിക്കുട്ടിയാണു മൂന്നാമത്തെ ആൾ. കുഞ്ഞച്ചൻ എന്നു വിളിക്കുന്ന ആഗസ്തി പീലിപ്പോസ് നാലാമനാണ്. തെറമ്മയെന്നു വിളിപ്പേരുള്ള ത്രേസ്യാമ്മയാണ് അഞ്ചാമത്തെ കുട്ടി. അവർ സി. ചെറുപുഷ്പം എന്ന പേരു സ്വീകരിച്ച് ആരാധനാ സന്ന്യാസിനി സമൂഹത്തിൽ, സജീവ സാന്നിദ്ധ്യമായി, സേവനം അനുഷ്ഠിക്കുന്നു.

സി. ചെറുപുഷ്പത്തിന്റെ നേരെ ഇളയതാണ് പ്രഗത്ഭനും പ്രശസ്തനും തീക്ഷ്ണമതിയും കഠിനാധ്വാനിയും സഭാസ്നേഹിയും വിദഗ്ധസംഘാടകനുമായ ഫാ. ജോസ് ആലഞ്ചേരി. ആലഞ്ചേരി കൊച്ചായന്റെ ഏഴാമത്തെ സന്താനമാണ് വറീച്ചൻ (ഇപ്പോൾ അത്യുന്നത കർദിനാൾ ജോർജ്ജ് ആലഞ്ചേരി, സീറോമലബാർ സഭയുടെ വലിയ ഇടയൻ). ഈ വറീച്ചനെക്കുറിച്ചാണ് ഈ ലഘുഗ്രന്ഥം. എട്ടാമൻ തോമ്മാച്ചൻ എന്നു വിളിക്കുന്ന തോമസ് പീലിപ്പോസ് ആണ്. ഒൻപതാമത്തെ ആളാണ് പ്രഞ്ചിക്കുട്ടിയെന്നു വിളിക്കുന്ന ഫാ. ഫ്രാൻസിസ് എസ്. ഡി. ബി. കൊച്ചായനു രണ്ടുപെൺമക്കൾ കൂടിയുണ്ട് - ഏലിയാമ്മയും അന്നമ്മയും.

# 2

# വറീച്ചൻ-
# കുലപതിയുടെ പേരുകാരൻ

ചിലരുടെ ജന്മം മറ്റുള്ളവർക്ക് അനുഗ്രഹമാകുമ്പോൾ അതിനെ നാം അനുഗൃഹീതജന്മം എന്നു പറയുന്നു. സീറോമലബാർസഭയ്ക്ക് അനുഗ്രഹമായ ഒരു ജന്മദിനമാണ് 1945 ഏപ്രിൽ 19. അന്നാണ് സഭയുടെ ഇപ്പോഴത്തെ ശ്രേഷ്ഠ മെത്രാപ്പോലീത്താ അത്യുന്നത കർദിനാൾ ജോർജ്ജ് ആലഞ്ചേരി ജനിച്ചത്.

വറീച്ചൻ എന്നായിരുന്നു വിളിപ്പേര്; ഗീവർഗീസ് എന്നത് മാമ്മോദീസാപ്പേരും. ഇടപ്പള്ളി പാലിയത്തറ വർക്കി മാപ്പിളയുടെ അഞ്ചാം തലമുറക്കാരൻ, അങ്ങനെ ആലഞ്ചേരി വറീച്ചനായി. കുലപതിയുടെ പേരുകിട്ടുക ദൈവാനുഗ്രഹം തന്നെയാണ്. പക്ഷേ, മറ്റൊരുകാര്യം കൂടിയുണ്ട്. കൊച്ചായന് തന്റെ കൂടെപ്പിറപ്പുകളെ ജീവനായിരുന്നു. അവരെ എപ്പോഴും അനുസ്മരിക്കാൻ വേണ്ടി തന്റെ സഹോദരന്മാരുടെ പേരുകൾ ആൺമക്കൾക്കു നൽകി. മൂത്തമകനുമാത്രം തന്റെ പിതാവിന്റെ പേരു കൊടുത്തു. മൂത്തസഹോദരൻ വർഗീസ് പീലിപ്പോസിന്റെ പേരാണു വറീച്ചന് അദ്ദേഹം നൽകിയത്. സഹോദരസ്നേഹത്തിന്റെ ഉദാത്ത മാതൃക! അക്കാലത്തു നാട്ടിൽ നേഴ്സറി ഒന്നുമുണ്ടായിരുന്നില്ല. ആശാൻ കളരിയായിരുന്നു വിദ്യാരംഭത്തിന്റെ വേദി. മകൻ അതീവബുദ്ധിമാനാണെന്നു മനസ്സിലാക്കിയ കൊച്ചായൻ നന്നേ ചെറുപ്പത്തിലേ കളരിയിൽ മകനെ അയച്ചു. പൂത്തേട്ടായ കൊച്ചു വടക്കേതിൽ പാറുഅമ്മയായിരുന്നു വറീച്ചന്റെ പ്രഥമ ഗുരുനാഥ.

പഠനത്തിൽ ഉന്നതവിജയം നേടുമ്പോഴെല്ലാം കളരിയിൽ പഠിച്ചിരുന്നപ്പോൾ തന്റെ അപ്പൻ സമ്മാനിച്ച അടിയെക്കുറിച്ച് ഓർക്കുമായിരുന്നെന്ന് വറീച്ചൻ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. മടിമൂലം കളരിയിൽ പോകാതിരുന്നതിനാണ് ശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വന്നത്. കൊച്ചുകുട്ടിയായിരുന്നപ്പോൾ തന്റെ പിതാവിൽനിന്നു കിട്ടിയ തല്ല് തന്നെ മികച്ച പഠനത്തിലേക്കും തദ്വാരാ ഉന്നതിയിലേക്കും നയിച്ചെന്നത് അദ്ദേഹത്തിന്റെ ആത്മാർത്ഥമായ വെളിപ്പെടുത്തലാണ്.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

"പുത്രനെ സ്നേഹിക്കുന്നവൻ
അവനെ പലപ്പോഴും അടിക്കുന്നു;
വളർന്നു വരുമ്പോൾ
അവൻ പിതാവിനെ സന്തോഷിപ്പിക്കും.
മകനെ ശിക്ഷണത്തിൽ വളർത്തുന്നവന്
അവൻ മൂലം നന്മയുണ്ടാകും;
സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച്
അഭിമാനിക്കുകയും ചെയ്യും" (സുഭാ. 30:1-2).

## പ്രാഥമിക വിദ്യാഭ്യാസം

സെന്റ് തോമസ് പ്രൈമറി സ്കൂളിലായിരുന്നു വറീച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം. തന്റെ ബാല്യകാല സുഹൃത്തും അയൽക്കാരനും സഹപാഠിയുമാണ് മാത്തച്ചൻ എന്ന എം.ജെ മാത്യു മുട്ടഞ്ചേരി. റോഡ് സൗകര്യം തീരെയില്ലാതിരുന്ന അക്കാലത്ത് കല്ലും കുഴികളും നിറഞ്ഞ ഇടവഴികളിലൂടെ ക്ലേശിച്ചു നടന്നാണ് ഇരുവരും സ്ക്കൂളിലേക്ക് പോയിരുന്നത്. മാത്തച്ചന്റെ സ്മരണകളിൽ ഇന്നും വളരെ സജീവമാണ് ആ നാളുകൾ. പഠനത്തിൽ എപ്പോഴും ഒന്നാമനായിരുന്നു വറീച്ചൻ. താനുൾപ്പെടെയുള്ള സഹപാഠികൾ സംശയനിവാരണം വരുത്തിയിരുന്നത് വറീച്ചനോടായിരുന്നുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. വിനയവും ലാളിത്യവും പാണ്ഡിത്യവും കൈമുതലായുണ്ടായിരുന്ന വറീച്ചനെ സുഹൃത്തുക്കൾക്കെല്ലാം ഏറെ ഇഷ്ടമായിരുന്നുവെന്നും മാത്തച്ചൻ പറയുന്നു. ഇപ്പോഴും, തറവാട്ടിലെത്തുമ്പോഴൊക്കെ, സതീർത്ഥ്യനുമായി സൗഹൃദം പങ്കുവയ്ക്കാൻ സമയം കണ്ടെത്തുന്ന തന്റെ ബാല്യകാല സുഹൃത്തിന്റെ സന്മനസ്സും ഹൃദയവിശാലതയും എത്ര പ്രശംസിച്ചാലും അധികമാവുകയില്ലെന്നും ഇക്കാര്യത്തിൽ താൻ അതീവ സന്തുഷ്ടനും കൃതജ്ഞതാനിർഭരനുമാണെന്നും മാത്തച്ചൻ നൂറുനാവോടെ പറയുന്നു.

## യു.പി. സ്കൂളിൽ

തുരുത്തി സെന്റ്മേരീസ് യു.പി. സ്കൂളിലെ അദ്ദേഹത്തിന്റെ അധ്യാപികയായിരുന്നു റെവ. സി. തെയോണിലാ എസ്.എ.ബി.എസ്; ഇപ്പോൾ എൺപതുകഴിഞ്ഞു. എങ്കിലും ചുറുചുറുക്കോടെ നന്മ ചെയ്തു ചുറ്റി സഞ്ചരിക്കുന്നു. ഈ വന്ദ്യവയോധികയുടെ ഏറ്റം പ്രിയപ്പെട്ട ശിഷ്യനാണ് ജോർജ്ജ് പീലിപ്പോസ്. ശ്രേഷ്ഠശിഷ്യനെ ഗുരുനാഥ അനുസ്മരിക്കുന്നത് ഇങ്ങനെ. "വളരെ ചെറുപ്പം മുതൽ തന്നെ മാതൃകാപരമായ ജീവിതം നയിച്ച ഉത്തമ വിദ്യാർത്ഥിയായിരുന്നു ജോർജ്ജ് പീലിപ്പോസ്. ശാന്തപ്രകൃതൻ, പഠനത്തിൽ അതിസമർത്ഥൻ, സന്തോഷപ്രകൃതം, തിരുത്തലുകൾ



അധികം ആവശ്യമില്ലാത്തവിധം അനുസരണയും ചിട്ടയുമുള്ള ജീവിതശൈലി, സ്നേഹവും ബഹുമാനവും നിറഞ്ഞുനിൽക്കുന്ന പെരുമാറ്റരീതി - ഇവയെല്ലാം ജോർജ്ജുപീലിപ്പോസിനെ മറ്റു കുട്ടികളിൽ നിന്നും വ്യത്യസ്ഥനാക്കിയിരുന്നു. അഭിവന്ദ്യ കാവുകാട്ടു പിതാവിന്റെ നാമഹേതുകത്തിരുനാളിൽ അദ്ദേഹം പറഞ്ഞ ഇംഗ്ലീഷ് പ്രസംഗം ഞാൻ ഇന്നെന്ന പോലെ ഓർക്കുന്നു. (തെയോണിലാമ്മ തന്നെയാണു പ്രസ്തുതപ്രസംഗം എഴുതിക്കൊടുത്തതെന്ന് ശിഷ്യൻ അടുത്തദിവസം നേരിട്ടു സാക്ഷ്യപ്പെടുത്തിയതിനു സാക്ഷിയാണു ലേഖകൻ.) മെത്രാനായതിനുശേഷവും, കാണുമ്പോൾ, എഴുന്നേറ്റു നിന്നു, സ്തുതി ചൊല്ലി, കുശലം പറയുന്ന വിനീതഹൃദയന് ജഗദ്ഗുരു നൽകിയ മഹാമഹനീയമായ സമ്മാനമാണ് ഇപ്പോഴത്തെ അത്യുന്നതകർദിനാൾ പദവി.”

## ഗുരുഭക്തി

ജോർജ്ജ് പീലിപ്പോസിനു തന്റെ ഗുരുവരരോടുള്ള ഉദാത്തമായ ഭക്ത്യാദരവുകളും സ്നേഹവും പ്രത്യേകം എടുത്തുപറയേണ്ട വസ്തുതകളാണ്. ഈ നിമിഷം വരെ അദ്ദേഹം ഇക്കാര്യത്തിൽ അങ്ങേയറ്റം ശ്രദ്ധാലുവുമാണ്.

ഏതൊരു ഗുരുനാഥനെയോ, ഗുരുനാഥയെയോ, എവിടെവച്ച്, എപ്പോൾ കണ്ടാലും അത്യാദരവോടെ വന്ദിച്ചുവണങ്ങും. സേവനത്തിന്റെ അത്യുന്നതകസേരയിൽ ഇരിക്കുകയാണെങ്കിലും, ഏതു തെരക്കിലും തിടുക്കത്തിലുമാണെങ്കിലും, ആദരവോടെ എഴുന്നേറ്റു നിന്ന് അവരെ വണങ്ങി സ്വീകരിച്ച് ആസനസ്ഥരാക്കിയിട്ടേ, സ്വന്തം ഇരുപ്പിടത്തിൽ അദ്ദേഹം ഉപവിഷ്ടനാവുകയുള്ളൂ.

മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട സിനഡിനു തൊട്ടുമുമ്പുള്ള ഒരു ദിവസമായിരുന്നു പ്രിയപ്പെട്ട ഗുരുനാഥൻ പ്രൊഫ. തോമസ് കണയംപ്ലാവന്റെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി. സിനഡ് സെക്രട്ടറി എന്ന നിലയിൽ കൊടും തെരക്കുണ്ടായിരുന്നിട്ടും തക്കലയിൽ നിന്നു തൃക്കൊടിത്താനത്ത് എത്തി ഗുരുനാഥനു വേണ്ടിയുള്ള സ്തോത്രബലിയിൽ പ്രധാന കാർമ്മികത്വം വഹിക്കുകയും ആശംസാപ്രസംഗം പറയുകയും സ്നേഹവിരുന്നിൽ പങ്കുചേരുകയും ചെയ്തത് ഗുരുഭക്തിയുടെ ഏറ്റം വലിയ പ്രകാശനമായി വേണം കാണാൻ.

‘ഗുരുവരനു മുന്നിൽ കൂപ്പുകൈകളുമായി ഇടയശ്രേഷ്ഠൻ’ എന്ന ശീർഷകത്തിൽ ദീപികയിൽ ഒരു ലേഖനമുണ്ടായിരുന്നു. തലേദിവസം മേലമ്പാറ ദീപ്തി ഭവൻ (പാലാ) ഒരു അപൂർവ്വ ഗുരു-ശിഷ്യ സംഗമത്തിനു വേദിയായി എന്നു പറഞ്ഞാണ് പ്രസ്തുത ലഘുലേഖനം തുടങ്ങുക. ലേഖകൻ തുടരുന്നു: “സീറോമലബാർസഭയുടെ



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി മേജർ സെമിനാരിയിലെ തന്റെ പ്രിയപ്പെട്ട പ്രൊഫസ്സർ ഫാ. സെബാസ്റ്റ്യൻ തുരുത്തേലിനു മുമ്പിൽ കൂപ്പുകൈകളുമായി നിന്നപ്പോൾ റോസാപുഷ്പങ്ങൾ സമ്മാനിച്ചു ഗുരു പറഞ്ഞു: 'ഇതു മഹാഭാഗ്യം!' "

ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലാണ് ബ. തുരുത്തേലച്ചൻ അത്യുന്നത കർദിനാളിനെ മൂന്നുവർഷം ഇംഗ്ലീഷ് ഭാഷയും സാഹിത്യവും പഠിപ്പിച്ചത്. അരുമശിഷ്യനെ അരികിൽ കണ്ടതോടെ ശിഷ്യന്റെ ഫിലോസഫി പഠനകാലത്തെ മധുരസ്മരണകൾ ഒന്നൊന്നായി മഹദ്ഗുരു പുറത്തെടുത്തു. "ബി.എ. കഴിഞ്ഞു കാർമ്മൽ ഗിരിയിലെത്തിയ ബ്ര. ജോർജ്ജ് അന്നേ ഏവരുടെയും സവിശേഷശ്രദ്ധ നേടിയിരുന്നു." സ്വതസിദ്ധമായ പുഞ്ചിരിയോടെ, സ്വകീയമായ ശൈലിയിൽ തുരുത്തേലച്ചൻ തുടർന്നു: "മെലിഞ്ഞ ഒരു പയ്യനായിരുന്നു. വലിയ ആരോഗ്യമൊന്നുമില്ലായിരുന്നു. എന്നാൽ, ക്ലാസ്സിൽ നല്ല ചുറുചുറുക്കായിരുന്നു. ഇംഗ്ലീഷിൽ നല്ല പ്രാവീണ്യമുണ്ടായിരുന്നു. പിതാവ് മേജർആർച്ച്ബിഷപ്പായപ്പോൾ ഞാൻ പഴയമാർക്കുലിസ്റ്റെടുത്തു പരിശോധിച്ചു. സാധാരണ എല്ലാവർക്കും 100-ൽ 60 മാർക്കൊക്കെയാണു ഞാൻ നൽകാറുള്ളത്. പിതാവിന് അന്നു ലഭിച്ചത് 100-ൽ 81 മാർക്കായിരുന്നു. നല്ലതുപോലെ ഇംഗ്ലീഷ് സംസാരിച്ചിരുന്ന അച്ചൻകുഞ്ഞിനെ അന്നുതന്നെ ഞാൻ ശ്രദ്ധിച്ചിരുന്നു. മറ്റുള്ളവർ എഴുതുന്ന കോമ്പസിഷൻ പരിശോധിക്കാൻ പിതാവിനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷിൽ നല്ല നല്ല ലേഖനങ്ങൾ എഴുതുന്ന പതിവും പിതാവിന് ഉണ്ടായിരുന്നു."

ശിഷ്യന്റെ പ്രതികരണം ഏറ്റം ശ്രദ്ധേയം. "ആത്മീയവഴിയിൽ ദൈവത്തിന്റെ കൃപയാണു നമ്മുടെ ജീവിതമെങ്കിലും ലോകഭാഷയിൽ സംസാരിച്ചാൽ, അധ്യാപകരും മാതാപിതാക്കളുമാണ് നമ്മുടെ വളർച്ചയുടെ പിന്നിൽ. ഗുരുവര്യനായ തുരുത്തേലച്ചന്റെ (എന്റെ മേലുള്ള ) സ്വാധീനം വളരെ വലുതാണ്. ഡി.എസ്. തുരുത്തേൽ എന്നാണ് അച്ചൻ അന്ന് ഒപ്പിട്ടിരുന്നത്." ഗുരുക്കന്മാരെക്കുറിച്ചുള്ള ഓർമ്മകൾ ഒളിമങ്ങാതെ ഹൃദയത്തിൽ സൂക്ഷിക്കുന്ന മാതൃകാശിഷ്യൻ!

## ഹൈസ്കൂളിൽ

തുരുത്തി സെന്റ് മേരീസ് സ്കൂളിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസം പ്രശസ്തമായ വിധം, ഏവർക്കും സന്തോഷവും സംതൃപ്തിയും നൽകി, പൂർത്തിയാക്കിയ ജോർജ്ജ് പീലിപ്പോസ്, പുരാതനപ്രസിദ്ധമായ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിലാണ് വിദ്യാഭ്യാസം തുടർന്നത്. രാവിലെയും വൈകിട്ടും ആറു



കിലോമീറ്റർ നടന്നാണ് വറീച്ചൻ അവിടെ പഠിച്ചിരുന്നത്. വറീച്ചൻ മാത്രമല്ല, തന്റെ സഹോദരന്മാരെല്ലാവരും ഹൈസ്ക്കൂൾ പഠനത്തിന് അത്രയും ദൂരം നടക്കേണ്ടിവന്നിട്ടുണ്ട്. മക്കളെയെല്ലാവരെയും ബസിൽ വിട്ടു പഠിപ്പിക്കാനുള്ള സാമ്പത്തികശേഷി കൊച്ചായന് അന്ന് ഇല്ലായിരുന്നുവെന്നതാണു കാരണം. തന്റെ മൂത്ത രണ്ടു മക്കളെ തുടർന്നു പഠിപ്പിക്കാൻ കഴിയാതിരുന്നതിൽ അദ്ദേഹം എന്നും ദുഃഖിതനായിരുന്നു. വലിയ കുടുംബം പുലർത്തുവാൻ അവരുടെ സഹായം അത്യന്താപേക്ഷിതമായിരുന്നു.

ഏറെ ക്ലേശങ്ങൾ സഹിച്ചു പഠിക്കുന്ന ഈ കാലയളവിലെല്ലാം സാധിക്കുന്ന സഹായങ്ങൾ സസന്തോഷം വീട്ടിലും വറീച്ചൻ ചെയ്യുമായിരുന്നു. കുടുബത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തിരുന്ന ഏറ്റം മുതിർന്ന സഹോദരൻ അപ്പച്ചായന് കൊപ്രാക്കളത്തിൽ ഭക്ഷണം എത്തിച്ചു കൊടുക്കുന്നതു കുഞ്ഞനുജനു വലിയ ഇഷ്ടമായിരുന്നു. മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരായി കരുതാൻ ബാലനായിരുന്നപ്പോൾ തന്നെ വറീച്ചൻ ശ്രദ്ധിച്ചിരുന്നു.

പ്രസംഗകലയൊഴികെ, പാഠ്യേതര വിഷയങ്ങളിലൊന്നും അക്കാലത്ത് വറീച്ചൻ കാര്യമായി ശ്രദ്ധിച്ചിരുന്നില്ല. എവിടെ സമയം കണ്ടെത്താൻ? എന്നാൽ എല്ലാ വിഷയങ്ങളിലും മൂന്നു ഭാഷകളിലും അതിസമർത്ഥനായിരുന്നു. പക്ഷേ, സയൻസിലായിരുന്നു കൂടുതൽ താത്പര്യം. ഈ താത്പര്യത്തിനു പിന്നിൽ പ്രചോദനമായിരുന്നത് യശ്ശശരീരരായ കെ. ജെ. മാത്യുസാർ (ഹെഡ്മാസ്റ്റർ), പി. ഡി. ആന്റണിസാർ തുടങ്ങിയവരാണ്. ഇന്നും സാമാന്യം ആരോഗ്യവാനായി ജീവിച്ചിരിക്കുന്ന പി. സി. മാത്യുസാറും ലിസ്റ്റിലെ പ്രധാനപ്പെട്ട വ്യക്തിയാണ്.

സഹപാഠികളുടെ ഏതു സംശയങ്ങളും അനായാസം തീർത്തു കൊടുക്കുന്നതിനുള്ള വൈഭവവും ചാതുര്യവും മഹാമനസ്കതയും സംലഭ്യതയും ചെറുപ്പംമുതലേ വറീച്ചനുണ്ടായിരുന്നു. അവരുടെ സംശയങ്ങൾ തീർത്തുകൊടുക്കുന്നതിനു പുറമേ, ബുദ്ധിമുട്ടുകൾ പരിഹരിച്ചു കൊടുക്കുകയും ചെയ്തിരുന്നു. ഏവർക്കും അഭിമാനവും അനുഗ്രഹവുമായിരുന്നു ഈ സതീർത്ഥ്യൻ. ജോർജ്ജു പീലിപ്പോസ് സഹപാഠികളെയും സുഹൃത്തുക്കളെയും സഹായിച്ചിരുന്നതും അന്നന്നത്തെ പാഠങ്ങൾ അന്നന്നു തന്നെ പഠിക്കുന്നതും പ്രാർത്ഥിക്കുന്നതും സർവ്വോപരി ബലിയർപ്പിക്കുന്നതും എല്ലാം അർപ്പണമനോഭാവത്തോടെയും ദൈവമഹത്ത്വത്തിനു വേണ്ടിയും ആയിരുന്നു. അതുകൊണ്ടു തന്നെ ചെയ്യുന്നതെല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യാൻ അദ്ദേഹത്തിന് അനായാസം സാധിച്ചു.

Whatever is worth doing is worth doing well എന്ന തത്ത്വം വറീച്ചന്റെ വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നത് ഹൈസ്കൂൾ കാല





ഘട്ടത്തിലാണെന്നാണു തോന്നിയിട്ടുള്ളത്. ഇതിന്റെ പ്രായോഗികതലങ്ങളാണ് പ്രാർത്ഥിക്കുമ്പോൾ നന്നായി പ്രാർത്ഥിക്കുക, പഠിക്കുമ്പോൾ നന്നായി പഠിക്കുക, കളിക്കുമ്പോൾ നന്നായി കളിക്കുക, ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുക, ദൈവാലയ ശുശ്രൂഷ ചെയ്യുമ്പോൾ അത് ഏകാഗ്രതയോടും ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും ചെയ്യുക, വീട്ടിലും വിദ്യാലയത്തിലും ദൈവാലയത്തിലും കലാലയത്തിലും, എല്ലാം ഏവർക്കും മാതൃകയാവുക, അറിവില്ലാത്തവരെ പഠിപ്പിക്കുക, പാർശ്വവത്കരിക്കപ്പെട്ടവരോടു പക്ഷം ചേരുക, ഇവയൊക്കെ. എല്ലാം നന്നായി ചെയ്യുന്ന വറീച്ചനെ കണ്ടുപഠിക്കാൻ, മാതൃകയായി സ്വീകരിക്കാൻ, നാട്ടിലെ നിരവധി മാതാപിതാക്കൾ തങ്ങളുടെ മക്കളോടു നിർദ്ദേശിക്കുമായിരുന്നത്രെ.

നിലത്തെഴുത്തുമുതൽത്തന്നെ തന്റെ ബുദ്ധിയും ഇതര സിദ്ധികളും ഉപയോഗിച്ച് വറീച്ചൻ സമർത്ഥനായി പഠിച്ചിരുന്നു. കടമകളുടെ കൃത്യമായ, ഭംഗിയായ, ആത്മാർത്ഥമായ നിർവ്വഹണം വിശുദ്ധിയാണെന്നു പ്രായോഗികതലത്തിൽ, സ്വന്തം അനുഭവജ്ഞാനത്തിൽ നിന്നു തന്നെ അദ്ദേഹം മനസ്സിലാക്കിയതാണ്. ഇതു കുടുംബാംഗങ്ങളുടെയെല്ലാം സവിശേഷതയാണ് ജോസച്ചനുൾപ്പെടെ മുതിർന്ന സഹോദരരെല്ലാം ഇവിടെ വറീച്ചനു വലിയ പ്രചോദനമായിരുന്നു.

മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നുമാണു വറീച്ചൻ സന്മാർഗ്ഗത്തിന്റെ പാഠങ്ങൾ ഹൃദിസ്ഥമാക്കിയത്. മാതാപിതാക്കൾ തന്നെയായിരുന്നു പ്രഥമഗുരുനാഥർ. നന്മയിൽ മുന്നേറാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചിരുന്നു. ആരെയും വേദനിപ്പിക്കാതെ, സാധിക്കുന്ന നന്മ എല്ലാവർക്കും ചെയ്ത്, വിനയപൂർവ്വം ജീവിക്കുന്നതിൽ വറീച്ചൻ വിജയിച്ചിട്ടുണ്ട്. കുഞ്ഞച്ചായൻ, തെറമ്മച്ചേച്ചി, ജോസച്ചായൻ ഇവരുടെ പഠനത്തിലുള്ള അത്യുത്സാഹവും ശുഷ്കാന്തിയും മാതൃകയും വറീച്ചന് ഏറെ പ്രചോദനമായി ഭവിച്ചിട്ടുണ്ട്. അവരെ കണ്ടു പഠിച്ചെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. സമയത്തിന്റെ വിലയും ലക്ഷ്യവും നന്നായി മനസ്സിലാക്കിയിരുന്ന വറീച്ചൻ ഒരു നിമിഷംപോലും നഷ്ടപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

3

# വിളിയുടെ വഴിയിൽ

ആദ്ധ്യാത്മിക പാരമ്പര്യമുള്ള കുടുംബപശ്ചാത്തലം, മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതം, മാതൃകകൾ, അനേക നല്ല വൈദികരുമായുള്ള സമ്പർക്കം, അവരുടെയൊക്കെ ഉപദേശങ്ങൾ, പ്രത്യേകിച്ചു പ്രേഷിതവര്യനായ ബ. ജോൺ തലോടിലച്ചന്റെ പ്രോത്സാഹനം, തുരുത്തി ആരാധനാമഠത്തിലെ സന്ന്യാസിനികളുടെ കരുതലും പരിലാളനയും പ്രോത്സാഹനവും, നൈസർഗ്ഗികമായ ആത്മീയചൈതന്യം എല്ലാം കൂടി ഏകോപിച്ച് വറീച്ചനിൽ ദൈവവിളിയുടെ വിത്തുപാകി. ഇടവകദൈവാലയവും സെന്റ് ബർക്കുമാൻസ് ഹൈസ്ക്കൂൾ ചാപ്പലും അദ്ദേഹത്തിന്റെ ദൈവവിളിയുടെ ഈറ്റില്ലങ്ങളായിരുന്നു. തെറമ്മച്ചേച്ചിയും ജോസച്ചായനും ദൈവവിളി സ്വീകരിച്ചത് വിളിയിൽ വറീച്ചന് വലിയ സ്വാധീനമായിരുന്നു. 'മൂത്തതു നല്ലതെങ്കിൽ മൂന്നും നല്ലതായിരിക്കും' എന്ന ചൊല്ല് ഇവിടെ ചേർത്തുവായിക്കുന്നതിൽ തെറ്റില്ല. എസ്.എസ്.എൽ.സി. പാസ്സായ ഉടനെയാണ് ഒരു വൈദികനാകാനുള്ള തന്റെ ആഗ്രഹം വറീച്ചൻ വെളിപ്പെടുത്തിയതെന്നു സൂചിപ്പിച്ചല്ലോ. ഒരു മകൻ വൈദികനായാൽ മതി എന്നായിരുന്നു കൊച്ചായന്റെ തോന്നൽ. അക്കാര്യം അദ്ദേഹം വറീച്ചനോടു പറയുകയും ചെയ്തു.

ജോസച്ചായൻ രൂപതയ്ക്കുവേണ്ടി പഠിക്കുന്നതുകൊണ്ടാണ് സി.എം.ഐ സന്ന്യാസ സമൂഹത്തിൽ ചേർന്ന് ഒരു വൈദികനാകാൻ വറീച്ചൻ താത്പര്യം കാണിച്ചത്. തന്റെ മകന്റെ തീരുമാനം പരിപക്വമായ വിചിന്തനത്തിനുശേഷമുള്ളതാണെന്നും അതിൽ നിന്ന് മകനെ പിന്തിരിപ്പിക്കാൻ ആർക്കും സാധിക്കുകയില്ലെന്നും കൊച്ചായൻ മനസ്സിലാക്കി. ആ പിതാവ് ദൈവഹിതത്തിനു പരിപൂർണ്ണമായും വിധേയനായി. അദ്ദേഹം മകന്റെ ബോധ്യം പിൻപറ്റാൻ അനുവാദം നൽകി.

## ചങ്ങനാശ്ശേരി അതിമെത്രാസന മന്ദിരത്തിൽ

അപ്പനിൽനിന്നും അനുജന്റെ താത്പര്യം മനസ്സിലാക്കിയ





ജ്യേഷ്ഠൻ (ബ്ര. ജോസ് ആലഞ്ചേരി) അന്നത്തെ പെറ്റി സെമിനാരി റെക്ടർ ബ. ഗ്രിഗരി സി. തൈച്ചേരിലച്ചനോട് ഈ വിവരം പറഞ്ഞു. അനുജനുമായി കാവുകാട്ടുപിതാവിനെ കാണാനുള്ള നിർദ്ദേശമാണ് അച്ചനിൽ നിന്നും ജോസച്ചായനു കിട്ടിയത്. തദനുസാരം അദ്ദേഹം അനുജനുമായി അതിമെത്രാസന മന്ദിരത്തിൽചെന്നു കാവുകാട്ടുപിതാവിനെ കണ്ടു. വന്ദ്യപിതാവ്, സുചിന്തിതവും പ്രാർത്ഥനാധിഷ്ഠിതവുമായ ഒരു നിർദ്ദേശമാണു വറീച്ചനു നൽകിയത്. “വറീച്ചനെപ്പോലെയുള്ളവരെ രൂപതയ്ക്ക് ആവശ്യമുണ്ട്. രൂപതാ മൈനർ സെമിനാരിയിൽ ചേർന്നുപഠിച്ചാൽമതി. ഒരു വർഷത്തേയ്ക്കു കൂടി വീട്ടിൽ നിന്നുപോയി വന്ന് കോളജിൽ പ്രീയൂണിവേഴ്സിറ്റിക്കു പഠിക്കുന്നതു നല്ലതായിരിക്കും. അടുത്ത വർഷം പെറ്റി സെമിനാരിയിലേക്കു പ്രവേശിക്കുകയും ചെയ്യാം.”

സമയത്തിന്റെ പൂർണ്ണതയിൽ നിറവേറേണ്ടിയിരുന്ന അത്ഭുതാവഹമായ ദൈവനിശ്ചയത്തിന്റെ, ദൈവനിയോഗത്തിന്റെ, ദൈവപരിപാലനയുടെ പ്രാരംഭം കുറിച്ചു ആ ദൈവമനുഷ്യന്റെ പ്രസ്തുത പ്രവാചക വചനങ്ങൾ! ആ നിമിഷം മുതൽ പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളും വറീച്ചൻ എടുത്തിരുന്നതും കാര്യങ്ങൾ ചെയ്തിരുന്നതും കാവുകാട്ടു പിതാവിന്റെ അഭീഷ്ടവും നിർദ്ദേശവും അനുസരിച്ചാണ്. തന്നെ ഏറ്റമധികം സ്വാധീനിച്ച വ്യക്തി കാവുകാട്ടുപിതാവു തന്നെയെന്ന് വറീച്ചൻ പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്.

കാവുകാട്ടുപിതാവിന്റെ പിതൃസഹജമായ സ്നേഹവാത്സല്യങ്ങൾ, കരുതൽ, എല്ലാവരോടുമുള്ള വ്യക്തിനിഷ്ഠമായ താത്പര്യങ്ങൾ, വിശുദ്ധി, പ്രസംഗചാതുര്യം, പാവങ്ങളോടും പാർശ്വവത്കരിക്കപ്പെടുന്നവരോടുമുള്ള പ്രത്യേകപരിഗണന, ഹൃദയത്തെ തൊട്ടുള്ള ഇടപെടലുകൾ, അത്ഭുതാവഹമായ ആത്മാർത്ഥത, ആർദ്രത, മാന്യത- ഇവയൊക്കെയാണ് വറീച്ചനെ പിതാവിലേക്കു ഹഠാദാകർഷിച്ചത്. പിതാവിൽ വിളങ്ങിയിരുന്ന ഈ നന്മകൾ ചെറുപ്പം മുതലേ, വിശിഷ്യാ സെമിനാരി ജീവിതകാലത്ത്, അദ്ദേഹം ആർജ്ജിച്ചെടുത്തെന്നതു വാസ്തവമാണ്.

1961–62 അധ്യയനവർഷം. വീട്ടിൽ നിന്നു തന്നെ സെന്റ് ബർക്കുമാൻസ് കോളജിൽ വന്നുപോയി ജോർജ്ജു പീലിപ്പോസ് പ്രീയൂണിവേഴ്സിറ്റിക്കു പഠിച്ചു. യാത്ര ‘നടവണ്ടി’യിൽത്തന്നെ! ഹൈസ്കൂളിനെ അപേക്ഷിച്ച് കുറച്ചുദൂരം കുറഞ്ഞുകിട്ടിയെന്നത് ആശ്വാസകരം! മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യസാമീപ്യങ്ങളും കരുതലുമൊക്കെ ഒരുവർഷം കൂടി വറീച്ചനു കിട്ടിയെന്നു മാത്രമല്ല, ലോകപരിചയം വർദ്ധിക്കുന്നതിനും വീട്ടിൽനിന്നു വന്നുപോയുള്ള പിയുസി പഠനം സഹായകമായി.



അക്കാലത്ത്, വിവിധ ക്ലാസ്സുകളിലായി, ധാരാളം സെമിനാരിക്കാർ കോളജിൽ പഠിച്ചിരുന്നു. അവരുമായി നേരത്തേതന്നെ പരിചയപ്പെടാനും പിറ്റേവർഷം, 1962, സെമിനാരിയിൽ ചേർന്നപ്പോൾ അപരിചിതത്വവും ഗൃഹാതുരത്വവും അനുഭവിക്കാതെ സെമിനാരിയിൽ ആയിരിക്കാനും ബ്ര. ജോർജ്ജ് ആലഞ്ചേരിക്കു സാധിച്ചു. പെറ്റിസെമിനാരിയിൽ ചേരുന്ന വിദ്യാർത്ഥികളെ സെന്റ് ബർക്കുമാൻസ് കോളജിൽ വിട്ടു (ആദ്യം ഇന്റർമീഡിയറ്റ്, പിന്നെ പ്രീയൂണിവേഴ്സിറ്റി) പഠിപ്പിക്കുന്ന അനുഗ്രഹപ്രദമായ പതിവു തുടങ്ങിയത് വിശുദ്ധിയുടെയും വിശാല ഹൃദയത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും പര്യായമായ കാവുകാട്ടുപിതാവാണ്. ഫസ്റ്റ് ക്ലാസ്സോടുകൂടി പ്രശസ്ത വിജയം കൈവരിക്കുന്നവരെ ഡിഗ്രിക്കും പിതാവ് അയച്ചിരുന്നു.

പ്രീയൂണിവേഴ്സിറ്റിക്ക് ഫസ്റ്റ്ക്ളാസ്സോടുകൂടി ഉന്നതവിജയം നേടിയ വിദ്യാർത്ഥിയായിരുന്നു ജോർജ്ജു പീലിപ്പോസ്. ഈ അവസ്ഥയിൽ സെമിനാരിയിൽ എത്തിയ അദ്ദേഹത്തോട് തുടർന്നു ഡിഗ്രിക്കു പഠിക്കാൻ അഭിവന്ദ്യപിതാവ് ആവശ്യപ്പെട്ടതു സ്വാഭാവികം മാത്രം. പ്രീയൂണിവേഴ്സിറ്റി പാസ്സായവർക്കു ഡിഗ്രിക്ക് ഏതുവിഷയവും ഐച്ഛികമായി എടുക്കാമായിരുന്നു. ബ്രദർ ആലഞ്ചേരിക്ക് ഏതുവിഷയത്തിനും പ്രവേശനം ലഭിക്കുമായിരുന്നു.

സയൻസ് വിഷയങ്ങളിലായിരുന്നു കൂടുതൽ താത്പര്യമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ, ഒരു പുരോഹിതന് സയൻസ് വിഷയങ്ങളേക്കാൾ മാനവശാസ്ത്രവിഷയങ്ങളായിരിക്കും കൂടുതൽ പ്രയോജനപ്രദമെന്ന് സ്വയം മനസ്സിലാക്കിയ ബ്രദർ ആലഞ്ചേരി ഈ വിഭാഗത്തിൽ അന്നുണ്ടായിരുന്നതും 1922 ജൂൺ 19-നു സെന്റ് ബർക്കുമാൻസ് കലാലയം ജന്മം കൊണ്ടപ്പോൾ ആദ്യമായി ആരംഭിച്ചതുമായ ധനതത്വശാസ്ത്രമാണ് ഐച്ഛികമായി എടുത്തത്.

# 4

# അച്ചൻകുഞ്ഞും കോളജുകുമാരനും

മൂന്നുവർഷത്തേക്ക് ബ്രദർ ആലഞ്ചേരിക്കു ലഭിച്ച ഒരു അപൂർവ്വബഹുമതിയാണിത്. ഈ രണ്ടു ദൗത്യങ്ങളും ഇത്ര കൃത്യതയിലും പൂർണ്ണതയിലും പൂർത്തിയാക്കിയ മറ്റൊരാളെ അറിവില്ല. ഒരു വൈദികവിദ്യാർത്ഥി എന്ന നിലയിലുള്ള തന്റെ കടമകളുടെ നിർവ്വഹണത്തിൽ അദ്ദേഹം ഒരിക്കലും ഒരു വീഴ്ചയും വരുത്തിയിട്ടില്ല. കോളജു വിദ്യാഭ്യാസത്തോടും നൂറുശതമാനം വിശ്വസ്തത പുലർത്തി. 1965-ൽ കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കണോമിക്സിനു രണ്ടാം റാങ്കും കോളജിലെ ഒന്നാം റാങ്കും അതിനുള്ള സ്വർണ്ണമെഡലും അദ്ദേഹം കരസ്ഥമാക്കി.

സെമിനാരിക്കാരെ കോളജിൽ വിട്ടുപഠിപ്പിക്കുന്നതിൽ കാവുകാട്ടുപിതാവിനു പല ലക്ഷ്യങ്ങളുണ്ടായിരുന്നു. ഒന്ന്, സെമിനാരിക്കാരുടെ അറിവിന്റെ ചക്രവാളം വികസിപ്പിക്കുക. രണ്ട്, നല്ല മാതൃക വഴി മറ്റു വിദ്യാർത്ഥികളെ നല്ല ജീവിതത്തിനു (Good Life) പ്രേരിപ്പിക്കുക. മൂന്ന്, കൂടുതൽ ലോകപരിചയം സമ്പാദിക്കുക. നാല്, നല്ല പൗരന്മാരാകാൻ പരിശീലിക്കുക. അഞ്ച്, സഹിഷ്ണുത പാലിക്കാൻ പ്രചോദനം നൽകുക. ആറ്, പ്രശ്നങ്ങളും സാഹചര്യങ്ങളും വിവേകത്തോടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. ഏഴ്, സജ്ജന സംസർഗ്ഗം സംസിദ്ധമാക്കുക. ബ്രദർ ജോർജ്ജ് ഇവയെല്ലാം പ്രശംസനീയമാംവിധം സമ്പാദിച്ചുവെന്നത് ഏറ്റം സന്തോഷകരമായ സദ്വാർത്തയാണ്.

കലാലയജീവിതത്തിൽ ബ്രദർ ജോർജ്ജ് ആലഞ്ചേരിയുടെ ഒരു സമകാലികന്റെ വാക്കുകൾ കുറിക്കട്ടെ. മാർ ജോർജ്ജ് ആലഞ്ചേരി സീറോമലബാർസഭയുടെ ശ്രേഷ്ഠഇടയനായി തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞുടനെയാണ് ഈ വാക്കുകൾ ആലേഖനം ചെയ്യപ്പെട്ടത്. അദ്ദേഹം എഴുതുന്നു: "സീറോമലബാർസഭയുടെ പുതിയ മേജർ ആർച്ച്ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി തിരുമേനിയെ ഞാൻ അഭിനന്ദിക്കുന്നു. ലാളിത്യ



ത്തിന്റെയും പാണ്ഡിത്യത്തിന്റെയും കർമ്മകുശലതയുടെയും ഉത്തമപര്യായമായ അഭിവന്ദ്യതിരുമേനിക്ക് കേരളസമൂഹത്തിനു മഹത്സംഭാവനകൾ നൽകാൻ കഴിയുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ ഒരേ സമയം പഠിക്കാൻ കഴിഞ്ഞത് വലിയ ഭാഗ്യമായും അഭിമാനത്തോടെയും ഞാൻ അനുസ്മരിക്കുന്നു. എല്ലാ വിജയങ്ങളും നേരുന്നു." ഇപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ വാക്കുകളാണിവ. നിശ്ചയമായും എസ്.ബി. കോളജിലുള്ള പരിചയമാണ് ഉമ്മൻചാണ്ടിക്ക് ഉധൃതവാക്കുകൾ പറയാൻ പ്രചോദനമായത്.

## കലാലയത്തിലെ സഹപാഠികളും സമകാലീനരും

ബ്ര. ആലഞ്ചേരിയുടെ കലാലയ സഹപാഠികളാണ് ബ്ര. ജോർജ്ജു കോച്ചേരി (ആർച്ചുബിഷപ്പ് ജോർജ്ജു കോച്ചേരി, നുൺഷിയോ), എൻ. എം. ജോസഫ് (പ്രൊഫ. എൻ. എം. ജോസഫ്, മുൻ കേരളാമന്ത്രി) തുടങ്ങിയവർ. ഉമ്മൻചാണ്ടി, സിറിയക് ജോസഫ് (ഇപ്പോൾ സുപ്രീം കോടതി ജഡ്ജി), പി. എം സക്കറിയാസ് (ഗോവാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ), ജോസഫ് ഡൊമിനിക് (ചീഫ് കസ്റ്റംസ് കമ്മീഷണർ), പോൾ ജോസഫ് ഐ.എ.എസ്. തുടങ്ങിയവർ സമകാലീനരാണ്.

ഇതേ കാലഘട്ടത്തിൽ ശ്രീ ഉമ്മൻചാണ്ടിക്ക് രണ്ടുകൊല്ലം സീനിയറായും ബ്രദർ ആലഞ്ചേരിക്കും അദ്ദേഹത്തിന്റെ സതീർത്ഥ്യർക്കും ഒരു കൊല്ലം സീനിയറായും പഠിക്കാൻ ലേഖകനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. 1960–1964 കാലഘട്ടമാണിത്. 1964–ൽ കോളജിൽ പഠിച്ചിരുന്ന സെമിനാരിക്കാരുടെ നേതൃസ്ഥാനത്തു ശുശ്രൂഷ ചെയ്യാൻ ദൈവം അനുഗ്രഹിച്ചു. 1965–ൽ സെമിനാരിയിൽ അസിസ്റ്റന്റ് പ്രീഫെക്ടുമായിരുന്നു. ഈ രണ്ടു ശുശ്രൂഷകളുൾപ്പെടെ മൂന്നുവർഷം ബ്രദർ ആലഞ്ചേരിയോടൊപ്പം പെറ്റി സെമിനാരിയിൽ ചെലവഴിച്ചു; ആലുവാ സെമിനാരിയിൽ ആറുവർഷവും. ഒരു നിമിഷമെങ്കിലും, അണുമാത്രം അച്ചടക്കരാഹിത്യം പോലും അദ്ദേഹത്തിന്റെ ഭാഗത്തു നിരീക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. അക്കാലത്ത് ഞങ്ങളുടെ സെമിനാരി അന്തരിക്ഷത്തിൽ പ്രതിധ്വനിച്ചിരുന്ന, ഞങ്ങൾ പ്രായോഗികമാക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിരുന്ന, ഒരു സൂക്തമാണ് 'Keep the rules, the rules will keep you.' ബ്രദർ ജോർജ്ജ് ആലഞ്ചേരി ഈ സൂക്തം പ്രായോഗികമാക്കി വിശുദ്ധിയിൽ വളരാൻ ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല.

സെമിനാരിജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുകയും അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്തിരുന്ന ഏറ്റം അനുക





രണീയനായ ഒരു വൈദിക വിദ്യാർത്ഥിയായിരുന്നു ആലഞ്ചേരി; സുഹൃത്തുക്കൾക്കെല്ലാം 'A good Guide, Philosopher and Friend'. ഏവർക്കും അധ്വാനത്തിന്റെയും പ്രാർത്ഥനാ ജീവിതത്തിന്റെയും മാതൃകയായിരുന്നു അദ്ദേഹം; അതുകൊണ്ടുതന്നെ ഏവർക്കും എപ്പോഴും പ്രചോദനവും പ്രോത്സാഹനവുമായിരുന്നു.

അബ്രാഹം, മോശ, പ്രവാചകന്മാർ, വിശുദ്ധർ– ഇവരുടെ കാലടികൾ പിഞ്ചെന്ന്, സകലാശ്രയവും കർത്താവിലർപ്പിച്ച്, പരിശുദ്ധാത്മാവു നൽകിയ പ്രകാശത്തിൽ, പരിശുദ്ധ അമ്മയുടെ പ്രത്യേക സംരക്ഷണത്തിൽ, സെമിനാരി ജീവിതം അത്രയും അദ്ദേഹം നയിച്ചു. 'Qualis seminarista, talis sacerdos'. 'As the Seminarian, so the priest, സെമിനാരിക്കാരനെങ്ങനെയോ അങ്ങനെയായിരിക്കും പുരോഹിതനും. പൗരോഹിത്യ ജീവിതത്തിൽ അദ്ദേഹത്തിന്റെ സെമിനാരിജീവിതത്തിലെ പ്രവർത്തനശൈലിക്ക് മാറ്റം വരുത്തിയിട്ടില്ല.

നിലത്തെഴുത്തു പഠിച്ചിരുന്ന അവസരത്തിൽ അപ്പനിൽ നിന്നു കിട്ടിയ ശിക്ഷകൾ ആജീവനാന്ത ശിക്ഷണത്തിന്റെ അടിസ്ഥാനമായി. എന്തെങ്കിലും പോരായ്മ ഉണ്ടായിരുന്നെങ്കിൽത്തന്നെ അഞ്ചുവർഷത്തെ പ്രൈമറി വിദ്യാഭ്യാസവും മൂന്നുവർഷത്തെ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും മൂന്നുവർഷത്തെ ഹൈസ്കൂൾ കാലവും ഒരു വർഷത്തെ കലാലയവിദ്യാഭ്യാസവും അതു പരിപൂർണ്ണമായി പരിഹരിച്ചിരുന്നു. പക്വത ഈ അനിതരസാധാരണ വിദ്യാർത്ഥിയുടെ മുഖമുദ്രയായിരുന്നു.

## ആധ്യാത്മികതയിലേക്ക് ഒരു നുറുങ്ങുവെളിച്ചം

പരിശുദ്ധകുർബാനയിൽ കേന്ദ്രീകൃതമായ ജീവിതമാണ് ബ്രദർ ആലഞ്ചേരി എന്നും നയിച്ചിരുന്നത്. സ്നേഹഈശോയുടെ സ്നേഹം മുഴുവൻ ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നുവെന്ന ഉറപ്പും ബോധ്യവും അദ്ദേഹത്തിന്റെ ആധ്യാത്മികതയുടെ കാതലായിരുന്നു. ഇപ്പോഴും അങ്ങനെയാണ്. ഭക്തിനിർഭരമായ ബലിയർപ്പണം, ദിവ്യകാരുണ്യസന്ദർശനം, തിരുസന്നിധിയിൽ നടത്തിയിരുന്ന ആരാധനകൾ, കൂദാശകളെക്കുറിച്ചു പൊതുവായും പരിശുദ്ധകുർബാനയെക്കുറിച്ചു പ്രത്യേകമായും നടത്തിയിരുന്ന വായനകളും പഠനങ്ങളും, പരിശുദ്ധകുർബാനയിൽ കേന്ദ്രീകൃതമായ ആധ്യാത്മികതയുടെ ആവിഷ്കാരങ്ങളായി വേണം കരുതാൻ.

നന്നായി ഒരുങ്ങി, തയ്യാറായി ആഴമേറിയ മാനസാന്തരത്തിലേക്കു നയിക്കാൻ പോന്ന, ഉത്തമമനസ്ഥാപത്തോടുകൂടിയ, അടുക്കലടുക്കലുള്ള, വിശുദ്ധ കുമ്പസാരങ്ങൾ അദ്ദേഹത്തിന്റെ ആധ്യാത്മികതയെ ഊട്ടിഉറപ്പിച്ചിരിക്കുന്നു. ആധ്യാത്മിക കാര്യങ്ങളിൽത്തന്നെ



യല്ല, മറ്റുമേഖലകളിലുമുള്ള കൃത്യനിഷ്ഠ തീക്ഷ്ണമതിയായ ഈ സെമിനാരിക്കാരന്റെ ആധ്യാത്മികതയുടെ ഭാഗമായി.

ദൈവതിരുഹിതം നിറവേറ്റുക ഓരോ വിശ്വാസിയുടെയും കടമയാണ്. അതുതന്നെയാണ് അനുസരണം. മരണത്തോളം, അതേ കുരിശുമരണത്തോളം, അനുസരണവിധേയനായ ഈശോ ആയിരുന്നു ഈ രംഗത്ത് ബ്രദർ ആലഞ്ചേരിയുടെ അനുപമ മാതൃകയും പ്രചോദനവും. അതുകൊണ്ടുതന്നെ ബലിയേക്കാൾ ശ്രേഷ്ഠമായ അനുസരണം അനുനിമിഷം അഭ്യസിച്ച് ഈശോയ്ക്ക് അനുരൂപനാകുന്നതിൽ അങ്ങേയറ്റം ശ്രദ്ധവച്ചിരുന്നു ഈ വൈദികവിദ്യാർത്ഥി. അദ്ദേഹത്തിന് അനുസരണം തപസ്യയായിരുന്നു. തന്നിമിത്തം അധികൃതർക്ക് ഒരു തിരുത്തുപോലും അദ്ദേഹത്തിനു നൽകേണ്ടിവന്നതായി അറിവില്ല.

Trifles make perfection, but perfection is not a trifle. സെമിനാരിയിലെ ജീവിതത്തിൽ അദ്ദേഹം അതീവശ്രദ്ധ വച്ചിരുന്ന ഒരു കാര്യം, ചെറിയകാര്യങ്ങളിൽ വിശ്വസ്തനായിരിക്കുക, എന്നതാണ്. അതുകൊണ്ടുതന്നെ, ദൈവം അദ്ദേഹത്തെ വലിയകാര്യങ്ങളിൽ നിയമിച്ചാക്കിക്കൊണ്ടിരുന്നു. സെമിനാരി സാരഥികൾക്കെല്ലാം ഇക്കാര്യങ്ങളിൽ പരിപൂർണ്ണബോധ്യം ലഭിക്കത്തക്കവിധം അത്ര പരിപൂർണ്ണമായിരുന്നു ആ സെമിനാരി ജീവിതം.

താൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. 'ഇത്ര ചെറുതാകാൻ, എത്ര വളരേണം' എന്നു ചിന്തിച്ചു പോകുന്നു. സ്വയം ശൂന്യനായി ദാസവേഷം ധരിച്ച ക്രിസ്തുവിനെയാണ് അദ്ദേഹം അനുകരിച്ചിരുന്നത്, അനുകരിക്കുന്നത്. 'നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ; ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകുന്നു.' ഡൽഹി മുഖ്യമന്ത്രി ഷീലാദീക്ഷിത് വിസ്മയഭരിതയായി പറയുന്നു: " lam surprised to see such an unassuming Major Archbishop!" (ഡൽഹിയിൽ നടന്ന അനുമോദന സമ്മേളനത്തിൽവച്ച്).

പ്രാർത്ഥനയിൽ, പിതാവിനോട് ആലോചന ചോദിച്ച്, പിതാവ് അംഗീകാരമുദ്ര നൽകിയിരുന്ന സംഗതികൾ മാത്രമാണ് മിശിഹാ ചെയ്തിരുന്നത്. ഈശോയുടെ പ്രാർത്ഥനാജീവിതം എന്നുപറയുന്നത് ഇതുതന്നെയാണല്ലോ. ഇക്കാര്യത്തിൽ ഈ സെമിനാരിക്കാരൻ ക്രിസ്തുനാഥനെ അനുകരിച്ചു ജീവിച്ചു. അങ്ങനെയാണ് അദ്ദേഹം സെമിനാരിജീവിതം കരുപ്പിടുപ്പിച്ചത്. ഏറെസമയം പാറേൽ മാതാവിന്റെ നടയിലും മംഗലപ്പുഴ സെമിനാരിയിലെ കർമ്മലമാതാവിന്റെ നടയിലും അദ്ദേഹം ചെലവഴിക്കുമായിരുന്നു.

പ്രാർത്ഥനയിൽ ദൈവഹിതം ആരാഞ്ഞ് തദനുസാരം പ്രവർത്തി





ക്കുകയെന്നത് ആലഞ്ചേരിയുടെ നൈസർഗ്ഗികവാസനയായിരുന്നു വെന്നതാണു വാസ്തവം. തന്റെ സാഹചര്യങ്ങളിൽ എങ്ങനെ യൊക്കെ ദൈവതിരുമനസ്സു തിരിച്ചറിയാമായിരുന്നുവോ ആ വിധ ത്തിലൊക്കെ അതു തിരിച്ചറിഞ്ഞ്, ആത്മാർത്ഥതയോടെ അദ്ദേഹം അതു നിറവേറ്റിയിരുന്നു. അതുകൊണ്ട് ഏവർക്കും മാതൃകയാവ ത്തക്കവിധം ദൈവത്തിന്റെ തിരുഹിതം അനുസരിച്ച് ആധ്യാ ത്മികജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ അദ്ദേഹത്തിന് അനാ യാസം സാധിച്ചു. പ്രാർത്ഥനയുടെ പശ്ചാത്തലവും അന്തരിക്ഷവു മാണ് കുടുംബത്തിലുമുണ്ടായിരുന്നതെന്നു നാം നേരത്തെ കണ്ടല്ലോ.

സഹനങ്ങൾ ദൈവത്തിന്റെ സമ്മാനങ്ങളായി കാണുകയും സസ ന്തോഷം അവയെ ദൈവകരങ്ങളിൽ നിന്ന് ഏറ്റുവാങ്ങുകയും ദിവ്യ നാഥന്റെ സഹനത്തിലുള്ള കുറവു (ജീവിക്കുന്ന ക്രിസ്തുവായ സഭ യുടെ, സഭാതനയരുടെ സഹിക്കുന്നതിനുള്ള വിമുഖത) തന്റെ ശരീ രത്തിൽ നികത്തുകയാണെന്നുള്ള വി. പൗലോസ് ശ്ലീഹായുടെ ആശയം സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കുന്നതിൽ ബ്രദർ ആലഞ്ചേരി അങ്ങേയറ്റം വിജയിച്ചിരുന്നു. ഈ മേഖലയിൽ പിഴവു സംഭവിക്കാതിരിക്കുന്നതിനു നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്തിരുന്നു.

വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയെപ്പോലെ എല്ലാറ്റിന്റെയും നല്ലവശം കാണാനും കണ്ടു സന്തോഷിക്കാനും അത് അംഗീക രിച്ച് ഏറ്റുപറയാനും ബന്ധപ്പെട്ടവരെ ഉള്ളു തുറന്ന് അനുമോദി ക്കാനുമുള്ള പ്രത്യേക സിദ്ധി ആർജ്ജിച്ചെടുക്കുന്ന അനുഗ്രഹപ്രദ മായ രീതി അദ്ദേഹം വീട്ടിലും വിദ്യാലയങ്ങളിലുമായി ആർജ്ജിച്ചു. സെമിനാരിയിൽ അത് ഏതാണ്ടു പരിപൂർത്തിയിലെത്തി. It was his firm conviction that there is something good even in the worst of men and that there is something bad even in the best of men. മേജർ സെമിനാരിയിൽ, എല്ലാം ഫലം ചൂടുന്ന വിധം ജോർജജ് ശെമ്മാ ശന്റെ ആദ്ധ്യാത്മികത വളർന്നു, പടർന്നു പന്തലിച്ചു.

# 5

# മേജർ സെമിനാരിയിൽ

1965-ലാണ് ബ്രദർ ജോർജ്ജ് ആലഞ്ചേരി കോളജു പഠനം പൂർത്തിയാക്കിയത്. സമർത്ഥനായ അദ്ദേഹം ഒരു വർഷം കൊണ്ടു ലാറ്റിൻ പഠനം പ്രശംസനീയമാംവിധം പൂർത്തിയാക്കി, 1966-ൽത്തന്നെ ആലുവായിലെ കർമ്മലഗിരി സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പഠിച്ചു പുരോഹിതരായ ആയിരക്കണക്കിനു വൈദികരിൽ എല്ലാ അർത്ഥത്തിലും അഗ്രഗണ്യനായി പരിണമിച്ചിരിക്കുന്നു അന്നത്തെ ആ ഇരുപത്തൊന്നുകാരൻ എന്നത് ദൈവപരിപാലനയുടെ പ്രകടമായ തെളിവും ദൈവനിയോഗത്തിന്റെ പൂർത്തീകരണവുമാണ്. മാതൃവിദ്യാലയങ്ങൾക്കും കലാലയങ്ങൾക്കുമെല്ലാം മണിദീപമായ ഈ പ്രതിഭ അധ്യാപകരുടെയും സതീർത്ഥ്യരുടെയും സുഹൃത്തുക്കളുടെയും ഗുണകാംക്ഷികളുടെയും ശ്രദ്ധാകേന്ദ്രവും ഏവർക്കും പ്രിയങ്കരനുമായിരുന്നു.

ആലഞ്ചേരിയുടെ ഒന്നാംവർഷം ഫിലോസഫി ക്ലാസ്സിലെ ഫാ. പ്രീഫെക്റ്റും മൂന്നുവർഷം ഇംഗ്ലീഷ് പ്രൊഫസ്സറുമായിരുന്ന ബ. സെബാസ്റ്റ്യൻ തുരുത്തേലച്ചന്റെ അനുസ്മരണവചസ്സുകൾ ഈ താളുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കർമ്മലഗിരി സെമിനാരിയിൽ ബ്ര. ആലഞ്ചേരിയെ പൂർവ്വാധികം സ്വാധീനിച്ച മറ്റൊരു വ്യക്തിയാണ് ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി. പിന്നീട് അദ്ദേഹം എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനും തുടർന്ന് താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനുമായി. അദ്ദേഹം ബ്രദർ ആലഞ്ചേരിയിലെ മഹദ്വ്യക്തിത്വത്തെ കാലേകൂട്ടി തിരിച്ചറിഞ്ഞ ആളാണ്. തന്റെ മഹത്ത്വത്തിന്റെ സാന്നിദ്ധ്യം വിളിച്ചോതിയിരുന്ന ഈ ശിഷ്യനിൽ അദ്ദേഹത്തിനു വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നു. ഈ ശിഷ്യനോട് അദ്ദേഹം അകമഴിഞ്ഞ സ്നേഹാദരവുകളും വാത്സല്യവും കാണിച്ചിരുന്നു. ശിഷ്യനെക്കുറിച്ചുള്ള വലിയ പ്രതീക്ഷകൾ പലപ്പോഴും പങ്കുവച്ചിരുന്നത് ഓർക്കുന്നു.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

സ്നേഹം, സത്യം, സുതാര്യത, നീതി എന്നിവയുടെ വെളിച്ചത്തിൽ എല്ലാം വിലയിരുത്തി വിധിത്തീർപ്പുകല്പിക്കാൻ മങ്കുഴിക്കരിലച്ചന്റെ മെറ്റാഫിസിക്സിന്റെ ക്ലാസ്സുകൾ ആലഞ്ചേരിയെ ഏറെസഹായിച്ചിട്ടുണ്ട്. സത്യ-സ്നേഹങ്ങളുടെ പൂർത്തീകരണമാണ് യഥാർത്ഥ വിശുദ്ധിയെന്ന ഉറച്ച ബോധ്യം, പരിശുദ്ധാത്മാവു നൽകുന്ന ആത്മധൈര്യം, എളിമ, ഇവയുടെ നിർണ്ണായക പ്രാധാന്യം, നന്മ ആരിൽനിന്ന്, എവിടെനിന്ന്, എപ്പോൾ വന്നാലും മുഖംനോട്ടം കൂടാതെ സ്വീകരിക്കണം, ഉൾക്കൊള്ളണം, അംഗീകരിക്കണം, അഭിനന്ദിക്കണം, മനുഷ്യവ്യക്തിത്വത്തിന്റെ മാഹാത്മ്യം എപ്പോഴും മാനിക്കപ്പെടണം, മനുഷ്യമനസ്സാക്ഷിയുടെ സ്വരം മഹോന്നതന്റെ സ്വരമാണ്, തുടങ്ങിയ സത്യങ്ങളും ഇക്കാലയളവിൽ ആലഞ്ചേരി ആർജ്ജിച്ചെടുത്തിട്ടുള്ള നന്മകളാണ്.

തന്റെ ബോധ്യങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ ജീവിച്ചിരുന്ന ആളാണ് ആലഞ്ചേരി ശെമ്മാശൻ. എന്നും അങ്ങനെയായിരുന്നു. ഇന്നും അങ്ങനെതന്നെ. ക്ഷമ, ദയ, നന്മ, വിശ്വസ്തത, ആത്മസംയമനം, കാരുണ്യം ഇവയൊക്കെയാണ് ജീവിതത്തിൽ പരമപ്രധാനമെന്നും അദ്ദേഹം പഠിച്ചു ബോധ്യപ്പെട്ടു. ദൈവഹിതം നിറവേറ്റുന്നതു വിശുദ്ധിയെന്നു വീട്ടിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും കലാലയത്തിൽ നിന്നും പെറ്റി സെമിനാരിയിൽ നിന്നുമൊക്കെയായി ആർജ്ജിച്ചെടുത്ത ബോധ്യം അരക്കിട്ടുറപ്പിക്കാൻ മേജർ സെമിനാരി ജീവിതം അദ്ദേഹത്തെ അങ്ങേയറ്റം സഹായിച്ചു.

മേജർ സെമിനാരി ജീവിതത്തിൽ ആലഞ്ചേരി ശെമ്മാശൻ വിശുദ്ധിമാത്രമല്ല, വിജ്ഞാനവും പ്രശസ്തമാം വിധം സമ്പാദിച്ചു. തന്റെ വിജ്ഞാനനഭോമണ്ഡലം വികസിതമാക്കാൻ സെമിനാരിയിലെ ക്ലാസ്സുകൾ അദ്ദേഹത്തിന് ഏറെ സഹായകമായി. പിൽക്കാലത്ത് സോർബോൺ യൂണിവേഴ്സിറ്റിയിൽ നിന്ന് വിഷമമേറിയ ബൈബിൾ ദൈവശാസ്ത്രത്തിൽ (Biblical Theology) പ്രഗത്ഭമായ വിധത്തിൽ, ഗവേഷണം നടത്തി ഡോക്ടറേറ്റ് എടുക്കുന്നതിനുള്ള ഉറച്ച അടിത്തറപാകിയത് ആലുവാ സെന്റ് ജോസഫ്സിലാണ്. ഇതിൽ സെമിനാരിയിലെ സമ്പന്ന ലൈബ്രറിയുടെ പങ്കും വിസ്മരിക്കാവുന്നതല്ല.

വിവിധ സാംസ്കാരികപശ്ചാത്തലങ്ങളിൽ വളർന്നുവന്ന, തത്വശാസ്ത്ര-ദൈവശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യം നേടിയ, സമർപ്പിത ചേതസ്സുകളിൽ നിന്നു വിജ്ഞാനസമ്പത്തു സ്വന്തമാക്കാനുള്ള അസുലഭഭാഗ്യമാണ് ആലുവാസെമിനാരിയിൽ ആലഞ്ചേരിക്കു ലഭിച്ചത്. അവരിൽ, സ്പെയിൻകാരും ഇറ്റലിക്കാരും ഇംഗ്ലണ്ടിൽനിന്നും അയർലണ്ടിൽ നിന്നും പോളണ്ടിൽനിന്നും ഗോവായിൽനിന്നും തമിഴ്നാട്ടിൽനിന്നും കേരളത്തിൽനിന്നും ഉള്ളവർ



ഉണ്ടായിരുന്നു. എല്ലാവരും തന്നെ അവരവരുടെ മേഖലകളിൽ അവഗാഹമുള്ളവരും അതിസമർത്ഥരും വിശുദ്ധരുമായിരുന്നു. അവരുടെ പ്രബോധനം മാത്രമല്ല, ജീവിതമാതൃകയും ഏവർക്കും, വിശിഷ്യാ വിജ്ഞാനകുതുകിയും ഗവേഷണപടുവും നർമ്മഭാഷിയുമായ ആലഞ്ചേരി ശെമ്മാശനു വലിയ പ്രചോദനമായി ഭവിച്ചു, ഏറെ പ്രയോജനമായിത്തീർന്നു. ആലുവാസെമിനാരിയിൽ അദ്ദേഹത്തിനു ലഭിച്ച പൈതൃകം സഹിഷ്ണുതയുടെയും സമഭാവനയുടെയും സമരസപ്പെടലിന്റെയും സാർവ്വത്രികസ്നേഹത്തിന്റെയും കരുതലിന്റെയും പരസ്പരധാരണയുടെയും വിട്ടുവീഴ്ചാമനോഭാവത്തിന്റെയും ഉദാത്തമായ ഉപവിയുടേതുമാണ്.

തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിപ്പിച്ച പ്രശസ്തരും പ്രഗത്ഭരുമായ അധ്യാപകശ്രേഷ്ഠരിൽ നിന്ന് ആലഞ്ചേരിക്കു സിദ്ധിച്ച കുറെ ബോധ്യങ്ങൾ കൂടി പറഞ്ഞറിയാം. ദൈവത്തിന്റെ സ്നേഹം കവിഞ്ഞൊഴുകിയതാണ് ഈ വിശ്വം. വിശ്വൈകനാഥൻ അതിനെ തന്റെ ഉള്ളം കയ്യിലാണു കാത്തു സൂക്ഷിക്കുന്നത്. പ്രപഞ്ചവും പ്രപഞ്ചനിയമങ്ങളും ദൈവമഹത്ത്വം പ്രഖ്യാപിക്കുന്നു. പ്രപഞ്ചത്തിൽ ഉടനീളം ദൈവത്തിന്റെ ഇടപെടലാണു നാം ദർശിക്കുക.

തുറന്നു വച്ചിരിക്കുന്ന ബൈബിളാണു പ്രകൃതി. ഈ പ്രകൃതിയിൽ പ്രകൃതിനാഥന്റെ പാദമുദ്രകൾ പതിഞ്ഞിരിക്കുന്നു. ദൈവം വസിക്കും ദീപം ജ്വലിക്കും ദൈവാലയമാണ് ഈ വിശ്വം! പ്രപഞ്ചസൃഷ്ടിയിലെല്ലാം പ്രപഞ്ചനാഥന്റെ കൈയ്യൊപ്പുണ്ട്; ആറു കോടിയോളം ജീവജാലങ്ങളിൽ ഓരോന്നിലും അവിടുത്തെ നിറസാന്നിദ്ധ്യവുമുണ്ട്.

ആഴ്വാഞ്ചേരിത്തമ്പ്രാക്കളിലുണ്ട്,
അയ്യൻ പുലയനിലുണ്ട്,
ആദിത്യനിലുണ്ട്,
അണുകൃമിയിലുണ്ട്,
അതിൻ പരിസ്ഫുരണം.

പ്രകൃതിയോട് ആദരവു വേണം. ഈ ആദരവിൽ ആഴപ്പെടുന്നവരിൽ പ്രകൃതിനാഥനോടുള്ള ആദരവും ആഴപ്പെടും; നേരേ മറിച്ചും. ദൈവിക നിയമങ്ങളിൽ അധിഷ്ഠിതമായി ജീവിതം നയിക്കേണ്ടതിന്റെ അനുപേക്ഷണീയത, ജീവിതത്തിൽ നിയമങ്ങൾക്കും അച്ചടക്കത്തിനുമുള്ള ഇവയൊക്കെ സ്വാംശീകരിക്കാൻ മേജർ സെമിനാരിയിലെ ജീവിതവും പഠനവും ആലഞ്ചേരി ശെമ്മാശനെ വളരെയേറെ സഹായിച്ചിട്ടുണ്ട്. വചനത്തിലേക്കുള്ള ഉൾക്കാഴ്ച സെമിനാരി പഠനത്തിന്റെ സ്പഷ്ടമായ സംഭാവനയാണ്.

ക്രൈസ്തവന്റെ ജീവിതത്തിൽ വചനവെളിച്ചം അത്യന്താപേക്ഷി





തമാണ്. വചനനിഷ്ഠമായ ജീവിതം അവൻ നയിക്കണം. കാരണം, അതു ജീവനേകുന്നു, ശക്തി പകരുന്നു, യഥാർത്ഥമാനസാന്തരം ഉളവാക്കുന്നു, വിശുദ്ധീകരിക്കുന്നു, സുഖപ്പെടുത്തുന്നു, സമൂലപരിവർത്തനം വരുത്തുന്നു. വചനത്തിലൂടെ ദൈവത്തിന്റെ സ്വരം ആഴത്തിൽ ഗ്രഹിക്കാൻ ശ്രമിക്കുന്നവനിൽ അതു നിശ്ചയമായും സമൂല പരിവർത്തനം ഉളവാക്കും. വചനം ഉൾക്കൊള്ളുന്നവന് നൈമിഷികവും ഭൗമികവുമായവയെല്ലാം നിസ്സാരങ്ങളാണെന്ന തിരിച്ചറിവുണ്ടാകും. വചനം ചുരുളഴിയുമ്പോൾ അന്ധകാരം മാറിപ്പോകും, പ്രകാശം പരക്കും. വചനപ്രകാശത്തിൽ ജീവിക്കുന്നവർ ചുറ്റുമുള്ളവരെ പ്രസ്തുത പ്രകാശത്തിലേക്കു നയിക്കും. വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവും നമുക്കു ലഭിച്ചിരിക്കുന്ന രണ്ട് അനർഘനിധികളാണ്. ഉള്ളങ്ങൾ കാണുന്നവനാണു ദൈവം. അവിടുന്നിൽ നിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല ദൈവത്തിന്റെ സർവ്വവ്യാപിത്വം, സർവ്വാതിശായിത്വം, സർവ്വശക്തി, സർവ്വജ്ഞാനം ഇവയെക്കുറിച്ചൊക്കെ ഗഹനമായി പഠിക്കാൻ മേജർ സെമിനാരിജീവിതം ബ്രദർ ആലഞ്ചേരിയെ ഏറെ സഹായിച്ചു.

ദൈവം സ്നേഹമാണ്, സത്യമാണ്, കരുണയാണ്, ക്ഷമയാണ്, നിത്യസൗന്ദര്യമാണ്, സനാതന ധർമ്മമാണ് ഈ സത്യങ്ങളും അദ്ദേഹത്തിന് അപ്രമാദിത്വമുള്ള ബോധ്യങ്ങളായി. ഈ ദൈവത്തെ സ്നേഹിക്കുക, സ്തുതിക്കുക, പുകഴ്ത്തുക, വാഴ്ത്തുക, മഹത്ത്വപ്പെടുത്തുക, അവിടുത്തേയ്ക്കു നന്ദി പറയുക -ഇവയൊക്കെ ഓരോ മനുഷ്യന്റെയും പരമമായ കടമയാണ്; സ്വർഗ്ഗസ്ഥനായ പിതാവു നമ്മോടു ക്ഷമിക്കണമെങ്കിൽ നാമും നമ്മുടെ സഹോദരങ്ങളോടു വ്യവസ്ഥയില്ലാതെ ക്ഷമിക്കണം. മനുഷ്യരെല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ്, തുടങ്ങിയ പരമസത്യങ്ങളും മേജർ സെമിനാരി പഠനത്തിൽ നിന്ന് അദ്ദേഹം ഉൾക്കൊണ്ടു. ഈ സത്യങ്ങളെല്ലാം അരുമമകന്റെ അന്തരാത്മാവിൽ കോറിയിട്ട മാതാവും ഗുരുനാഥയുമാണ് ആലുവാ സെമിനാരി! പുസ്തകത്തിലെ പശു പുല്ലു തിന്നുകയില്ലെന്നു നന്നായി അറിഞ്ഞിരുന്ന ആലഞ്ചേരി ശെമ്മാശൻ പഠിച്ചതൊക്കെ ജീവിതത്തിൽ പകർത്തിയെടുക്കാനും പ്രാവർത്തികമാക്കാനും ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു.

പ്രശ്നങ്ങളും പ്രയാസങ്ങളുമായി നിരവധി സുഹൃത്തുക്കൾ എല്ലാഘട്ടങ്ങളിലും അദ്ദേഹത്തെ സമീപിച്ചിരുന്നു. വിവേചനാവരത്തിനുടമയായ അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തെറ്റിയിരുന്നില്ല. ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകും. ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച്, ഈശോയുടെ കരങ്ങളിൽ മുറുകെപ്പിടിച്ച്, പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടി, പ്രാർത്ഥനാ നിരതരായി അവയെ കൈകാര്യം ചെയ്യുക, ഇതായിരുന്നു ആലഞ്ചേരി



യുടെ, കൗൺസലിംഗിന്റെ ഉൾപ്പൊരുൾ.

ബ്രദർ ആലഞ്ചേരി ആലുവായിൽ പഠിച്ചിരുന്ന കാലത്ത് ദൈവശാസ്ത്രപഠനത്തിന്റെ അവസാനം പല വിദ്യാർത്ഥികൾക്കും, സെമിനാരിയിൽ നിന്നു പരീക്ഷ എഴുതി, പ്രബന്ധവും സമർപ്പിച്ച്, ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയുടെ ബി.ഡി (Bachelor of Divinity) ബിരുദം നേടാമായിരുന്നു. ആ പരീക്ഷയും പ്രശസ്തമായ വിധത്തിൽ പാസ്സായി പ്രസ്തുത ബിരുദവും അദ്ദേഹം സമ്പാദിച്ചു.

## ചർച്ച് ഇൻ ഇൻഡ്യാ സെമിനാറിൽ ആലുവാ സെമിനാരിയുടെ പ്രതിനിധി

സെമിനാരി ജീവിതകാലത്തുതന്നെ ബ്ര. ആലഞ്ചേരി തന്റെ നേതൃത്വവാസനയും അജപാലനശേഷിയും വികസിപ്പിച്ചെടുത്തതിന് ഒരു ദൃഷ്ടാന്തം കൂടി കുറിക്കാം. ബാംഗ്ലൂരിൽ വച്ചുനടന്ന ചർച്ച് ഇൻ ഇൻഡ്യാ സെമിനാർ ഭാരതസഭയുടെ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമായിരുന്നു. സഭയിലെ പ്രഗത്ഭരുടെ അനുഗ്രഹപ്രദമായ ഒരു സംഗമമായിരുന്നു അത്. അവിടെ ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയെ പ്രതിനിധീകരിച്ചത് ആലഞ്ചേരി ശെമ്മാശനായിരുന്നു!

# 6

# ഫാ. ജോർജ്ജ് ആലഞ്ചേരി

അനുഗൃഹീതമായ തന്റെ മേജർ സെമിനാരിയിലെ പഠനം പൂർത്തിയാക്കിയ ആലഞ്ചേരി ശെമ്മാശൻ, ദൈവകൃപയാൽ, 1972 ഡിസംബർ 18-നു അഭിവന്ദ്യ ആന്റണിപടിയറപിതാവിന്റെ കൈവയ്പ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. അദ്ദേഹം മെൽക്കിസദെക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനായി. അങ്ങനെ ദൈവത്തിന്റെ അനന്തപരിപാലനയുടെ ഒരു പ്രധാനപ്പെട്ട പടവ് അദ്ദേഹം ശ്ലാഘനീയമായി ചവുട്ടിക്കയറി. അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം പൂവണിഞ്ഞു. മംഗലപ്പുഴ സെമിനാരിയിൽ 1972-ൽ എം.റ്റി.എച്ച് (Master of Theology) ആരംഭിച്ചു. ദൈവത്തിന്റെ അനന്തപരിപാലനയിൽ, മികവിന്റെ അംഗീകാരമായി, ആലഞ്ചേരിലച്ചനെ പടിയറ പിതാവ് എം.റ്റി.എച്ച് പഠനത്തിന് അയച്ചു. 1974-ൽ ഒന്നാം സ്ഥാനം നേടി എം.റ്റി.എച്ച് പാസ്സായി. അങ്ങനെ കൊച്ചച്ചൻ രൂപതയ്ക്കു വലിയ ബഹുമതി നേടിക്കൊടുത്തു.

ആലഞ്ചേരിലച്ചന്റെ എം.റ്റി.എച്ച് പഠനകാലത്തുതന്നെ അജപാലനത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാൻ പരമകാരുണികൻ അച്ചന് അവസരം നൽകി. അതിന് അവിടുന്ന് വേദിയാക്കിയത് പെരിയാർമുഖം കുരിശുപള്ളിയാണ്. പെരിയാറിന്റെ തീരത്തുള്ള കീഴ്മാട് ഇടവകയുടെ കീഴിലുള്ള കുരിശുപള്ളിയായിരുന്നു ഇത്. അന്ന് വെറുമൊരു ഷെഡിലായിരുന്നു ദിവ്യബലി. ഏലിയായുടെ തീക്ഷ്ണതയും മോശയുടെ ധൈര്യവും കൈമുതലായുണ്ടായിരുന്ന ചുറുചുറുക്കുള്ള ഈ നവവൈദികൻ സ്ഥിരം ബസിൽ യാത്ര ചെയ്തും കടത്തിറങ്ങിയും ഓരോ ഞായറാഴ്ചയും പുലർച്ചെ തന്നെ കുരിശുപള്ളിയിലെത്തുമായിരുന്നു. കുമ്പസാരം, കുർബാന, വചനപ്രഘോഷണം ഒക്കെയായി പത്തുമണിവരെ ചാപ്പലിൽ അദ്ദേഹം കാണുമായിരുന്നെന്നു മുതിർന്ന തലമുറ സ്നേഹപൂർവ്വം, നന്ദിയോടെ, അനുസ്മരിക്കുന്നു.

അദ്ദേഹം ഞായറാഴ്ചകളിൽ നടത്തിയിരുന്ന ഓരോ പ്രസംഗവും



ഒരു പൂർണ്ണ ധ്യാനത്തിൽ ആത്മാർത്ഥമായി പങ്കെടുത്ത അനുഭവമാണു കൈമാറിയിരുന്നതെന്ന് അവർ നിസ്സംശയം പറയുന്നു. 'വരപ്രസാദം നിറഞ്ഞ മുഖത്തിനു കറുത്തതാടി അലങ്കാരമാക്കിയാണ് കൊച്ചച്ചൻ അന്നു കീഴ്മാടെത്തെത്തിയിരുന്നത്' എന്ന് അവരിൽ ചിലർ ഓർക്കുന്നു.

ആലഞ്ചേരിലച്ചന്റെ നിസ്വാർത്ഥവും അർപ്പിതവുമായ സേവനത്തിലൂടെ ഇടവകസമൂഹത്തിന് അദ്ദേഹം നൽകിയ അതിസമ്പന്നമായ പോഷണം, ശുശ്രൂഷകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിപ്പിച്ചു കൊണ്ടിരുന്നെന്നു ജയ്സൺ റ്റി ജോൺ സാക്ഷ്യപ്പെടുത്തുന്നു.

## ചങ്ങനാശ്ശേരി അതിമെത്രാസന ഇടവകയിൽ

ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ എം.റ്റി.എച്ച് പൂർത്തിയാക്കിയ ഉടനെ ബ. ജോർജ്ജ് ആലഞ്ചേരിലച്ചനെ ചങ്ങനാശ്ശേരി അതിമെത്രാസന ഇടവകയിൽ സഹവികാരിയായി നിയമിച്ചു. മെത്രാപ്പോലീത്താ തിരുമേനിക്ക് ഈ നവ വൈദികനിലുണ്ടായിരുന്ന വലിയ പ്രതീക്ഷയുടെ സൂചനയും ഇതുവരെ സമ്പാദിച്ച നേട്ടങ്ങളുടെ അംഗീകാരവുമായി ഈ നിയമനത്തെ കണക്കാക്കുന്നതു ന്യായവും യുക്തവും മാത്രം.

ഒരു കാലത്ത് കത്തോലിക്കാ തിരുസ്സഭയിലെ ഏറ്റം കൂടുതൽ കുടുംബങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ചങ്ങനാശ്ശേരി ഭദ്രാസന ഇടവക. ആലഞ്ചേരിലച്ചൻ ചാർജ്ജെടുക്കുമ്പോഴും 2200-ലധികം ഇടവക കുടുംബങ്ങൾ അവിടെ ഉണ്ടായിരുന്നു. അർപ്പണമനോഭാവവും കഠിനാധ്വാനവും സർവ്വോപരി എല്ലാവരോടും അകമഴിഞ്ഞ സ്നേഹവും ആത്മാർത്ഥതയുമെല്ലാം സമൃദ്ധമായുണ്ടായിരുന്ന ഈ കൊച്ചച്ചൻ ചുരുങ്ങിയകാലം കൊണ്ട് ആബാലവൃദ്ധം ജനങ്ങളുടെയും ഇഷ്ടവൈദികനായി മാറി. കാലസമ്പൂർണ്ണതയിൽ, 2011 മെയ് മാസം 26-നു സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി നിയമിതനായ അഭിവന്ദ്യ ആലഞ്ചേരിപ്പിതാവിന് ചങ്ങനാശ്ശേരിപട്ടണം, 'ജനസാഗര'ത്തിന്റെ സാന്നിദ്ധ്യത്തിൽ, ആവേശോജ്ജ്വലമായ വരവേല്പാണ് നൽകിയത്.

ചങ്ങനാശ്ശേരിയിൽ ഇത്ര ഉജ്ജ്വലമായ ഒരുവരവേൽപ്പു ലഭിച്ച മറ്റൊരു ഇടയശ്രേഷ്ഠനെയും അറിവില്ല. കോരിച്ചൊരിയുന്ന മഴയെ അതിജീവിച്ച്, ജംഗ്ക്ഷൻ മുതൽ കത്തീഡ്രൽ മൈതാനിയിലും, നിറഞ്ഞുനിന്നു സ്വീകരണയോഗത്തിൽ പങ്കെടുത്ത സ്നേഹധനരായ തന്റെ ജനത്തോട്, താൻ ആദ്യമായി സേവനം ചെയ്ത ഇടവകയിലെയും പരിസരങ്ങളിലെയും നാനാജാതിമതസ്ഥരായ ജനങ്ങളോട്,





അദ്ദേഹം, വികാരനിർഭരനായി, വാത്സല്യാതിരേകങ്ങളോടെ, വിളിച്ചു പറഞ്ഞു: 'ഞാൻ ചങ്ങനാശ്ശേരിയെ സ്നേഹിക്കുന്നു; ചങ്ങനാശ്ശേരി എന്നേയും'. ആവേശം അലതല്ലുന്ന ഒരു സ്നേഹസമൂഹമാണ്, സ്നേഹത്തിന്റെ തികവിൽ, സ്വീകരണസമ്മേളനത്തിൽ സംബന്ധിച്ചിരുന്നത്.

സമയത്തിന്റെ സമ്പൂർണ്ണതയിൽ സീറോമലബാർസഭയിലെ ഏറ്റം അനുഗൃഹീതമായ പൗരോഹിത്യമായി മാറേണ്ടിയിരുന്ന ശുശ്രൂഷാ പൗരോഹിത്യജീവിതത്തിന്റെ അനുഗൃഹീതമായ ആരംഭം 1972-ൽ ഭാഗികമായി കുറിച്ചെങ്കിലും, അതു പൂർണ്ണിമ പ്രാപിച്ചത്, 1974-ൽ കത്തീഡ്രലിൽ സഹവികാരിയായപ്പോഴാണ്. ആധുനികശൈലിയിൽ, ഈ കൊച്ചച്ചൻ ഒരു ജനകീയ വൈദികനായിരുന്നു. ആ മഹാനുഭവൻ ഇപ്പോഴിതാ ജനകീയനായ കർദിനാളായിരിക്കുന്നു.

അജഗണങ്ങളെ അടുത്തറിഞ്ഞ്, അവരെ ആത്മാർത്ഥമായി സ്നേഹിച്ച്, സ്നേഹംകൊണ്ടു പൊതിഞ്ഞ്, അവരെ വ്യക്തിപരതയോടെ, വലിയ അടുപ്പത്തോടെ, ഉടപ്പത്തോടെ പേരുചൊല്ലിവിളിച്ച്, അവരുടെ ഹൃദയങ്ങളെ തൊട്ടുതലോടി സസന്തോഷം, സർവ്വാത്മനാ സ്നേഹശുശ്രൂഷ ചെയ്യുന്ന അപൂർവ്വ ശൈലിയായിരുന്നു ആലഞ്ചേരിലച്ചൻ സ്വീകരിച്ചിരുന്നത്. ഈ ശൈലി തിരിച്ചറിഞ്ഞ് അച്ചനെ ഹൃദയപൂർവ്വം സ്നേഹിച്ച്, ആദരിക്കാൻ ചങ്ങനാശ്ശേരി ജനതയ്ക്ക് അധികസമയം വേണ്ടിവന്നില്ല. ഇപ്പോഴും ഈ രംഗത്തു യാതൊരു മാറ്റവുമില്ല.

പണ്ഡിതനെന്നോ പാമരനെന്നോ, പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ, അനുകൂലിയെന്നോ പ്രതികൂലിയെന്നോ, ഉപകാരിയെന്നോ ഉപദ്രവകാരിയെന്നോ, ഉള്ള മാനദണ്ഡങ്ങൾക്കൊന്നും ഒരു വിലയും കല്പിക്കാതെ, പൗലോസ് ശ്ലീഹായെപ്പോലെ കൊച്ചച്ചൻ 'എല്ലാവർക്കും എല്ലാമായി.' അതിബൃഹത്തായ ഇടവകയിലെ ജനങ്ങളെ എല്ലാവരെയും തന്നെ പേരുചൊല്ലി വിളിച്ച്, അവരെ ഉള്ളുതുറന്ന്, ആത്മാർത്ഥതയുടെതികവിൽ കരുതിയിരുന്ന, സ്നേഹിച്ചിരുന്ന, ആലഞ്ചേരിലച്ചൻ ഇടവകക്കാരുടെ പ്രത്യേക 'സംസാരവിഷയ' മായി. ചങ്ങനാശ്ശേരിയിൽ ഇത് ഒരു അപൂർവ്വ സംഭവമാണ്.

കാന്തികശക്തി പുറപ്പെടുവിക്കുന്ന ഈ കൊച്ചച്ചന്റെ ഈ 'മാന്ത്രിക' സ്വാധീനത്തിന്റെ പിന്നിൽ ചില സത്യങ്ങളുണ്ട്. തന്റെ മുൻകാലജീവിതത്തിലെ ആത്മാർത്ഥമായ ആഗ്രഹം, പരിശ്രമം, പ്രാർത്ഥന ഇവയിലൂടെ അദ്ദേഹം 'ജീവിക്കുന്ന ക്രിസ്തു'വായി രൂപാന്തരപ്പെട്ടിരുന്നു. ഓരോ പുരോഹിതനും 'ജീവിക്കുന്ന ക്രിസ്തു' ആകണം, ആയിരിക്കണം. അതിശക്തമായ ഈ പിൻബലത്തോടെ, കൂദാശകൾ പരികർമ്മം ചെയ്തപ്പോൾ, വചനം പ്രഘോഷിച്ചപ്പോൾ,



ഇതരശുശ്രൂഷകൾ നിർവ്വഹിച്ചപ്പോൾ, അവയെല്ലാം ജനങ്ങൾക്ക് അവിസ്മരണീയങ്ങളായ അനുഭവങ്ങളായി മാറി.

പുതിയ കൊച്ചച്ചന്റെ ഒരു വാക്ക്, ഒരു നോക്ക്, ഒരു പുഞ്ചിരി അതു തന്റെ അജഗണത്തെ ക്രിസ്തുമാർഗ്ഗത്തിൽ സഞ്ചരിക്കാൻ ഏറെഏറെ സഹായിച്ചു. പേരുചൊല്ലി വിളിക്കുമ്പോൾ സ്നേഹവും സമാധാനവും സന്തോഷവും അജഗണം നുകർന്നെടുത്തു. ഒപ്പം അധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കും വലിയ അത്താണിയുമായിരുന്ന കൊച്ചച്ചൻ എല്ലാവർക്കും പ്രിയങ്കരനായെങ്കിൽ, കണ്ണിലുണ്ണിയായെങ്കിൽ, അതലെന്താശ്ചര്യം?

ചങ്ങനാശ്ശേരി ഭദ്രാസന ഇടവകയിൽ സേവനമനുഷ്ഠിച്ചപ്പോൾ, വെട്ടിത്തുരുത്തു കുരിശുപള്ളിയുടെ പ്രത്യേക ചുമതല ആലഞ്ചേരിലച്ചനായിരുന്നു. ഈ കൊച്ചുഗ്രാമത്തിലെ നല്ല ജനത്തിന് ആലഞ്ചേരിലച്ചൻ 'ഞങ്ങളുടേതാണ്.' മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റുകഴിഞ്ഞ് ചങ്ങനാശ്ശേരിക്കാരെ കണ്ടു സന്തോഷം പങ്കുവയ്ക്കാൻ താത്പര്യപൂർവ്വം പട്ടണത്തിലെത്തിയ തങ്ങളുടെ മുൻകാല ഇടയനെ ഒരു നോക്കുകാണാൻ തടിച്ചുകൂടിയ 'ജനസാഗര'ത്തിൽ വെട്ടിത്തുരുത്തുകാരുടെ സാന്നിദ്ധ്യം ആർക്കും തിരിച്ചറിയത്തക്ക വിധത്തിൽ അത്ര സവിശേഷമായിരുന്നു അവരുടെ പ്രതികരണം. ആ ജനത്തെ, പ്രത്യേകിച്ചു വെട്ടിത്തുരുത്തുകാരെ, നിയന്ത്രിക്കാൻ, വിഷമമാകുന്ന വിധത്തിലായിരുന്നു. അച്ചടക്കരാഹിത്യമല്ല, ആവേശത്തിമിർപ്പാണ്, അവിടെ കണ്ടത്.

ആലഞ്ചേരിലച്ചന് എന്നും കുട്ടികളോടു വലിയ സ്നേഹവും താത്പര്യവുമായിരുന്നു. അവർക്ക് അദ്ദേഹത്തിന്റെ ഹൃദയത്തിൽ പ്രത്യേകമായ ഒരു സ്ഥാനവുമുണ്ടായിരുന്നു. കൊടുക്കുന്നതു ലഭിക്കും. സ്വാഭാവികമായും കുട്ടികൾക്ക് അദ്ദേഹത്തോടും വലിയ സ്നേഹമായിരുന്നു. അദ്ദേഹം കത്തീഡ്രലിൽ ശുശ്രൂഷ ചെയ്തിരുന്ന കാലത്ത് 7-8 വയസ്സായിരുന്നവർ എല്ലാവരും ഇപ്പോൾ 45-നു മുകളിലാണ്. എങ്കിലും, കുട്ടിക്കാലത്തുണ്ടായിരുന്ന അതേ സ്നേഹത്തോടും വാത്സല്യത്തോടുമാണ് ഇന്നും അവർ അദ്ദേഹത്തെ കാണുക, അദ്ദേഹത്തോട് ഇടപെടുക; അദ്ദേഹം അവരോടും.

ഈ പ്രായപരിധിയിലുള്ളവരുടെ ഒരു പ്രതിനിധിയായി വെട്ടിത്തുരുത്തുകാരൻ തോമസ്കുട്ടിയെ അനുസ്മരിക്കട്ടെ. ആലഞ്ചേരിലച്ചൻ സോർബോൺ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തിയിരുന്ന കാലത്താണ് പുണ്യചരിതയായ തന്റെ അമ്മ ഈ ലോകത്തോടു വിടപറഞ്ഞത്. അമ്മയെ വന്നുകാണാനോ, മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കാനോ വിദൂരദേശത്തായിരുന്ന ഈ മകനു സാധിച്ചില്ല.





ഈ സാഹചര്യങ്ങളെല്ലാം നന്നായി മനസ്സിലാക്കിയ തോമസ്കുട്ടി തന്റെ ബാല്യകാലം മുതൽ തന്നെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്ന, താൻ ഏറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന, അതീവ ദുഃഖത്തിലായിരുന്ന, ബ. ആലഞ്ചേരിലച്ചന് ഒരു കത്തെഴുതി. ചങ്ങനാശ്ശേരി ഇടവകജനത്തിന്റെ മുഴുവൻ വികാരങ്ങളും ആ ചുരുങ്ങിയ വാക്കുകളിൽ ഉൾച്ചേർന്നിരുന്നു. അനുശോചനം അറിയിക്കുക, ആശ്വസിപ്പിക്കുക- ഈ രണ്ടു ലക്ഷ്യങ്ങളാണ് കത്തെഴുതുന്നതിൽ തോമസുകുട്ടിക്കു പ്രധാനമായി ഉണ്ടായിരുന്നത്.

പ്രസ്തുത അനുശോചനക്കത്തിന് ആലഞ്ചേരിലച്ചൻ ഉടനെ മറുപടി അയച്ചു. കത്തുകൾക്കു പെട്ടെന്നു മറുപടി നൽകുക, ചെറിയ നന്മകൾക്കുപോലും നന്ദി പറയുക, ഇവ അദ്ദേഹത്തിന്റെ ജന്മവാസനയാണ്. ആ കത്ത് തോമസുകുട്ടി ഇന്നും ഒരു നിധിയായി സൂക്ഷിക്കുന്നു. യുവസുഹൃത്തിന്റെ സ്നേഹത്തിനും പരിഗണനയ്ക്കും നന്ദി പറയുന്നതോടൊപ്പം അമ്മച്ചിയുടെ സ്വർഗ്ഗയാത്ര ഏറെ അനുഗ്രഹപ്രദവും ആനന്ദദായകവുമാണെങ്കിലും വ്യക്തിപരമായി തനിക്കു വലിയ നഷ്ടമാണെന്നും ("അമ്മച്ചിയുടെ മരണം എനിക്കു വലിയ നഷ്ടമായിപ്പോയി. എന്നെ താങ്ങിയിരുന്ന വലിയ ശക്തിയായിരുന്നു അമ്മച്ചി... എല്ലാം കർത്താവിന്റെ തിരുഹിതമായി കാണുന്നു") അച്ചൻ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ദുഃഖകരമായ സാഹചര്യത്തിലും, കത്തിന് അവസാനം 'വെട്ടിത്തുരുത്തിലെ സുന്ദരമായ ആ കൊച്ചുപള്ളി കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കണെ' മെന്ന ഉപദേശം കൂടി ഉൾപ്പെടുത്താൻ അച്ചൻ മറന്നില്ലെന്നതാണ് ഏറ്റം വിസ്മയകരം. പ്രസ്തുത ഉപദേശം അച്ചനു സഭയോടുള്ള അഗാധസ്നേഹവും, സഭാതനയരോട്, വിശിഷ്യാ യുവജനങ്ങളോടുള്ള കരുതലും സുതരാം സ്പഷ്ടമാക്കുന്നു. ("പള്ളിയും അതിനോടു ചേർന്ന പ്രവർത്തനങ്ങളും എന്നും ശ്രദ്ധയിലുണ്ടായിരിക്കണേ. ഓരോ ദിവസവും കർത്താവാണു നമ്മെ കൈപിടിച്ചു നടത്തുക. വെട്ടിത്തുരുത്തിൽ ഐശ്വര്യവും ദൈവസാന്നിദ്ധ്യവും നിലനിൽക്കുന്നുവെന്നതിന്റെ പ്രതീകമായിരിക്കണം ആ മനോഹര ദൈവാലയം").

അച്ചന് ഓരോ വ്യക്തിയോടുമുള്ള പ്രത്യേക പരിഗണന പ്രകടമാക്കുന്ന ഒരു സംഭവവും തോമസുകുട്ടി അനുസ്മരിക്കുന്നു. ആലഞ്ചേരിലച്ചൻ സന്ദേശനിലയം ഡയറക്ടറായിരുന്നപ്പോൾ തോമസ്കുട്ടിയും അവിടെ സേവനം അനുഷ്ഠിക്കുന്നുണ്ടായിരുന്നു. സംഗതിവശാൽ, ഒരു ദിവസം തോമസുകുട്ടിക്കു സമയത്ത് ഓഫീസിലെത്താൻ സാധിച്ചില്ല. അതു തോമസുകുട്ടിയിൽ വലിയ കുണ്ഠിതം ഉളവാക്കി. എത്രയും വേഗം ഓഫീസിലെത്താൻ അദ്ദേഹം



സ്പീഡിൽ സൈക്കിൾ ചവിട്ടി വരികയായിരുന്നു. അന്ന് അരമന വളപ്പിലെ റോഡ് ടാർ ചെയ്തിരുന്നില്ല. കുണ്ടും കുഴികളും റോഡിൽ യാത്രാതടസ്സം ഉണ്ടാക്കിയിരുന്നു. അതിനുപുറമേ, മുകളിലേക്ക് ഒരു നല്ല കയറ്റവും ഉണ്ടായിരുന്നു.

താമസിച്ചുപോയതുകൊണ്ട്, ഈ അസൗകര്യങ്ങളൊന്നും കണക്കിലെടുക്കാതെ, നല്ല വേഗതയിൽത്തന്നെ തോമസുകുട്ടി കയറ്റം ചവിട്ടിക്കയറി മുമ്പോട്ടു നീങ്ങുമ്പോൾ ബ. ആലഞ്ചേരിലച്ചൻ തൊട്ടുമുമ്പിൽ! കാര്യമായ ഒരു വഴക്കു പ്രതീക്ഷിച്ചാണ് അദ്ദേഹം അച്ചന്റെയടുത്തെത്തി, ആദരപൂർവ്വം സൈക്കിളിൽ നിന്നിറങ്ങി, സ്തുതിചൊല്ലിയത്. സ്തുതി സ്വീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അച്ചൻ പ്രതികരിച്ചത് ഇങ്ങനെയാണ്, 'തോമസുകുട്ടി നന്നായി അണയ്ക്കുന്നുണ്ടല്ലോ. ആരോഗ്യം സംരക്ഷിക്കണം. കയറ്റത്തിൽ വരുമ്പോൾ ഇറങ്ങി സൈക്കിൾ ഉന്തിക്കൊണ്ട് സാവകാശം കയറണം.' ആലഞ്ചേരിലച്ചന്റെ വാക്കുകൾ തോമസുകുട്ടിയെ അക്ഷരാർത്ഥത്തിൽ വിസ്മയസ്തബ്ധനാക്കി. അച്ചന്റെ ഹൃദ്യതയും കരുണയും കരുതലും വ്യക്തിപരതയും ആ ചെറുപ്പക്കാരനെ ഹഠാദാകർഷിച്ചു; ആഴമായി സ്വാധീനിച്ചു. ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു!

എല്ലായ്പ്പോഴും, പ്രത്യേകിച്ച് ഭദ്രാസനഇടവകയിൽ ശുശ്രൂഷ ചെയ്തിരുന്നപ്പോഴും, അച്ചൻ മനസ്സിൽ സൂക്ഷിച്ചിരുന്ന സത്യസന്ധവും സംശുദ്ധവുമായ വ്യക്തിബന്ധങ്ങളെ വിളിച്ചോതുന്ന ഒരു സംഭവം മെയ്മാസം 30-ന് ഉണ്ടായി. ഇതുതികച്ചും അവിചാരിതമായിരുന്നു. ആലഞ്ചേരിപ്പിതാവു മേജർആർച്ച്ബിഷപ്പായ വാർത്ത പത്രങ്ങളിൽ വന്ന അന്നു രാത്രി 9 മണി കഴിഞ്ഞ് എനിക്കൊരു ഫോൺ വന്നു. റിസീവർ എടുത്തു ഹലോ പറഞ്ഞുതീരുന്നതിനു മുമ്പ് വിളിച്ചയാൾ, അത്യാദരവുകളോടെ, വലിയ ഹൃദ്യതയോടെ, അത്യാഹ്ലാദത്തോടെ, വലിയ പരിഗണനയോടെ, നിറഞ്ഞ സംതൃപ്തിയോടെ, അതിലെല്ലാമുപരി, ഏറെ സ്നേഹത്തോടെ, തന്റെ ഹൃദയം കോരിച്ചൊരിയാൻ തുടങ്ങി. എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. ആറേഴു മിനിട്ടു കഴിഞ്ഞപ്പോൾ, ഞാൻ നന്നായി അറിയുന്ന, ചങ്ങനാശ്ശേരിയിലെ ഒരു സീനിയർ സിറ്റിസൺ ആണു സംസാരിക്കുന്നതെന്നും അഭിവന്ദ്യആലഞ്ചേരിപ്പിതാവിനോടാണു സംസാരിക്കുന്നതെന്ന ഉറച്ചബോധ്യത്തിലാണു സംസാരിക്കുന്നതെന്നും മനസ്സിലായി.

ഇത്രയുമായപ്പോൾ, സംഭാഷകൻ ശ്വാസമെടുക്കുന്നതിനിടയ്ക്ക് എന്നുപറയത്തക്കവിധത്തിൽ വളരെ ചെറിയൊരു ഇടവേളയിൽ ഞാൻ ചോദിച്ചു: 'ആലഞ്ചേരിപിതാവാണെന്നു കരുതിയല്ലേ അച്ചായൻ ഇത്രയും സംസാരിച്ചത്?' 'അയ്യോ, പിതാവല്ലേ?', വലിയ വിഷമത്തോടെ അദ്ദേഹം ചോദിച്ചു. അദ്ദേഹത്തിന്റെ ദുഃഖം അല്പമെ





ങ്കിലും കുറഞ്ഞെങ്കിൽ അത്രയുമാകട്ടെ എന്നു കരുതി ഞാൻ പറഞ്ഞു: 'ഇതു വട്ടക്കളത്തിലച്ചനാ.'

അദ്ദേഹം തുടർന്നു: 'വട്ടക്കളത്തിലച്ചനാണോ? എന്റെച്ചാ, എന്തൊരു വലിയ കൃപയാണ്, അനുഗ്രഹമാണ്, സർവ്വശക്തനും സ്നേഹസ്വരൂപനുമായ ദൈവം നമുക്കു സമ്മാനിച്ചിരിക്കുന്നത്? എന്റെച്ചാ, എന്റെ ഹൃദയം സന്തോഷം കൊണ്ടുതുള്ളുകയാണ്. പിള്ളേരെല്ലാം സന്തോഷാധിക്യത്താൽ തുള്ളിച്ചാടുന്നു. ദൈവത്തിന്റെ വഴികൾ വിസ്മയാവഹമല്ലേ അച്ചാ? ഇതൊക്കെ പിതാവിനെ നേരിട്ടറിയിക്കാമെന്നു കരുതി ഞാൻ വിളിച്ചതാണ്. അച്ചന്റെ അനിയനാണ് എനിക്ക് ഈ നമ്പർ തന്നത്. പിതാവിന്റെ നമ്പരാണു ഞാൻ അദ്ദേഹത്തോടു ചോദിച്ചത്. അദ്ദേഹം കരുതി, അച്ചന്റെ നമ്പർ ആയിരിക്കും ചോദിക്കുന്നതെന്ന്. സാരമില്ല, എനിക്കു പിതാവിനോടു പറയാനുള്ളതെല്ലാം അച്ചനോടല്ലേ ഞാൻ പറഞ്ഞത്? ഇനി ഉടനെ പിതാവിനോടു സംസാരിക്കാൻ സാധിച്ചില്ലെങ്കിലും സാരമില്ലച്ചാ. അച്ചൻ ഉടനെ പിതാവിനെ വിളിക്കുമോ? വിളിക്കുകയാണെങ്കിൽ എന്റെയും കുടുംബത്തിന്റെയും അന്വേഷണവും അനുമോദനങ്ങളും പിതാവിനെ ഒന്ന് അറിയിക്കണേ.'

ഈ സംഭവത്തിനു രണ്ടുദിവസങ്ങൾക്കുശേഷം ചങ്ങനാശ്ശേരിയിൽ ഒരു ഡി.റ്റി.പി ഓഫീസിൽ നിൽക്കുമ്പോൾ, ഏകദേശം 45 വയസ്സു പ്രായമുള്ള ഒരു കത്തീഡ്രൽ ഇടവകക്കാരൻ അത്യുത്സാഹത്തോടെ അങ്ങോട്ടുചാടിക്കയറി വന്നു സ്തുതി പറഞ്ഞു. വിദേശത്തു ജോലി ചെയ്യുന്ന അദ്ദേഹത്തെക്കണ്ടപ്പോൾ വലിയ സന്തോഷം തോന്നി. വളരെനല്ല ഒരു ചെറുപ്പക്കാരനാണ്, ആധ്യാത്മികതയും പ്രാർത്ഥനാജീവിതവുമൊക്കെ ഉള്ള ആൾ. സാധിക്കുന്ന ദിവസങ്ങളിലൊക്കെ ദിവ്യബലി അർപ്പിക്കും. 'അവധിസമയമാണോ'? എന്ന എന്റെ ചോദ്യത്തിനുള്ള മറുപടി ഇതായിരുന്നു. 'അല്ലച്ചാ; നമ്മുടെ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിക്കാൻ വേണ്ടിമാത്രം, എമർജൻസി ലീവിൽ, എമർജൻസി ഫ്ളൈറ്റിൽ വന്നതാണ്. ഞാൻ നാളെത്തന്നെ മടങ്ങിപ്പോകും.'

ചങ്ങനാശ്ശേരിയിലെ ജനങ്ങളുമായി ആലഞ്ചേരിപ്പിതാവിന്റെ ആഴമേറിയ ആത്മബന്ധങ്ങളെക്കുറിച്ചു സൂചിപ്പിക്കാനാണ് ഒന്നു രണ്ടു സംഭവങ്ങൾ അവതരിപ്പിച്ചത്.

അജപാലനരംഗത്തു നാലു കാര്യങ്ങൾ അദ്ദേഹം നിർബന്ധമായും ചെയ്തിരുന്നു: സാന്നിദ്ധ്യം നൽകുക, സംരക്ഷണം നൽകുക, ആലോചന നൽകുക, ഉറപ്പു നൽകുക. സാന്നിദ്ധ്യം സമ്മാനിക്കുന്ന പലകാര്യങ്ങളിൽ ഒന്ന് അതു ലഭിക്കുന്നവർക്കു ശക്തി കൈവരുത്തുന്നു എന്നതാണ്. ബന്ധപ്പെടുന്നവർക്കെല്ലാം ശക്തിധൈര്യങ്ങൾ പകരുന്നതിൽ ഈ അജപാലകൻ (വിദ്യാലയ



ങ്ങളിലും സെമിനാരികളിലും ആയിരുന്നപ്പോൾപ്പോലും) നൂറു ശതമാനം വിജയമായിരുന്നു. പ്രതികൂലങ്ങളെ അതിജീവിച്ചു മുമ്പോട്ടു പോകാൻ ഏവർക്കും അദ്ദേഹം എപ്പോഴും പ്രചോദന മായിരുന്നു.

സാന്നിദ്ധ്യം സംരക്ഷണത്തിലേക്കു നയിക്കുന്നു. പൗലോസ് ശ്ലീഹായെപ്പോലെ, പാപമൊഴികെ എല്ലാ കാര്യങ്ങളിലും എല്ലാ വർക്കും എല്ലാമാകുവാനുള്ള ആത്മാർത്ഥമായ ഒരു പരിശ്രമം ഈ അജപാലകന്റെ, ഈ സുഹൃത്തിന്റെ, ഈ സഹപാഠിയുടെ ഭാഗ ത്തുനിന്ന് എപ്പോഴും ഉണ്ടായിരിന്നു.

ആവശ്യമുള്ളവർക്ക്, ആഗ്രഹമുള്ളവർക്ക്, വിവേകപൂർവ്വകമായ ആലോചന നൽകുന്നതിലും അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. പ്രാർത്ഥനയിൽ ദൈവത്തോട് ആലോചന ചോദിച്ച്, ദൈവം നൽകുന്ന ബോദ്ധ്യത്തിലാണ് അദ്ദേഹം ഉപദേശവും ഉറപ്പും നൽകി യിരുന്നത്. ഈ ഉറപ്പിനും ഉപദേശത്തിനും ഒരു അപ്രമാദിത്വമു ണ്ടല്ലോ. ഇവയിൽ അദ്ദേഹത്തിന് ഒരിക്കലും തെറ്റുപറ്റിയതായി അറിവില്ല.

## വിശ്വാസപരിശീലനവിഭാഗ ഡയറക്ടർ

ഭദ്രാസനഇടവകയിൽ ശുശ്രൂഷ ചെയ്തിരുന്നതിനോടൊപ്പം ചങ്ങ നാശ്ശേരി അതിരൂപതയുടെ വിശ്വാസപരിശീലനവിഭാഗത്തിന്റെ ഡയ റക്ടറായും ആലഞ്ചേരിലച്ചൻ സേവനമനുഷ്ഠിച്ചിരുന്നു. ഭാരിച്ച രണ്ട് ഉത്തരവാദിത്വങ്ങൾ ഒരേ സമയത്തു സ്തുത്യർഹമായ വിധത്തിൽ നിർവ്വഹിക്കുന്നതിന് ആവശ്യമായ അസാമാന്യത്യാഗസന്നദ്ധതയും കഴിവും കഠിനാധ്വാനവും പ്രോജ്വലമായ വിശ്വാസതീക്ഷ്ണതയും അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നു. ഈ സേവനം 'നിസ്തുലം' എന്നാണ് അഭിവന്ദ്യ പവ്വത്തിൽപിതാവു പറയുന്നത്. സഭാവിജ്ഞാനീയം, ദൈവശാസ്ത്രം, പാരമ്പര്യം ഇവയ്ക്കു വിശ്വാ സപരിശീലനത്തിലുള്ള പ്രാധാന്യം മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് ഈ രംഗത്ത് അച്ചൻ പ്രവർത്തിച്ചിരുന്നത്. മനുഷ്യബന്ധങ്ങൾ സ്ഥാപിക്കാനുള്ള അദ്ദേഹത്തിന്റെ അനുപമകഴിവും ഇരുതസ്തി കകളിലും കാര്യമാത്രപ്രസക്തമായി പ്രവർത്തിക്കുന്നതിന് അദ്ദേഹത്തിന് ഏറെ സഹായകമായിരുന്നു.

'തൊട്ടതെല്ലാം പൊന്നാക്കി' ആലഞ്ചേരിലച്ചൻ മുന്നേറുകയാണ്. സഭാതലത്തിൽ അദ്ദേഹം നൽകിയ ആദ്യസേവനമായി ഈ ഡയ റക്ടർ സ്ഥാനത്തെ കണക്കാക്കാം. മൂന്നുവർഷം ഈ തസ്തിക യിൽ സേവനമനുഷ്ഠിച്ചു. സഭാതനയരുടെ വിശ്വാസപരിശീലന മേഖലയിൽ വളരെയേറെ നന്മകൾ ചെയ്യാൻ ഈ മേഖല അദ്ദേ ഹത്തെ സഹായിക്കുകയും ചെയ്തു. കേരളത്തിലെ വിവിധ രൂപ





താദ്ധ്യക്ഷന്മാരുമായും വിശ്വാസപരിശീലനത്തിന്റെ രൂപതാ ഡയറക്ടർമാരുമായും അടുത്തു സഹകരിച്ചു പ്രവർത്തിക്കുവാൻ ഈ പശ്ചാത്തലം അദ്ദേഹത്തിന് ഏറെ ഉപകരിച്ചു. പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിലും പാരീസ് കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ടിലുമായി നടത്തിയ ഗവേഷണപഠനത്തിനുള്ള ഒരുക്കവും അതിനുനിയോഗിക്കപ്പെടാനുള്ള ഒരു നിമിത്തവുമായി ഈ ശുശ്രൂഷയെ വിലയിരുത്താവുന്നതാണ്.

# 7

# ഉന്നത വിദ്യാഭ്യാസവും തുടർക്കഥയും സോർബോൺ യൂണിവേഴ്സിറ്റിയിലും പാരീസ് കാത്തലിക് യൂണിവേഴ്സിറ്റിയിലും

കലാലയവിദ്യാഭ്യാസകാലംമുതലേ ഗവേഷണകുതുകിയായിരുന്നു ജോർജ്ജ് ആലഞ്ചേരിലച്ചൻ. ബി.ഡി., എം.റ്റി.എച്ച് പഠനങ്ങൾ പ്രസ്തുത ഗവേഷണപരത ആഴപ്പെടുത്തി. മേജർ സെമിനാരി പഠനം ആദ്യന്തം, ബിബ്ളിക്കൽ തിയോളജിയിൽ തുടർന്നു നടത്തിയ ഗവേഷണ പഠനത്തിനുള്ള, തയ്യാറെടുപ്പായിരുന്നു.


സോർബോൺ യൂണിവേഴ്സിറ്റിയിലും പാരീസ് കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ടിലുമായി, വിശ്വവിഖ്യാതരായ ബൗദ്ധിക മഹാരഥന്മാരുടെ പാദാന്തികത്തിലിരുന്നു ഗവേഷണം നടത്തി, അവരുടെ പ്രശംസയ്ക്കു പാത്രമായി ഡി.എസ്.ഇ. ബിയും ഡി.റ്റി.എച്ചും (Doctorate in Theology) കരസ്ഥമാക്കാൻ കഴിഞ്ഞത് വലിയ ദൈവാനുഗ്രഹമാണ്.

ഈ സംഭവവികാസങ്ങളിലൂടെയെല്ലാം സർവ്വശക്തൻ ഫാ. ആലഞ്ചേരിയെ വൻകാര്യങ്ങൾക്കായി ഒരുക്കുകയായിരുന്നു. പിന്നിട്ട ഓരോ സംഭവവും ധന്യമായ ഈ ജീവിതത്തിലെ നാഴികക്കല്ലുകളാണ്.

## പി.ഒ.സി. ഡയറക്ടർ

പണ്ഡിതവരേണ്യനായി പാരീസിൽ നിന്നു മടങ്ങിവന്ന റവ. ഡോ. ജോർജ്ജ് ആലഞ്ചേരിയെ 1981–ൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (പി.ഒ.സി) ഡയറക്ടറായി കേരളാകാത്തലിക് ബിഷപ്സ് കോൺഫറൻസ് (കെ.സി.ബി.സി) നിയമിച്ചു.

കെ.സി.ബി.സിയുടെ ആസ്ഥാനകാര്യാലയമാണ് പാലാരിവട്ടത്തുള്ള പി.ഒ.സി. ഈ തസ്തികയിൽ അച്ചൻ ആറുവർഷം സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ സ്നേഹാദരവുകളോടെയുള്ള പെരുമാറ്റം പി.ഒ.സിയെ ഒരു സ്നേഹകുടുംബമാക്കി മാറ്റി. ആധ്യാത്മികതയും സാമൂഹികപ്രവർത്തനങ്ങളും വിദ്യാഭ്യാസപരിപാടികളും വിജയകരമായി സമന്വയിപ്പിച്ചുകൊണ്ടു പോകാമെന്ന് ഈ കാലയ





ഉവിൽ അച്ചൻ തെളിയിച്ചു. ആലഞ്ചേരിലച്ചന്റെ നീതിബോധം സഭയുടെ സാമൂഹികപ്രബോധനപരമായ ചാക്രികലേഖനങ്ങൾ മലയാളത്തിലാക്കി പ്രചരിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.

കാര്യക്ഷമമായി പ്രസ്തുതദൗത്യം നിർവ്വഹിക്കുന്നതിന്, ഒരു ഔദ്യോഗികവിവർത്തകനെ കണ്ടെത്തി പി.ഒ.സി പ്രസിദ്ധീകരണങ്ങളുടെയെല്ലാം ജനറൽ എഡിറ്ററായി നിയമിച്ചത് അച്ചന്റെ തന്ത്രപ്രധാനമായ ഒരു നീക്കമായിരുന്നു. അദ്ദേഹത്തിന്റെ നേതൃപാടവം പടർന്നുപന്തലിച്ചതു പിഒസിയിൽ വച്ചാണെന്നു നിസ്സംശയം പറയാം.

ബൈബിൾ പഠനവും പ്രചാരണവും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഒരു ബൈബിൾ സൊസൈറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വളരെയേറെ ക്ലേശങ്ങൾ അദ്ദേഹം സഹിക്കേണ്ടിവന്നിട്ടുണ്ട്. ഏറെ സാമ്പത്തിക ക്ലേശങ്ങളിലൂടെ കടന്നുപോയിരുന്ന പിഒസിയെ നയിക്കുക ആയാസപൂർണ്ണമായിരുന്നു.

സഭ സാധാരണജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണമെന്ന ആശയം സാക്ഷാത്കരിച്ചുകൊണ്ട് പിസിഡിറ്റി (പാലാരിവട്ടം കമ്മ്യൂണിറ്റി ഡിവലപ്മെന്റ് ട്രസ്റ്റ്) യുടെ പ്രവർത്തനങ്ങൾക്കു സുശക്തവും സജീവവുമായ പ്രോത്സാഹനം നൽകാൻ ആലഞ്ചേരിലച്ചൻ അക്ഷീണം യത്നിച്ചു. അദ്ദേഹം പാലാരിവട്ടം ഗ്രാമത്തെ കൈക്കുമ്പിളിൽ കോരിയെടുത്ത്, വാരിപ്പുണർന്ന്, അതിനു സ്നേഹസാന്ത്വനങ്ങൾ പകർന്നു. ആ പ്രദേശത്തെ പാവപ്പെട്ടവർക്കു ധാരാളം നന്മകൾ ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. എപ്പോഴും തന്നെ അദ്ദേഹം പിസിഡിറ്റിയുടെ പ്രവർത്തനങ്ങളോടൊപ്പം ഉണ്ടായിരുന്നു.

അങ്ങനെ, സാമൂഹികനീതിയെക്കുറിച്ചുള്ള തന്റെ അവബോധങ്ങൾ പ്രാവർത്തികമാക്കാൻ ആലഞ്ചേരിലച്ചൻ പരമാവധി പരിശ്രമിക്കുകയായിരുന്നു. എവിടെയും എപ്പോഴുമെന്നപോലെ പിഒസിയിലും കഠിനാധ്വാനം അച്ചന്റെ കൂടെപ്പിറപ്പായിമാറി.

എറണാകുളം റെയിൽവേസ്റ്റേഷനിൽ ഭിക്ഷയാചിച്ചു ജീവിച്ചിരുന്ന നാരായണനെ സ്നേഹപൂർവ്വം വിളിച്ചുകൊണ്ടുവന്നു പിഒസിയിൽ ജോലി നൽകി സഹായിച്ചത് അച്ചന്റെ ഒരായിരം നന്മകളുടെ ആവിഷ്കാരമാണെന്നു മാത്രം പറഞ്ഞുവയ്ക്കട്ടെ.

## ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി

പിഒസിയുടെ ഡയറക്ടറായിരുന്ന അതേസമയം തന്നെ ആലഞ്ചേരിലച്ചൻ കെസിബിസിയുടെ ഡെപ്യൂട്ടിസെക്രട്ടറിയുമായിരുന്നു. 1993-വരെ ഈ തസ്തികകളിൽ അദ്ദേഹം സഭയെ ശുശ്രൂഷിച്ചു. കേരളത്തിലെ ഇടയശ്രേഷ്ഠന്മാരെല്ലാവരുമായും വൈയക്തികവും




സുദൃഢവും ആരോഗ്യകരവുമായ ആത്മബന്ധം പുലർത്തുന്നതിന് ഈ ശുശ്രൂഷയും അച്ചന് അങ്ങേയറ്റം ഉപകരിച്ചു. തന്റെ അജപാലനപരിചയം കൂടുതൽ ആഴവും പരപ്പുമുള്ളതാക്കാനും ഈ ശുശ്രൂഷ അദ്ദേഹത്തിനു പൂർവ്വാധികം സഹായകമായി.

## പൗരസ്ത്യവിദ്യാപീഠം പ്രൊഫസ്സർ

പിഒസി ഡയറക്ടർ, കെസിബിസിയുടെ ഡെപ്യൂട്ടിസെക്രട്ടറി എന്നീ തസ്തികകളിൽ തെരക്കേറിയ ശുശ്രൂഷകൾക്കിടയിലും ഡോ. ആലഞ്ചേരി കോട്ടയം വടവാതൂർ സെമിനാരിയിൽ പൗരസ്ത്യ വിദ്യാപീഠം പ്രൊഫസ്സറുമായിരുന്നു. അച്ചന്റെ അഗാധപാണ്ഡിത്യവും പക്വമായ ആത്മീയതയും മികവുറ്റ ആധ്യാത്മികവ്യക്തിത്വവും മറ്റനവധി നന്മകളും തന്റെ ശിഷ്യരെ ഹഠാദാകർഷിച്ചിരുന്നു. ആരാധ്യമായ, ആദരണീയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായാണ് അവർ അദ്ദേഹത്തെ കാണുക. ഏവർക്കുമെന്നപോലെ തന്റെ ശിഷ്യസഞ്ചയത്തിനും അദ്ദേഹം എന്നെന്നും അഭിമാനമാണ്; ഒപ്പം അഭിമതനും അഭിഗമ്യനും.

ബോധ്യങ്ങളുടെ തലത്തിൽ നിന്നുകൊണ്ടു സംസാരിക്കുന്ന പ്രൊഫ. ഫാ. ആലഞ്ചേരിയുടെ ക്ലാസ്സുകളെല്ലാം തന്റെ വിദ്യാർത്ഥികളിൽ ബോധ്യം ജനിപ്പിക്കുന്നവയും പ്രചോദനം പകരുന്നവയുമായിരുന്നുവെന്ന് അവർ ഐകകണ്ഠ്യേന സാക്ഷ്യപ്പെടുത്തുന്നു. പ്രവാചകശബ്ദത്തിലും അധികാരത്തിലും ക്ലാസ്സെടുക്കുന്ന ഈ അതുല്യഅധ്യാപകപ്രതിഭ അറിവിന്റെ ഭണ്ഡാഗാരമാണെന്നാണ് അവർ തറപ്പിച്ചു പറയുക. ഇടയശുശ്രൂഷയും പ്രബോധനവും പ്രവാചകദൗത്യങ്ങളാണ്. ഇതു നന്നായി അറിയുന്ന, കാലിടറാത്ത ഈ ഗുരുശ്രേഷ്ഠന്റെ ക്ലാസ്സുകൾ ആധികാരികതയുള്ളവയും അനുഭവസമ്പന്നവുമായിരുന്നുവെന്നത് ശിഷ്യർ തലകുലുക്കി സമ്മതിക്കുന്ന സംഗതിയാണ്. അദ്ദേഹത്തിന്റെ വിനയവും സ്നേഹവും ലാളിത്യവും ദൈവാശ്രയബോധവും ആത്മീയചൈതന്യവും ശിഷ്യരെ സ്വാധീനിച്ചു കൊണ്ടേയിരിക്കുന്നു. ഇവയാണ് അച്ചന്റെ എല്ലാപ്രവർത്തനങ്ങളുടെയും ചാലകശക്തിയെന്ന് അനുഭവിച്ചറിഞ്ഞ ശിഷ്യർ അത് അസന്നിഗ്ദ്ധമായി സാക്ഷ്യപ്പെടുത്തുന്നതിൽ അങ്ങേയറ്റം വാചാലരാണ്. എല്ലാവരെയും സ്നേഹിതരായി കരുതിയ മിശിഹാതമ്പുരാന്റെ മനോഭാവവും ശൈലിയുമാണ് തങ്ങളുടെ ശ്രേഷ്ഠാചാര്യൻ സ്വായത്തമാക്കിയിരിക്കുന്നതെന്നത് ശിഷ്യരുടെയെല്ലാം സുചിന്തിതമായ അഭിപ്രായമാണ്. 1997-വരെ അച്ചൻ വിദ്യാപീഠത്തിൽ അധ്യാപകനായിരുന്നു. യുഗാന്ത്യോന്മുഖത, കൂദാശകൾ ഇവയോടു ബന്ധപ്പെട്ട ദൈവശാസ്ത്രമാണ് അദ്ദേഹം വിദ്യാപീഠത്തിൽ പഠിപ്പിച്ചിരുന്നത്.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

## ചങ്ങനാശ്ശേരി അതിരൂപതാ ലിറ്റർജിക്കൽ അപ്പസ്റ്റലേറ്റ് ഡയറക്ടർ

ക്രൈസ്തവന്റെ ജന്മാവകാശമാണ് ആത്മാവിലും സത്യത്തിലും ആരാധിക്കുകയെന്നത്. എല്ലാ മനുഷ്യരും രക്ഷപെടണമെന്നും സത്യം അറിയണമെന്നും തീവ്രമായി ആഗ്രഹിക്കുന്ന അഖിലേശൻ നിയോഗിച്ചു തന്നിരിക്കുന്ന അലംഘ്യവും അവികലവുമായ മാർഗ്ഗ മാണിത്. ഈ ആരാധന അതിന്റെ പാരമ്യത്തിലെത്തുന്നത് അനു നിമിഷം ആവർത്തിക്കപ്പെടുന്ന കാൽവരിയിലെ കല്പപാദപത്തി ലാണ്. ലിറ്റർജിയുടെ ഉയിരും ഉശ്ശിരും ഉച്ചകോടിയുമാണിത്. ഈ വിശിഷ്ട വിരുന്നിന് അണയുന്നതിനുമുമ്പ് മനുഷ്യർ വിശ്വാസ ത്തിലേക്കും അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയി ക്കപ്പെടണം. ഇതിനുള്ള ഉപാധിയാണ് ഈശോ സ്ഥാപിച്ചു തന്ന വിശുദ്ധകുമ്പസാരം.

മനുഷ്യന്റെ വിശുദ്ധീകരണവും ദൈവത്തിന്റെ സമ്പൂർണ്ണമഹ ത്ത്വവും സാധിതമാക്കുന്ന മഹത്തായ ദൗത്യമാണ് പരിശുദ്ധ കുർബാനയിൽ ഈശോ പൂർത്തിയാക്കുന്നത്; പൂർത്തിയാക്കിക്കൊ ണ്ടിരിക്കുന്നത്. ഈ പ്രക്രിയയിൽ പ്രകൃതിനാഥൻ  സഭയെ തന്റെ സഹകാരിയാക്കിയിരിക്കുന്നു. അവൾ അവിടുത്തെ പ്രേഷ്ഠമണ വാട്ടിയത്രെ. അവളോ തന്റെ നാഥനെ വിളിച്ചു പ്രാർത്ഥിക്കുകയും ആ നാഥൻവഴി പരിശുദ്ധത്രിത്വത്തിനു പരമാരാധന അർപ്പിക്കു കയും ചെയ്യുന്നു.

ലിറ്റർജി ഈശോമിശിഹായുടെ പൗരോഹിത്യ പ്രവൃത്തിയുടെ നിർവ്വഹണമാണല്ലോ. അതിലൂടെ, മനുഷ്യവിശുദ്ധീകരണം, ഐന്ദ്രി കമായ അടയാളങ്ങളിലൂടെ, സാധിതമാകുന്നു. ലിറ്റർജിയിൽ ഈ അടയാളങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നുമുണ്ട്. ഇവിടെ പൂർണ്ണമായ ദൈവാരാധന നിർവ്വഹിക്കുന്നതു മിശിഹായും അവിടുത്തെ മൗതി കശരീരമായ സഭയുമാണ്; അതായത് ശിരസ്സും അംഗങ്ങളും ഒരു മിച്ച്.

ആ നിലയ്ക്ക് ലിറ്റർജിയിലെ ഓരോ തിരുക്കർമ്മവും പുരോ ഹിതനായ ഈശോമിശിഹായുടെയും അവിടുത്തെ ശരീരമായ സഭയുടെയും പ്രവൃത്തിയാണ്. തന്മൂലം എല്ലാം വിശുദ്ധവും വിശിഷ്ടവുമാണ്.

ഈ സത്യങ്ങളും, അവയുടെ വിശദാംശങ്ങളും ചങ്ങനാശ്ശേരി അതിരൂപതയിലെ ദൈവജനത്തിനു ബോധ്യപ്പെടുത്തുകയായിരുന്നു ലിറ്റർജിക്കൽ അപ്പസ്റ്റൊലേറ്റിന്റെ ഡയറക്ടറെന്ന പദവിയിൽ ബ.ആലഞ്ചേരിലച്ചൻ ആറുവർഷം നിർവ്വഹിച്ചിരുന്നത്. നിർണ്ണാ യകനിമിഷങ്ങളിലാണ് ഈ ദൗത്യം നിർവ്വഹിക്കാൻ അദ്ദേഹം



നിയോഗിക്കപ്പെട്ടത്. ദൈവമഹത്ത്വത്തിന് ഉപയുക്തമായ വിധത്തിൽ ഈ ചുമതല ചെയ്തു തീർക്കാൻ അദ്ദേഹത്തിനു സാധിച്ചുവെന്ന താണ് ലേഖകന്റെ വിലയിരുത്തൽ.

## പ്രീസ്റ്റ്സ് സെനറ്റ് സെക്രട്ടറി

ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രീസ്റ്റ്സ് സെനറ്റ് സെക്ര ട്ടറിയായിരുന്നു ആലഞ്ചേരിലച്ചനെന്നത് അനുമോദനാർഹമായകാ ര്യമാണ്. തെരക്കേറിയ അജപാലനജീവിതത്തിനിടയിൽ ബുദ്ധിമു ട്ടുള്ള ഈ തസ്തികയിലും അദ്ദേഹം സ്തുത്യർഹമായിത്തന്നെ പ്രവർത്തിച്ചു.

## ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരിജനറാൾ

ഇത്രയും വൈവിധ്യമാർന്ന അനുഭവങ്ങളോടും പരിചയസമ്പ ത്തോടും കൂടി വികാരിജനറാൾ സ്ഥാനം ഏറ്റെടുത്ത ആരെയും അറിഞ്ഞുകൂടാ. ആലഞ്ചേരിലച്ചന്റെ അജപാലനരംഗത്തെ ഗ്രാജു വേഷന്റെ കാലമായിരുന്നു ഇതെന്നു പറയാം. എറണാകുളം-അങ്ക മാലി അതിരൂപതയിലെ പെരിയാർമുഖം കുരിശുപള്ളിയിൽ ആരം ഭിച്ച്, ചങ്ങനാശ്ശേരി അതിരൂപതാഭദ്രാസനഇടവകയിൽ സഹവികാ രിയായി തുടർന്ന്, വികാരിജനറാൾ സ്ഥാനത്ത് എത്തുന്നതു വരെ യുള്ള സ്നേഹസത്യങ്ങളുടെ തീർത്ഥാടനം പെരുവെള്ളപ്പാച്ചിൽ പോലെയോ അതോ ശാന്തമായി, വീശുന്ന കുഞ്ഞിളം കാറ്റിന്റെ തലോടലേറ്റ്, മന്ദം മന്ദം മുമ്പോട്ടൊഴുകുന്ന കൊച്ചരുവിപോലെയോ എന്ന നിഗമനം മാന്യവായനക്കാർക്കു വിടുന്നു. ഒന്നു തീർച്ചയാണ്. ഓരോ തസ്തികയിലൂടെയും ഉടയവൻ ഉത്തമനെ ഉയരങ്ങളിലേക്കു നയിക്കുകയായിരുന്നു. എവിടെയും എല്ലായിടത്തും he was a man for others.

സീറോമലബാർസഭയുടെ അജപാലനം, മതബോധനം, കൂദാശക്രമങ്ങൾ തുടങ്ങിയവയുടെ നവീകരണത്തിനു വേണ്ടി നിസ്തുലസംഭാവനകളാണ് വികാരിജനറാളച്ചൻ ഈ കാലയളവിൽ കാഴ്ചവച്ചത്. ചങ്ങനാശ്ശേരി അതിരൂപതയിലെയും കന്യാകുമാരി മിഷനിലെയും ഒട്ടുമിക്ക ഇടവകകളും പരിചയപ്പെടുവാനും അവ യെക്കുറിച്ചൊക്കെ കൂടുതൽ പഠിക്കുവാനും ഈ ശുശ്രൂഷയിലൂടെ അദ്ദേഹത്തിനു കഴിഞ്ഞു. അതിരൂപതയിൽ സേവനമനുഷ്ഠിച്ചിരുന്ന വൈദികരെ കൂടുതൽ പരിചയപ്പെടാനും അവരുമായി ആത്മബന്ധം പുലർത്താനും അവരിൽനിന്ന് ഇടവകകളെക്കുറിച്ചും ഇടവകകളിലെ പ്രശ്നങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാനും മഹാമനസ്ക്കനായ ഈ ജനനായകനു സാധിച്ചു.





അതിരൂപതാംഗങ്ങളായ ജനങ്ങളുമായി കൂടുതൽ ഇടപഴകാനും അവരുടെ ബുദ്ധിമുട്ടുകൾ നേരിട്ടുമനസ്സിലാക്കാനും പരിഹാരം കണ്ടെത്താൻ അതിരൂപതാതലത്തിൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നു പരിചിന്തിക്കാനും സാധിക്കുന്ന പരിഹാരങ്ങൾ നിർദ്ദേശിക്കാനും അവ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും വികാരി ജനറാൾ എന്നനിലയിൽ, ദൈവം ആലഞ്ചേരിലച്ചനെ ഉപകരണമാക്കി. എല്ലാവരുമായും കൂടുതൽ ആത്മബന്ധത്തിൽ ആകുവാനും ജനറാൾസ്ഥാനം അദ്ദേഹത്തിനു നിമിത്തമായിയെന്നതിൽ രണ്ടുപക്ഷമില്ല.

ദൈവം അനാദിയിലേ നിശ്ചയിച്ചിരുന്ന മെത്രാൻ പദവി കൂടുതൽ ഒരുക്കത്തോടെ, സുസജ്ജമായി, ഏറെ അനുഭവസമ്പത്തോടെ, ആത്മധൈര്യത്തോടെ, ഒപ്പം വലിയ വിനയത്തോടെ സ്വീകരിക്കാൻ അച്ചന്റെ വികാരിജനറാൾസ്ഥാനം കരുവും കാരണവുമായിയെന്നത് നിസ്ത്തർക്കമായ കാര്യമാണ്. കേരളത്തിലും തമിഴ്നാട്ടിലും ലോകമെമ്പാടും  നന്മ ചെയ്തു ചുറ്റി സഞ്ചരിക്കാൻ ബ. ആലഞ്ചേരിലച്ചനെ മഹോന്നതൻ അനുഗ്രഹിച്ച് ഒരുക്കുകയായിരുന്നു.

# 8

# ഉന്നതശ്രേണികളിലേക്ക് മാർ ജോർജ്ജ് ആലഞ്ചേരി

1996– ഡിസംബർ 18 ഫാ. ജോർജ്ജ് ആലഞ്ചേരിയുടെ പൗരോഹിത്യസ്വീകരണത്തിന്റെ ഇരുപത്തിനാലാം വാർഷികമായിരുന്നു. 'സർവ്വഥായോഗ്യൻ' എന്നു കണ്ട വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അദ്ദേഹത്തെ പൗരോഹിത്യത്തിന്റെ പൂർണ്ണിമയായ മെത്രാൻ പദവിയിലേക്കു നാമനിർദ്ദേശം ചെയ്തത് അന്നാണ്.

1997– ഫെബ്രുവരി രണ്ടാം തീയതി അഭിവന്ദ്യ പവ്വത്തിൽപിതാവിന്റെ കൈവയ്പുവഴി അദ്ദേഹം, പുതുതായി സ്ഥാപിക്കപ്പെട്ട തക്കല രൂപതയുടെ പ്രഥമ മെത്രാനായി അഭിഷേചിക്കപ്പെട്ടു. പുതിയ പിതാവു തക്കലയ്ക്കു പുതുമുഖമായിരുന്നില്ലല്ലോ.

നവ്യരൂപതയുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടിയുള്ള അഭിവന്ദ്യപിതാവിന്റെ ഇടമുറിയാത്ത പടയോട്ടമാണ് കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ തക്കലമക്കൾ ദർശിച്ചത്. കുറേ ഇല്ലായ്മകൾ– ആവശ്യത്തിനുള്ള പുരോഹിതരുടെ, പള്ളികളുടെ, ഒരു കിടപ്പാടത്തിന്റെ, ഒരു മൈനർ സെമിനാരിയുടെ, ബലവത്തായ പള്ളികളുടെ, ഒരു സിംഹാസനപ്പള്ളിയുടെ, സ്കൂളുകളുടെ, കോളജുകളുടെ, സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ, ആതുരാലയങ്ങളുടെ, സാമൂഹികക്ഷേമകേന്ദ്രങ്ങളുടെ, മന്ദബുദ്ധികൾക്കും മാനസികരോഗികൾക്കുമുള്ള ഭവനങ്ങളുടെ, അങ്ങനെ നീണ്ടുപോകുന്ന ഇല്ലായ്മകളുടെ ലിസ്റ്റ്– കൈമുതലാക്കിയാണ് പുതിയ ഇടയൻ തക്കലയിൽ തന്റെ ശുശ്രൂഷ തുടങ്ങിയത്.

പടയോട്ടം പരിപൂർണ്ണവിജയമായിരുന്നുവെന്നത് ഇതിനകം ഏവരും മനസ്സിലാക്കിയിരിക്കുമല്ലോ. കുറവുകളെല്ലാം നിറവുകളായി. തന്റെ മക്കളെ ആധ്യാത്മികതയിൽ ഉണർത്തുകയും വളർത്തുകയും ചെയ്യുന്നതിനായിരുന്നു പ്രഥമസ്ഥാനം.

ഇപ്പോൾ, ലാളിത്യം കൈമുതലായുള്ള 40000 തമിഴ്മക്കൾ (കുറച്ചു മലയാളികളും ഉൾപ്പെടും) സീറോമലബാർസഭയുടെ അംഗങ്ങളായി





സസന്തോഷം തക്കലരൂപതയിൽ മുന്നേറുന്നു. ഇവരുടെ ഭവനങ്ങളിലെത്തി, ഇവരെയെല്ലാം പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും ഇവരോടൊപ്പം പ്രാർത്ഥിക്കുകയും ഇവരെ ക്രൈസ്തവവിശ്വാസത്തിൽ വളർത്തുകയും ചെയ്യാൻ ആലഞ്ചേരിപ്പിതാവു ഭഗീരഥപ്രയത്നം തന്നെ നടത്തിയിട്ടുണ്ട്. പിതാവിന്റെ അനുഗ്രഹാശ്ശിസ്സുകളോടെ, തന്റെ മേൽനോട്ടത്തിൽ, നടന്നിരുന്ന ഒരു രൂപതാപ്രാർത്ഥനാഗ്രൂപ്പ് തക്കലരൂപതയ്ക്ക് മാത്രം സ്വന്തമെന്ന് അവകാശപ്പെടാവുന്നതാണ്.

ഇരുപത്തിരണ്ടിലധികം പുതിയഇടവകകൾ സ്ഥാപിച്ച് അവിടെയൊക്കെ ബലവത്തായ പള്ളികൾ പിതാവു പണിയിച്ചു. പുനരുദ്ധരിക്കപ്പെടേണ്ടിയിരുന്ന പള്ളികളെല്ലാം പുനരുദ്ധരിച്ചു. നല്ല ഒരു ഭദ്രാസനദൈവാലയം  പണിയിച്ചു.

സുവിശേഷപ്രഘോഷണത്തിനും അജപാലനത്തിനും സമർപ്പിതരായ വൈദികരെയാണല്ലോ ഏറ്റം ആവശ്യം. അതുകൊണ്ടു പിതാവ് മാതാവിന്റെ നാമത്തിൽ മഞ്ചാലുമ്മൂട്ടിൽ ഒരു മൈനർ സെമിനാരി സ്ഥാപിച്ചു. 'സംഗമം' എന്നപേരിൽ ഒരു Animation and Administration Centre സ്ഥാപിച്ചത് പടയോട്ടത്തിലെ ഒരു നാഴികക്കല്ലു തന്നെയാണ്.

രൂപതയുടെ വലിയ ആവശ്യമായിരുന്നു ഒരു മതബോധനകേന്ദ്രം. അതും സ്ഥാപിച്ചു. ചെറുപുഷ്പമിഷൻ ലീഗ്, യൂത്ത് അപ്പസ്റ്റലേറ്റ്, കുളന്തൈ ഈസോ അയ്യാക്കം, കുടുംബപ്രേഷിതത്വം, കോർപറേറ്റ് മാനേജ്മെന്റ് സ്കൂളുകൾ, കന്യാകുമാരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, തക്കല കാത്തലിക് സ്റ്റുഡൻസ് ലീഗ്, ലീജിയൺ ഓഫ് മേരി തുടങ്ങിയവയ്ക്കെല്ലാം അഭിവന്ദ്യപിതാവ് പ്രത്യേകം പ്രത്യേകം ഓഫീസുകൾ സ്ഥാപിച്ചു. ആലഞ്ചേരിപിതാവിന്റെ പ്രായോഗിക ബുദ്ധിയും ദീർഘവീക്ഷണവും വ്യക്തമാക്കുന്നവയാണ് ഇവയെല്ലാം.

ആറു ഹയർസെക്കന്ററി സ്കൂളുകൾ, ഒൻപതു ഹൈസ്കൂളുകൾ, മൂന്നു മിഡിൽസ്കൂളുകൾ, പതിനാറ് ഇംഗ്ലീഷ് മീഡിയം പ്രൈമറിസ്കൂളുകൾ, നാല്പത്തൊന്നു നഴ്സറി – കിന്റർ ഗാർഡൻ സ്കൂളുകൾ, മൂന്നു ടെക്നിക്കൽ സ്കൂളുകൾ, ഏഴ് സ്പെഷ്യൽ സ്കൂളുകൾ, ഒൻപതു പ്രൊഡക്ഷൻ സെന്ററുകൾ, ആറു തയ്യൽ കേന്ദ്രങ്ങൾ, ഒരു പ്രസ്സ്, ആറു ഡിസ്പെൻസറികൾ, ഒരു പ്രകൃതി ചികിത്സാകേന്ദ്രം, മൂന്നു ഹോസ്റ്റലുകൾ, എട്ട് അനാഥമന്ദിരങ്ങൾ, മന്ദബുദ്ധികൾക്കും മാനസികരോഗികൾക്കും വേണ്ടി ഒരു ഭവനം, പ്രായാധിക്യത്തിലുള്ളവർക്കായി രണ്ടു ഭവനങ്ങൾ, അഗതികൾക്ക് ഒരു ഭവനം, എച്ച്ഐവി രോഗികൾക്ക് ഒരു ഭവനം, ഇത്രയുമൊക്കെ പിതാവിന്റെ പരിശ്രമഫലമായി ഇപ്പോൾ തക്കലരൂപതയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. എത്ര ചെറുതായിക്കാണും ഇത്ര



വളർത്താൻ? ആലഞ്ചേരി പിതാവിന്റെ പ്രാർത്ഥനയുടെയും നിസ്ത ന്ദ്രമായ പരിശ്രമത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രേരണയു ടെയും പ്രോത്സാഹനത്തിന്റെയും പ്രതിഫലമായി പരമകാരുണി കനായ പരാപരൻ പിതാവിനെ കനിഞ്ഞനുഗ്രഹിച്ചു നൽകിയവ യാണ് ഈ  സ്നേഹോപഹാരങ്ങളെല്ലാം.

ഇവയ്ക്കെല്ലാംപുറമേ, തക്കലയുടെ ഹൃദയഭാഗത്ത്, സ്വർണ്ണ വിലകൊടുത്ത്, ചെറിയൊരു കെട്ടിടവും അതിരിക്കുന്ന സ്ഥലവും വാങ്ങി അവിടെ അദ്ദേഹം മെത്രാസനമന്ദിരം സ്ഥാപിച്ചു. രൂപത യുടെ വിവിധ ഭാഗങ്ങളിലായി ആവശ്യത്തിനു സ്ഥലങ്ങൾ വാങ്ങി. ഉണ്ടായിരുന്ന എസ്റ്റേറ്റ് വികസിപ്പിച്ചെടുത്തു. പതിനഞ്ചുവർഷത്തി നുള്ളിൽ, ഒരു പുരുഷായുസ്സു മുഴുവൻ യത്നിച്ചാലും സാധിക്കാത്ത അത്രയും കാര്യങ്ങൾ, അഖിലേശ്വരൻ തന്റെ പ്രിയപ്പെട്ട മകനെക്കൊണ്ടു ചെയ്യിച്ചു. എല്ലാം ദൈവകൃപ. ഒന്നുമില്ലായ്മയിൽ നിന്നാണ് ഇത്രയുമൊക്കെ കരുപ്പിടിപ്പിച്ചത്. കുറവുകൾ നിറവുക ളാക്കുന്ന കർത്താവിന്റെ കാരുണ്യം!

തക്കലരൂപതയിൽ ആലഞ്ചേരിപിതാവിന്റെ അജപാലന ശുശ്രൂഷയിലുണ്ടായിരുന്നത് 5500-ലധികം കുടുംബങ്ങളാണ്. ഇവ യിൽ, ഒന്നൊഴിയാതെ, എല്ലാ വീടുകളിലും അനിതരസാധാരണ നായ ഈ ഇടയന്റെ പാദസ്പർശം ഉണ്ടായിട്ടുണ്ടെന്നു സൂചിപ്പി ച്ചല്ലോ. അതുവഴി അവർ ധാരാളം ദൈവാനുഗ്രഹങ്ങൾ പ്രാപിച്ചി ട്ടുമുണ്ട്;  അവർ ഈശോയിലേക്ക് വളരെയധികം അടുക്കുകയും ചെയ്തു. ഇങ്ങനെയൊരു ബഹുമതി അവകാശപ്പെടാവുന്ന മറ്റൊരു മഹാഇടയൻ വരാപ്പുഴ രൂപതയുടെ അനുഗൃഹീത മെത്രാപ്പോലീ ത്തയായിരുന്ന, ഭാഗ്യസ്മരണാർഹനായ, ജോസഫ് അട്ടിപ്പേറ്റി തിരുമേനി  മാത്രമാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

ദൈവനിയോഗത്താലും പരിശുദ്ധസിംഹാസനത്തിന്റെ കാരുണ്യ ത്താലും മെത്രാനായി തക്കലയിലെത്തിയതു മുതൽ പിതാവിന്റെ സംഘാടകശേഷിയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്കു മാറ്റി നിർത്തപ്പെട്ടവരുടെ മേലുള്ള പ്രത്യേക ആർദ്രതയും വൈദിക, സന്ന്യസ്ത, ഇതര വിശ്വാസസമൂഹങ്ങൾക്കെല്ലാം ബോധ്യപ്പെട്ടിട്ടു ള്ളതാണ്. രൂപതയുടെ വളർച്ചയുടെ പനഥാവിൽ ഒരു എൻജിനീയ റിംഗ് കോളജോ ഒരു ആർട്സ് ആന്റ് സയൻസുകോളജോ ഒക്കെ നല്ലതാണെന്നതിനെക്കുറിച്ചു പിതാവിനു രണ്ടു പക്ഷമില്ലായിരുന്നു. ആ വഴിക്കു പരിശ്രമങ്ങൾ നടത്തിയതുമാണ്. പക്ഷേ, പാവപ്പെട്ട വർക്കു പലിശയില്ലാതെ വിദ്യാഭ്യാസലോൺ ശരിയാക്കിക്കൊടു ക്കുന്നതിലും മാനസികരോഗികൾക്കു ചികിത്സാലയങ്ങൾ, അവർക്ക് ആശ്രയഭവനുകൾ, ഇതര അനാഥാലയങ്ങൾ, ബുദ്ധിമാന്ദ്യം സംഭ വിച്ചവർക്കുള്ള സദനങ്ങൾ തുടങ്ങിയവയ്ക്കു ജന്മം നൽകുന്നതി





ലുമായിരുന്നു അദ്ദേഹത്തിനു കൂടുതൽ താത്പര്യം. പിതാവിന്റെ ശുശ്രൂഷാമേഖലകളെക്കുറിച്ചുള്ള പഠനത്തിൽനിന്ന് ഇതു വളരെ വ്യക്തമാണല്ലോ.

എവിടെയും എപ്പോഴുമെന്നതുപോലെ തക്കലയിലും അദ്ദേഹം ഏവർക്കും അഭിഗമ്യനായിരുന്നു. അപ്പോയിന്റ്മെന്റ് ഇല്ലാതെ ഏതുസമയത്തും ആർക്കും അദ്ദേഹത്തെ സന്ദർശിക്കാമായിരുന്നു. വേലിക്കെട്ടുകളൊന്നുമുണ്ടായിരുന്നില്ല. അതിസുതാര്യമായ ഒരു വ്യക്തിത്വം ആലഞ്ചേരിപ്പിതാവിന്റെ കൈമുതലാണ്.

ജീവിതത്തിലുടനീളം ഹൃദയത്തിൽ താലോലിച്ചിരുന്ന വൈദിക കൂട്ടായ്മയിലുള്ള ശുഷ്കാന്തി തക്കലയിൽ പടർന്നുപന്തലിച്ചു, ശാഖോപശാഖകളായി വളർന്നു. എല്ലാ മാസവും ഉണ്ടായിരുന്ന വൈദികകൂട്ടായ്മ, ഒപ്പമുള്ള ആരാധന, കുമ്പസാരം (സഹവൈദി കരോടൊപ്പം പിതാവും പ്രസ്തുതദിനത്തിൽ ഒരു സാധാരണ വൈദികന്റെ മുമ്പിൽ മുട്ടുകുത്തി കുമ്പസാരിച്ചിരുന്നു) ഇവയെല്ലാം തക്കലയിലെ വൈദികകൂട്ടായ്മക്ക് അവിസ്മരണീയവും ഒപ്പം ഉ ണർവ്വും ചൈതന്യവും പകരുന്നതുമായിരുന്നു.

നാനാജാതിമതസ്ഥരെ എല്ലാ ക്രിസ്മസ്സിനും ഒരുമിച്ചു കൂട്ടി 'തക്ക ലസുഹൃത്തുക്കൾ' എന്ന പേരിൽ പിതാവു നടത്തിയിരുന്ന സുഹൃ ദ്സംഗമം അദ്ദേഹത്തിന്റെ പരിധിയില്ലാത്തതും സാർവ്വത്രികവുമായ മനുഷ്യസ്നേഹത്തിന്റെ മകുടോദാഹരണമാണ്. തക്കലമക്കളുടെ ഭാഷ പഠിച്ച്, മെത്രാൻപദവിയിൽ, പ്രസ്തുത ഭാഷയിൽ, പ്രഥമദി വ്യബലിയർപ്പിച്ചതും സുന്ദരമായി പ്രസംഗിച്ചതും ഓരോ നിമിഷ വുമെന്നോണം പരിശ്രമിച്ച് മക്കളുടെ അതിസമ്പന്നമായ തമിൾ ഭാഷ യിൽ വ്യുൽപത്തിയും അവഗാഹവും നേടിയതും അവരോടു തമി ഴിൽമാത്രം സംസാരിച്ചിരുന്നതും അതിനു വൈദികരെയും സന്ന്യസ്തരെയും സെമിനാരി വിദ്യാർത്ഥികളെയും പ്രേരിപ്പിച്ചി രുന്നതും പ്രോത്സാഹിപ്പിച്ചിരുന്നതും അവരോടുള്ള അഗാധമായ സ്നേഹത്തിന്റെയും അവർക്കായുള്ള അർപ്പണത്തിന്റെയും തെളി വുകളായേ വിലയിരുത്താനാവൂ.

തങ്ങളുടെയിടയിൽ നിറസാന്നിദ്ധ്യമായിരുന്ന, തങ്ങൾക്കുവേണ്ടി രക്തം വിയർപ്പാക്കിയ, തങ്ങൾക്കുവേണ്ടി ഔൽസുക്യപൂർവ്വം ചെറു തായ തങ്ങളുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി അത്യ ധ്വാനം ചെയ്ത, തങ്ങളുടെ നന്മ മാത്രം ആഗ്രഹിച്ച, തങ്ങൾക്കു വേണ്ടി ജീവിച്ച, തങ്ങളുടെ ഭവനങ്ങളിൽ തങ്ങളെ സന്ദർശിച്ച് തങ്ങൾക്കു വേണ്ടിയും തങ്ങളോടൊപ്പവും പ്രാർത്ഥിച്ച മനുഷ്യ സ്നേഹിയായ പിതാവിനു പരമപിതാവു നൽകിയ മഹത്തായ സമ്മാനമായാണ് തക്കലമക്കൾ തങ്ങളുടെ 'ആയരു'ടെ മേജർ ആർച്ച്ബിഷപ്പ് പദവിയെ കാണുക, വിലയിരുത്തുക.



## സെക്രട്ടറി, സീറോമലബാർസിനഡ്

ഏഴുവർഷക്കാലം ആലഞ്ചേരി പിതാവ് സീറോമലബാർ സിനഡിന്റെ സെക്രട്ടറി ആയിരുന്നു. ഈ തസ്തികയിലുള്ള സേവനത്തിലൂടെയും സിനഡിന്റെ മതബോധന കമ്മീഷന്റെ ചെയർമാനെന്ന നിലയിലും സിബിസിഐയുടെ അല്മായ കമ്മീഷന്റെ ചെയർമാനെന്ന നിലയിലും പിതാവു കാഴ്ചവച്ച കാര്യക്ഷമവും തീക്ഷ്ണവും സമർപ്പിതവും സമ്പൂർണ്ണവുമായ ശുശ്രൂഷകൾ വഴി സർവ്വശക്തനായ ദൈവം സിനഡു പിതാക്കന്മാർക്കു ആവശ്യമായിരുന്ന ഉൾക്കാഴ്ചകൾ നൽകി ഏവരെയും നയിച്ചു. ദൈവനിശ്ചയം, ദൈവനിയോഗം, തിരിച്ചറിയുന്നതിന് അവർക്ക് ഏറെസമയം വേണ്ടിവന്നില്ലല്ലോ.

# 9

# സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ച്ബിഷപ്പ്

സീറോമലബാർസഭാഗാത്രത്തിലെ നാൽപ്പത്തിനാല് ഇടയന്മാരുടെയും ദൈവജനം മുഴുവന്റെയും തീക്ഷ്ണമായ പ്രാർത്ഥനയ്ക്ക് പ്രത്യുത്തരമായി പ്രപഞ്ചനാഥൻ പ്രദാനം ചെയ്ത പ്രത്യേകദാനമാണ് പുതിയ മേജർആർച്ച്ബിഷപ്പ്. “സഭയിലെ സ്ഥാനങ്ങൾ (ദൈവ) നിയോഗമാണ്. അല്ലാതെ, പ്രൊമോഷനല്ല. ധ്യാനവും പ്രാർത്ഥനയും വഴി ദൈവം നൽകുന്ന ചില സൂചകങ്ങൾക്കനുസരിച്ച് സഭാപിതാക്കന്മാരുടെ സരളഹൃദയങ്ങളിലുണ്ടാകുന്ന ഉൾവിളിയിലാണ് ഓരോ വ്യക്തിയും സഭാസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. ഇതൊരു നിയോഗമാണ്, ദൈവത്തിന്റെ നിയോഗം; അതിനു ഞാൻ നിയുക്തനാക്കപ്പെടുന്നുവെന്നുമാത്രം.” മുനവച്ച ഒരു ചോദ്യത്തിനു പുതിയ മേജർആർച്ച്ബിഷപ്പ് നൽകിയ സത്യസന്ധവും ആത്മാർത്ഥവും മയപ്പെടുത്തിയതുമായ മറുപടി!

2011 മേയ് മാസം 24-നാണ് ആലഞ്ചേരിപ്പിതാവ് സീറോമലബാർ സഭയുടെ വലിയ ഇടയനായി തെരഞ്ഞെടുക്കപ്പെട്ടത്. തെരഞ്ഞെടുപ്പു കഴിഞ്ഞയുടനെ പ്രസിഡന്റ് വലിയമറ്റം പിതാവ് ആലഞ്ചേരി പിതാവിന്റെ സമ്മതം ചോദിച്ചു. ‘ഞാൻ ഒന്നു പ്രാർത്ഥിക്കട്ടെ’ എന്നുപറഞ്ഞ് അദ്ദേഹം ദിവ്യകാരുണ്യഈശോയുടെ സന്നിധിയിലേക്കു പോയി. പ്രാർത്ഥനയിൽ ദൈവഹിതം ആരായാനാണു പിതാവ് ഈശോയുടെ അടുത്തേക്കു പോയതെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. കുറച്ചുസമയം പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തോടൊപ്പം പ്രാർത്ഥിക്കാനെത്തിയ അഭിവന്ദ്യതൂങ്കുഴിപ്പിതാവ് തോളിൽത്തട്ടി പറഞ്ഞു: “ആലഞ്ചേരീ, ധൈര്യമായി മുമ്പോട്ടുപോകുക” എന്ന്. ഈ സംഭവത്തെ ഉന്നതത്തിൽ നിന്നുള്ള ഉറപ്പായാണ് ആലഞ്ചേരിപ്പിതാവു കണ്ടത്. ഇതിനുശേഷമാണ് മെത്രാൻ സമിതിയോട് തന്റെ  സമ്മതം പിതാവ് അറിയിച്ചത്.

താമസംവിനാ പരിശുദ്ധപിതാവിന്റെ അംഗീകാരത്തിനുള്ള അപേക്ഷ ഇന്റർനുൺഷ്യോ വഴി റോമിലേക്കു പോയി. 25-ാംതീയതി



സായാഹ്നമായപ്പോൾ പരിശുദ്ധപിതാവ് അംഗീകാരം നൽകി. 26-ാംതീയതി രാവിലെതന്നെ സന്ദേശം പുത്തൂർ പിതാവിനു കിട്ടി. പരിശുദ്ധപിതാവിന്റെ അംഗീകാരം വലിയമറ്റം പിതാവ് സിനഡിനെ അറിയിച്ചു. നിയോഗിക്കപ്പെട്ടു നിയമിതനായ വലിയ ഇടയൻ, കാനൻ നിയമപ്രകാരം, സഭയോടും മെത്രാൻ സമിതിയോടുമുള്ള തന്റെ കൂട്ടായ്മയും വിശ്വസ്തതയും പ്രഖ്യാപിച്ചു. മെയ് 29-നു മൂന്നു മണിക്ക് സീറോമലബാർസഭയുടെ മേജർആർച്ച്ബിഷപ്പിന്റെ ഭദ്രാസന ദൈവാലയമായ എറണാകുളം ബസ്‌ലിക്കായിൽ ആലഞ്ചേരിപ്പിതാവ് മേജർആർച്ച്ബിഷപ്പും എറണാകുളം- അങ്കമാലി അതിരൂപതയുടെ ആർച്ച്ബിഷപ്പുമായും അവരോധിക്കപ്പെട്ടു.

സീറോമലബാർസഭാതനയരെ നയിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളാണ് അഭിവന്ദ്യ ആലഞ്ചേരിപ്പിതാവിനു തന്റെ നൂതനനിയോഗത്തിലൂടെ നൽകപ്പെട്ടിരിക്കുന്നത്. തെരഞ്ഞെടുപ്പിനു തൊട്ടുപിമ്പ് പിതാവു പറഞ്ഞ വാക്കുകളുടെ അകക്കാമ്പ് ഇതാണ്. 'ഹൃദയകവാടങ്ങൾ പരിശുദ്ധ ത്രിത്വത്തിനു സസ്നേഹം തുറക്കുക. നഷ്ടപ്പെട്ട ഒരാടിനെ അക്ഷീണം തേടിനടക്കുന്ന നല്ല ഇടയന്റെ ജാഗ്രതയോടെ, സ്നേഹവായ്പോടെ, കരുതലോടെ, മുൻകരുതലോടെ, ത്യാഗത്തോടെ, വിനയത്തോടെ, വിവേകത്തോടെ, വിശ്വാസസമൂഹത്തെ മുഴുവൻ ചേർത്തുപിടിക്കുക.' ഇതുതന്നെയാണു പിതാവ് ആചാര്യപൗരോഹിത്യം സ്വീകരിച്ച അന്നുമുതൽ അക്ഷീണം അഭ്യസിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പുതിയ ശുശ്രൂഷ തുടങ്ങിയ നാൾ തൊട്ട് ഇതുവരെയുള്ള വാർത്തകളനുസരിച്ച് ഈശ്വരപരിപാലനയുടെ സ്നേഹരഥത്തിൽ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായി ഗമിക്കുകയാണ് സീറോമലബാർസഭയുടെ നവ്യസാരഥി. ഒരു സമ്പൂർണ്ണ വിലയിരുത്തലിനൊന്നും കാലമായിട്ടില്ലെന്നു മനസ്സിലാക്കാതിരിക്കാനും മാത്രം അവിവേകം ഈ എളിയ തൂലികയ്ക്കില്ല. ഒന്നുപറയാം. എല്ലാവരും ദൈവഹിതത്തിനു വിധേയരായി, ദൈവമഹത്ത്വത്തിനു വേണ്ടി പ്രവർത്തിച്ചാൽ സീറോമലബാർസഭാസമൂഹം അനുഗൃഹീതമാകും.

സീറോമലബാർസഭയുടെ മഹത്തായപൈതൃകം, പാരമ്പര്യം, പുതിയ യുഗത്തിൽ സഭാതനയർ സഞ്ചരിക്കേണ്ട പരിപാവനമായ വഴികൾ ഇവയെസ്സംബന്ധിച്ചെല്ലാം വ്യക്തമായ വീക്ഷണങ്ങളും കാഴ്ചപ്പാടുകളും നിരീക്ഷണങ്ങളുമുള്ള നമ്മുടെ വലിയ ഇടയൻ അവയൊക്കെ തന്റെ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും അഭിമുഖങ്ങളിലും സന്ദേശങ്ങളിലും വ്യക്തമായും ശക്തമായും പ്രതിഫലിപ്പിക്കുന്നുണ്ട്.

തന്റെ ചിരകാലപരിചയങ്ങൾ, പ്രത്യേകിച്ച് സുദീർഘമായ പതി



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

നഞ്ചുവർഷത്തെ തക്കലയിലെ ഇടയശുശ്രൂഷ, ഇവയൊക്കെ പുതിയ ദൗത്യം അനായാസം മുമ്പോട്ടു കൊണ്ടുപോകാൻ വന്ദ്യ പിതാവിന് ഏറെ സഹായകമാകുമെന്നതിൽ ഭിന്നാഭിപ്രായത്തിനു വകയുണ്ടെന്നു തോന്നുന്നില്ല.

എല്ലാവരെയും ഉൾക്കൊണ്ടു മുമ്പോട്ടു പോകാൻ പോന്ന തുറവിയുള്ള മനസ്സ് അഭിവന്ദ്യപിതാവിന്റെ പതറാത്ത സമ്പത്താണ്. 'അവൻ നന്മ ചെയ്തു കൊണ്ടു കടന്നുപോയി' എന്ന ആപ്തവാക്യം സാർത്ഥകമാക്കി സ്നേഹത്തിലും സത്യത്തിലും സ്തുത്യർഹമാംവിധം ശുശ്രൂഷചെയ്ത് സഭാസാരഥ്യത്തിലേക്കു കടന്നുവന്നിരിക്കുന്ന ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ മനസ്സിൽ സംവാദത്തിന്റെയും സമന്വയത്തിന്റെയും സമരസപ്പെടലിന്റെയും ചിന്തകളും പദ്ധതികളുമാണു നിറഞ്ഞുനിൽക്കുന്നത്. അതുകൊണ്ടുതന്നെ, മഹത്തായ കാര്യങ്ങൾ മഹാമനസ്കതയോടെ ചെയ്യാൻ പുതിയ മേജർ ആർച്ച്ബിഷപ്പിനു കഴിയുമെന്നതു തീർച്ചയാണ്.

നടന്നുതീർത്ത വഴികളിൽ പകർന്നു കിട്ടിയ സുവിശേഷ മൂല്യങ്ങളും ജീവിതസന്ദേശങ്ങളും പിതാവിനു പോഷകപൂരിതമായ പാഥേയങ്ങളാവും. തൊട്ടതൊക്കെ മനോഹരമാക്കിയ, ഏല്പിക്കപ്പെട്ട ദൗത്യങ്ങളൊക്കെ അതീവ വിശ്വസ്തതയോടെ സാക്ഷാത്കരിച്ച, ശ്രേഷ്ഠഇടയന് നവ്യദൗത്യം ഒരു തുടരനുഭവമായിരിക്കും, ആയിരിക്കട്ടെ.

ഏറ്റെടുത്തിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വത്തിന്റെ നിർവ്വഹണത്തിൽ ഭിന്നാഭിപ്രായങ്ങളെയും നിലപാടുകളെയും സ്നേഹമാകുന്ന സ്വർണ്ണനൂലിൽ കോർത്തിണക്കികൊണ്ടുപോകേണ്ട പരമപ്രധാനമായ ഉത്തരവാദിത്വമാണു തനിക്കുള്ളതെന്ന ഉറച്ചബോധ്യം വലിയ പിതാവിനുണ്ട്.

ഈശോമിശിഹാ ഉദ്ബോധിപ്പിച്ച സ്നേഹം, സത്യം, സഹിഷ്ണുത, ഐക്യം തുടങ്ങിയവ സഹജീവികളിലേക്കു പകർന്നു നൽകാൻ പങ്കുവയ്ക്കലിന്റെ മനോഭാവവും പരസ്പരമുള്ള തുറന്നമനസ്സും അനുപേക്ഷണീയമാണെന്നു പിതാവിനു നന്നായറിയാം.

നമ്മുടെ വലിയപിതാവിന്റെ നിലപാടുകൾ പകൽപോലെ വ്യക്തമാണ്. വ്യക്തിസഭകൾ പരസ്പരം ഉൾക്കൊണ്ടു മുന്നേറുന്ന സാഹചര്യം സംജാതമാകണം. ഭിന്നിപ്പുള്ളിടത്തു ദൈവസാന്നിധ്യം ഉണ്ടാവില്ല. അവിടെ തിന്മയുടെ ശക്തിയാണ് പ്രവർത്തിക്കുക. ഇതു ദൈവം ഒരിക്കലും ആഗ്രഹിക്കുന്നതല്ല. പലകാരണങ്ങളാൽ, പല വഴികളിലൂടെ, തെന്നിമാറിപ്പോകുന്നവരെയും സഭയിലേക്കടുപ്പിക്കാൻ നമുക്കു കടമയുണ്ട്, ഇവയൊക്കെ അദ്ദേഹം വ്യക്തമാക്കിക്കഴിഞ്ഞതാണ്.



യേശുക്രിസ്തുവഴി വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യത്തിന്റെ ആവിഷ്കാരമാണു സഭ ഇന്നു നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അവിടുന്നു പഠിപ്പിച്ച സത്യത്തിന്റെ സുവിശേഷം സഭയുടെയും സമൂഹത്തിന്റെയും സമസ്തമേഖലകളിലേക്കും വ്യാപിപ്പിക്കാൻ നമുക്കു കടമയുണ്ട്, സഹിഷ്ണുതയോടെയുള്ള സംവാദം സുവിശേഷമാണ്, തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിനകംതന്നെ അസന്നിഗ്ദ്ധമായ ഭാഷയിൽ അഭിവന്ദ്യപിതാവു വ്യക്തമാക്കിക്കഴിഞ്ഞു.

ദിവ്യനാഥൻ പഠിപ്പിച്ച ഉപവിയും സത്യവും മുറുകെപ്പിടിച്ച്, പരസ്പര സഹകരണത്തിന്റെ അനിവാര്യതലങ്ങളിലൂടെ, ഇടയശുശ്രൂഷ ചെയ്യാനാണ് പിതാവ് ആഗ്രഹിക്കുന്നത്, പരിശ്രമിക്കുന്നത്, പ്രാർത്ഥിക്കുന്നത്. ഉപവിയുടെ ഉദാത്തമാതൃകയാണ് സഭാതനയർ അവശ്യം അനുധാവനം ചെയ്യേണ്ടതെന്നും പിതാവ് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു.

അഭിവന്ദ്യപിതാവു തറപ്പിച്ചുപറയുന്ന, പഠിപ്പിക്കുന്ന, പലകാര്യങ്ങളും ഇനിയും ഉണ്ട്. സഭ എന്നും പാവങ്ങളുടെ പക്ഷത്തുതന്നെയാണ്. അവഗണിക്കപ്പെടുന്നവരെ, അശരണരെ, ആലംബഹീനരെ കണ്ടെത്തി അവർക്കു സ്നേഹശുശ്രൂഷകൾ ചെയ്യാനും അവർക്കായി സ്വയം സമ്മാനിക്കാനുമാണ് കർത്താവു ലോകത്തിലേക്കു വന്നത്. വിശക്കുന്നവർക്കു ഭക്ഷണം നൽകിയും ബന്ധിതർക്കു മോചനം നൽകിയും രോഗികളെ സഹായിച്ചും ശുശ്രൂഷിച്ചും ആശ്വസിപ്പിച്ചും അവിടുത്തെ വഴികളിലൂടെ നീങ്ങുകയാണു സഭ. ഈ വഴിയിലൂടെ നടക്കാൻ അവൾ എക്കാലവും ദൃഢചിത്തയുമായിരുന്നു. പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷം ചേർന്ന് അവരെ കൈപിടിച്ചുയർത്തി, ഈശോയുടെ സ്നേഹം അവർക്കു പകർന്നുകൊടുക്കുക, അവരെ ഈശോയായി കണ്ടു ശുശ്രൂഷിക്കുക–അതാണു സഭയുടെ ശൈലിയെന്നും വലിയപിതാവ് ഊന്നിപ്പറഞ്ഞുകഴിഞ്ഞു.

മൂല്യങ്ങൾക്കു നേരെ മുഖം തിരിയുന്ന മനോഭാവം ആധുനികമനുഷ്യനുണ്ട്. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവനു ധാരണയുണ്ടെങ്കിൽത്തന്നെ അനിവാര്യമായ മനുഷ്യജീവന്റെ സംരക്ഷണത്തെക്കുറിച്ച് ആധുനികമനുഷ്യസമൂഹം വേണ്ടത്ര താത്പര്യം എടുക്കുന്നില്ലെന്നത് ഒരു ദുഃഖസത്യമാണ്. ജീവന്റെ മൂല്യം ഒരിക്കലും ആരും മറന്നു കൂടാ. ദൈവത്തിന്റെ ദാനമായ ജീവനെ നിഷേധിക്കാനോ നഷ്ടപ്പെടുത്താനോ ഒടുക്കാനോ ആർക്കും അവകാശമില്ല. ദൈവം ഒരിക്കലും അതിന് അനുവദിക്കുന്നില്ല. ഭ്രൂണഹത്യ, ദയാവധം തുടങ്ങിയ മഹാതിന്മകൾക്കെതിരേ സഭ ശക്തമായ നിലപാട് തുടരും. സുചിന്തിതവും, സുദൃഢവും സുശക്തവുമായ വാക്കുകൾ!



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

വീണ്ടും വന്ദ്യപിതാവ് ഉദ്ബോധിപ്പിക്കുന്നു, ജീവന്റെ സംസ്കാരത്തിനു ചേരാത്ത മരണസംസ്കാരം നമ്മുടെ സമൂഹത്തിൽ പടരുന്നതു പാടേ അപകടകരമാണ്. ഇതിനെതിരേ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്. ഇത്തരം സംഭവങ്ങളിൽ സഭയുടെ ഇടപെടലുകൾ കൂടുതൽ സജീവമാകണമെന്നുതന്നെയാണ് പിതാവിന്റെ അഭിപ്രായം. തക്കലയിൽ നിന്നു ലഭിച്ച അനുഭവപരിചയം തുടർന്നുള്ള തന്റെ ദൗത്യത്തിനു സഹായകമാകുമെന്നു തന്നെയാണു പിതാവു കരുതുന്നത്.

അഭിവന്ദ്യപിതാവു കടന്നുവന്ന വഴികളിലെല്ലാം വിതച്ച വിനയലാളിത്യങ്ങളുടെ നിഷ്കളങ്കപുഞ്ചിരി ഇനി സീറോമലബാർസഭയ്ക്കും ലോകം മുഴുവനും സ്വന്തം! ഈ പാതകളിൽ ഇനിയും ഏറെദൂരം താണ്ടാനുണ്ടെന്ന ബോധ്യം മനസ്സിൽ കാത്തുസൂക്ഷിക്കുന്ന വലിയ ഇടയന് തന്റെ ദൗത്യമെല്ലാം കാര്യക്ഷമമായി നിർവ്വഹിക്കാൻ, എല്ലാ മനസ്സുകളെയും ഉൾക്കൊണ്ടു മുമ്പോട്ടു പോകാൻ, ഉയരങ്ങളിലേയ്ക്കുയരാൻ തന്റെ ഹൃദ്യതയും നിഷ്കളങ്കപുഞ്ചിരിയും തുണയാകട്ടെ! പ്രാർത്ഥനയിൽ നങ്കൂരമുറപ്പിച്ചിരിക്കുന്ന വന്ദ്യപിതാവ്, ദൈവത്തിന്റെ കരത്തിൻകീഴെ താഴ്മയോടെ നിൽക്കുന്ന പിതാവ്, എന്നെന്നും സുരക്ഷിതനും സുശക്തനും ആയിരിക്കുമെന്നതു നിസ്സംശയമായ കാര്യമാണ്. എല്ലാവർക്കും ഒരു മനസ്സും ഒരുഹൃദയവും ഒരുമനോഭാവവുമുണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുന്ന വലിയ ഇടയൻ പരിശുദ്ധാത്മാവിന്റെ അഭിഷേകം സവിശേഷമായ വിധത്തിൽ പ്രാപിച്ചാണ് ഓരോ ഇഞ്ചും മുമ്പോട്ടുവയ്ക്കുന്നത്. He is our charismatic Major Arch bishop. പ്രത്യാശയാകുന്ന നങ്കൂരത്തിലാണ് ഈ യാനം ഉറപ്പിച്ചിരിക്കുന്നത്. അതിന്റെ ബലവും ശക്തിയും ഉറപ്പും എല്ലാം ദൈവത്തിന്റെ വാഗ്ദാനങ്ങൾ തന്നെ. ഇപ്രകാരം ജീവിതം ചിട്ടപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഓരോ സാഹചര്യത്തെയും ദൈവത്തിന്റെ കണ്ണുകൾ കൊണ്ടുനോക്കിക്കാണാനും വിലയിരുത്താനും വലിയപിതാവിനു കഴിയുന്നു. ഞങ്ങളെ നേർവഴിക്കു നയിക്കേണ്ട പ്രകാശതാരമേ, പ്രകാശഗോപുരമേ, നയിച്ചാലും!

പണ്ഡിതവരേണ്യനായ കാർഡിനൽ ജോസഫ് റാറ്റ്സിംഗർ (ഇപ്പോഴത്തെ നമ്മുടെ വിശുദ്ധനായ പരിശുദ്ധപിതാവ്) സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയി ചാർജ്ജെടുത്ത് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിൽ ജോലി ചെയ്തിരുന്ന ഒരാളോട് മറ്റൊരു കർദ്ദിനാൾതിരുമേനി ചോദിച്ചു. "എങ്ങനെയുണ്ട് പരിശുദ്ധസിംഹാസനത്തിന്റെയും റോമാപട്ടണത്തിന്റെയും പുതിയ സെക്രട്ടറി ഓഫ് സ്റ്റെയിറ്റ്?" എന്ന്. ആ വ്യക്തിയുടെ മറുപടി സത്വ



രമായിരുന്നു: 'He is a good Christian'. Undoubtedly, the present Major Archbishop of the Syro Malabar Church, Cardinal George Alenchery is, certainly, a very good Christian.' അഭിവന്ദ്യ ആലഞ്ചേരിപ്പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്ന ചില വിശിഷ്ടനാമങ്ങളാണ് വിശുദ്ധ വിൻസന്റ് ഡിപോൾ, വിശുദ്ധ ഫാ. ഡാമിയൻ, വാഴ്ത്തപ്പെട്ട ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ, വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ, വാഴ്ത്തപ്പെട്ട മദർ തെരേസാ, ഇപ്പോൾ പരിശുദ്ധ സിംഹാസനത്തിൽ വാഴുന്ന ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ തുടങ്ങിയവർ.

## ഉപസംഹാരം

സീറോമലബാർസഭയുടെ ഇപ്പോഴത്തെ വലിയ ഇടയനായ അത്യുന്നതകർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെക്കുറിച്ചുള്ള ഈ എളിയവാക്കുകൾ ഏശയ്യാപ്രവാചകൻ കർത്താവിന്റെ ദാസനെക്കുറിച്ചു പറയുന്ന വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ. "ഗർഭത്തിൽത്തന്നെ എന്നെ കർത്താവ് വിളിച്ചു. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവിടുന്ന് എന്നെ നാമകരണം ചെയ്ത് തന്റെ കൈയ്യുടെ നിഴലിൽ അവിടുന്ന് എന്നെ മറച്ചു. എന്നെ മിനുക്കിയ അസ്ത്രമാക്കി തന്റെ ആവനാഴിയിൽ അവിടുന്ന് ഒളിച്ചുവച്ചു. എന്റെ അവകാശം കർത്താവിലും പ്രതിഫലം ദൈവത്തിലുമാണ്. കർത്താവ് എന്നെ ആദരിക്കുകയും എന്റെ ദൈവം എനിക്കു ശക്തിയാവുകയും ചെയ്തിരിക്കുന്നു. എന്റെ രക്ഷ ലോകാതിർത്തി വരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും. നിന്നെ തെരഞ്ഞെടുത്ത ഇസ്രായേലിന്റെ പരിശുദ്ധനും വിശ്വസ്തനുമായ കർത്താവു നിമിത്തം രാജാക്കന്മാർ നിന്നെ കാണുമ്പോൾ എഴുന്നേൽക്കുകയും പ്രഭുക്കന്മാർ നിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യും. ആകാശമേ, ആനന്ദഗാനമാലപിക്കുക; ഭൂമിയേ, ആർത്തുവിളിക്കുക; മലകളേ, ആർത്തുപാടുക; കർത്താവ് തന്റെ ജനത്തെ ആശ്വസിപ്പിച്ചിരിക്കുന്നു. ദുരിതമനുഭവിക്കുന്ന തന്റെ ജനത്തോട് അവിടുന്നു കരുണ കാണിക്കും" (49:1–13).

# 10

# അത്യുന്നത കർദിനാൾ മാർ ജോർജ് ആലഞ്ചേരി

ഇതു ധന്യനിമിഷം! പരിശുദ്ധസിംഹാസനം അഭിവന്ദ്യ ആലഞ്ചേരിപ്പിതാവിനെ കർദിനാളായി, സഭയുടെ രാജകുമാരനായി, ഉയർത്തിയിരിക്കുന്നു! ദനഹാത്തിരുനാളിൽ ഭാരതസഭയ്ക്കു ധന്യമുഹൂർത്തം! സഭാതനയരാകെ അത്യാഹ്ലാദത്തിൽ! മേജർആർച്ച്ബിഷപ്പായി ഏഴുമാസം മാത്രം കഴിഞ്ഞപ്പോൾത്തന്നെ കർദിനാൾ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടത് കേരളസഭയ്ക്കും ഭാരതസഭയ്ക്കും മാത്രമല്ല, വലിയപിതാവിനു തന്നെയും ലഭിച്ചിരിക്കുന്ന വലിയ അംഗീകാരമാണ്.

കർദിനാൾപദവി സാർവ്വത്രികസഭയെ സേവിക്കാനുള്ള ഒരു ഗൗരവാവഹമായ വിളി പിതാവിനു നൽകുകയാണ്. സഭാതനയർക്കാകെ അഭിമാനാർഹമായ കാര്യമാണിത്. സീറോമലബാർസഭയ്ക്ക് ഇതു നാലാമത്തെ കർദിനാളാണ്; ഒപ്പം നാലാമത്തെ മലയാളി കർദിനാളും. ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് കർദിനാൾ സ്ഥാനം സ്വീകരിച്ച ആലഞ്ചേരിപ്പിതാവ് സ്വതസിദ്ധമായ തന്റെ വിനയഭാവം അരക്കിട്ടുറപ്പിക്കുകയായിരുന്നു.

ദൈവവിളി സ്വീകരിച്ച് ദൈവിക വഴിയിലേക്കിറങ്ങിത്തിരിച്ച ആ ജീവിതം വിജയഗാഥയായി മാറ്റുന്ന അപൂർവ്വ ദൈവപരിപാലനയുടെ ചിത്രമാണു നമുക്കു കാണാനാകുക.

സീറോമലബാർസഭയുടെ മാത്രമല്ല, ഭാരതസമൂഹത്തിന്റെയാകെ ആശയാഭിലാഷങ്ങൾ വത്തിക്കാനിലെ ഭരണകേന്ദ്രങ്ങളിൽ പ്രകാശിപ്പിക്കാൻ മേജർആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിക്കു കഴിയും. "ആഗോളസഭയോടൊത്തു ചേർന്ന്, ഇതര സഭാവിഭാഗങ്ങളുമായി സഹകരിച്ച്, ക്രിസ്തുവിന്റെ സ്നേഹം, ജാതിമതഭേദമെന്യേ, സമൂഹത്തിനു പകർന്നുകൊടുക്കാനുള്ള അവസരം" എന്നാണ് കർദിനാൾ സ്ഥാനത്തെ അഭിവന്ദ്യപിതാവു നോക്കിക്കാണുക, വിലയിരുത്തുക.

ദൈവനിയോഗത്തിന്റെ വഴികളിൽ മാത്രമാണു വലിയ പിതാവിനു വിശ്വാസം. ആ വിശ്വാസത്തിന്റെ കരുത്തിൽ മുന്നോട്ടുപോ



കാൻ ഇനി അദ്ദേഹം ആവശ്യപ്പെടുന്നത് സഭാതനയരുടെയും സന്മനസ്സുള്ള എല്ലാവരുടെയും പ്രാർത്ഥനകളും പിന്തുണയുമാണ്. സീറോമലബാർസഭയുടെ അധ്യക്ഷനെ കർദിനാൾസ്ഥാനത്തേക്കു മാർപ്പാപ്പാ ഉയർത്തിയപ്പോൾ സഭയുടെ ഉത്തരവാദിത്വം വർദ്ധിക്കുന്നുവെന്നു പിതാവിനു പരിപൂർണ്ണ ബോധ്യമുണ്ട്. ഇതു നിർവിഘ്നം നിർവ്വഹിക്കാൻ വളരെയധികം പ്രാർത്ഥനയും നിർലോപമായ പിന്തുണയും അത്യന്താപേക്ഷിതമെന്നും പിതാവിന് ഉറപ്പുണ്ട്. നമ്മുടെ യോഗ്യതയല്ലാ, എല്ലാം അവിടുത്തെ കൃപ മാത്രം.

ആടുകളോടൊപ്പമായിരിക്കുന്നതിൽ എന്നും ആനന്ദം കണ്ടെത്തിയിരുന്ന ഇടയനാണ് ആലഞ്ചേരിപിതാവ്. ഇന്നു പിതാവിനുള്ള വെല്ലുവിളി ഈ ജനസമ്പർക്കം അനുസ്യൂതം തുടരാനുള്ള തടസ്സങ്ങളാകും. അധികാരസ്ഥാനങ്ങളൊന്നും പിതാവിനു മുൾക്കിരീടങ്ങളാകാതിരുന്നത് തന്റെ അജഗണങ്ങളിൽനിന്നു കിട്ടിയ, കിട്ടുന്ന നിർലോപമായ സ്നേഹവും അതിലുപരി പ്രാർത്ഥനാജീവിതത്തിൽ നിന്നു ലഭിക്കുന്ന ആത്മീയശക്തിയും മൂലമാണ്.

കർദിനാൾ പദവിയെക്കുറിച്ച് ഒരു വാക്ക്. സാർവ്വത്രികസഭയിലെ തീരുമാനങ്ങളിൽ നിർണായകസ്ഥാനം വഹിക്കുന്നവരാണ് സഭയുടെ രാജകുമാരന്മാർ എന്നറിയപ്പെടുന്ന കർദിനാൾമാർ. കർദിനാൾ എന്ന പദത്തിന്റെ ലത്തീൻ ഭാഷയിലെ അർത്ഥം 'വാതിലിന്റെ വിജാഗരി' എന്നാണ്. കതകിനെ കട്ടിളയോടു ബന്ധിക്കുന്ന ധർമ്മമാണ് അതിനുള്ളത്. അപ്പോൾ സഭയെയും സഭാതനയരെയും അന്യോന്യം ബന്ധിപ്പിക്കുക, സഭയിലെ വിവിധ ഘടകങ്ങളെ കൂട്ടിയിണക്കുക തുടങ്ങിയ ശ്രമസാദ്ധ്യമായ ദൗത്യമാണ് കർദിനാളിന്റേത്. കർദിനാളിനു റോമിൽ ഒരു കത്തീഡ്രലിന്റെ ചുമതലകൂടിയുണ്ടാകും.

സഭയുടെ, വിശിഷ്യാ, സീറോമലബാർസഭയുടെ, വളർച്ചയുടെ നിർണ്ണായകമായ ഒരു മുഹൂർത്തത്തിലാണ് ആലഞ്ചേരിപ്പിതാവു കർദിനാളായി ഉയർത്തപ്പെടുന്നത്. പ്രതിബന്ധങ്ങളും വെല്ലുവിളികളും ഉണ്ട്. എങ്കിലും കരുണാമയന്റെ കരുത്തിൽ പ്രത്യാശയർപ്പിച്ചു പിതാവു നീങ്ങുകയാണ്. ഭാരതസമൂഹത്തിന്റെ മുഴുവൻ ആശയാഭിലാഷങ്ങൾ വത്തിക്കാനിലെ ഭരണകേന്ദ്രങ്ങളിൽ എത്തിക്കാൻ ആലഞ്ചേരിപ്പിതാവിനു കഴിയട്ടെ. ഭാരതകത്തോലിക്കാസഭയിൽ തിരിനാളം പോലെ നിന്ന ഈ അറുപത്തേഴുകാരൻ ഇനി ആഗോളസഭയുടെ കർദിനാൾ സംഘത്തിലും പ്രകാശബിന്ദുവാകുകയാണ്. അതു കത്തിജ്വലിക്കട്ടെ! സൗമ്യമെങ്കിലും ഉറപ്പേറിയ ആ ശബ്ദം കർദിനാൾമാരുടെ കൂട്ടായ്മകളിൽ ഉയരുമ്പോൾ അതു മാനവികതയുടെ സംരക്ഷണത്തിനും പുരോഗതിക്കും സർവ്വോപരി വിശുദ്ധീകരണത്തിനും വേണ്ടിയാകുമെന്നതു തീർച്ച.

# 11

# അഭിവന്ദ്യപിതാവു സംസാരിക്കുന്നു

## പ്രേഷിതവർഷം - സഭാദിനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ജൂലൈ 3-ന് നാം നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനാത്തിരുനാൾ ആചരിക്കുകയാണല്ലോ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഈശോയിലും അവിടുന്നിലൂടെ കൈവന്ന രക്ഷയിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞ തോമ്മാശ്ലീഹാ സ്വന്തം ജീവരക്തം ചൊരിഞ്ഞതിന്റെ ഓർമ്മയാണ് ദുക്റാന. തോമ്മാശ്ലീഹാ ഭാരതമണ്ണിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ദുക്റാനദിവസം സീറോമലബാർസഭയുടെ സഭാദിനം കൂടിയായി നാം ആഘോഷിക്കുകയാണ്. സഭ സ്വഭാവത്താൽത്തന്നെ മിഷനറിയാണ്, പ്രേഷിതയാണ്; ജീവന്റെ സന്ദേശം പകർന്നുകൊടുക്കാൻ അയയ്ക്കപ്പെട്ടവളാണ്. ഒരു വ്യക്തിഗതസഭയായ സീറോമലബാർസഭയുടേയും സ്വഭാവവും ദൗത്യവും അതുതന്നെയാണ്.

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരെ കാണുമ്പോൾ ആദ്യം പറയുന്നതു നമ്മുടെ സഭയുടെ പ്രേഷിതോന്മുഖതയെക്കുറിച്ചാണ്. പൗരസ്ത്യസഭകളിൽ പ്രേഷിതതീക്ഷ്ണതയിൽ ഏറെ മുന്നിലാണ് സീറോമലബാർസഭ. ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നുള്ള മിഷൻ പ്രവർത്തനം വഴി സഭയിലേക്കുവന്ന വിശ്വാസികൾക്കായി രൂപംകൊണ്ട തക്കല രൂപത നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഒന്നാംതരം തെളിവാണ്. ആധുനിക കാലഘട്ടത്തിൽ സീറോമലബാർസഭയുടെ പ്രേഷിതപ്രവർത്തനം വടക്കേ ഇന്ത്യയിലേക്ക് വ്യാപിക്കുന്നത് 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപ്പാപ്പയുടെ കല്പനപ്രകാരമാണ്. പരിശുദ്ധ സിംഹാസനം സീറോമല



ബാർസഭയെ ആദ്യമായി ഏല്പിച്ച പ്രേഷിതരംഗം ഛാന്ദാമിഷ നാണ്. അത് നാഗ്പൂർ അതിരൂപതയുടെ ഒരു ഭാഗമായിരുന്നു. നമ്മുടെ സഭയിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസസമൂഹമായ സിഎംഐ സഭയാണ് ഛാന്ദാമിഷൻ ഏറ്റെടുത്തു പ്രവർത്തിച്ചത്. അവിഭക്തഛാന്ദാമിഷൻ ആരംഭിച്ചിട്ട് 2012-ൽ 50 വർഷം പൂർത്തി യാകുകയാണ്. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സീറോമലബാർസഭ യിലെ മെത്രാന്മാരുടെ സിനഡ് ചർച്ചകൾ നടത്തുകയുണ്ടായി. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി ഒരു മിഷൻ രൂപയുടെ മാത്രം ജൂബിലി എന്നതിനേക്കാൾ സീറോമലബാർസഭയുടെ പ്രേഷിത വിളിയെയും ദൗത്യത്തെയും കുറിച്ച് ആഴത്തിൽ ചിന്തിക്കാനും നവോന്മേഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കാനുമുള്ള ഒരവസര മായിട്ടാണ് സിനഡുപിതാക്കന്മാർ കണ്ടത്. ഇതിൻപ്രകാരം ഛാന്ദാ മിഷന്റെ സുവർണ്ണജൂബിലി സീറോമലബാർസഭ മുഴുവനിലും 2011 ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ പ്രേഷിത വർഷമായി ആച രിക്കാൻ തീരുമാനിച്ചത് ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (ഡിക്രി - Prot. No: 40/2011).

പ്രേഷിതവർഷത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും സംബന്ധിച്ച് പ്രധാനപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. റോമിലും അന്ത്യോക്യായിലുമെല്ലാം സഭ രൂപംകൊണ്ട അതേ കാല ഘട്ടത്തിൽത്തന്നെ തോമ്മാശ്ലീഹായിൽനിന്ന് നമുക്കും വിശ്വാസ വെളിച്ചം ലഭിച്ചുവെന്നത് വലിയ ദൈവപരിപാലനയാണ്. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്ന ദൃഢനിശ്ചയമാണ് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായെ ഭാരതത്തിലേക്കാന യിച്ചത്. നമ്മുടെ പിതാവിന്റെ ഈ പ്രേഷിതതീക്ഷ്ണത തന്നെ യാണ് ഈ കാലഘട്ടത്തിൽ നമ്മെയും നയിക്കേണ്ടത്.

വിദേശാധിപത്യത്തിലൂടെ നമ്മുടെ സഭയുടെ വളർച്ചയ്ക്ക് വള രെയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. മാർതോമ്മാക്രിസ്ത്യാ നികളുടെ ഭിന്നിപ്പും സഭയുടെ സ്വാതന്ത്ര്യം കേരളത്തിൽ മാത്ര മായി ചുരുക്കിയതും നമ്മുടെ സഭയുടെ വളർച്ചയെയും പ്രേഷിത പ്രവർത്തനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ടു കൂടിയാണ് 18-ാം നൂറ്റാണ്ടു വരെ പ്രേഷിതമേഖലയിൽ സഭയ്ക്ക് കാര്യമായ സംഭാവനകൾ ചെയ്യാൻ സാധിക്കാതെ പോയത്. 1831-ൽ സിഎംഐ സഭയുടെ തുടക്കം സീറോമലബാർസഭയുടെ മിഷനറി വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 1887 മെയ് 20-ന് സീറോമല ബാർസഭയ്ക്കു കൈവന്ന സഭാത്മകമായ പ്രവർത്തനസ്വാതന്ത്ര്യ ത്തിന്റെ 125-ാം വർഷവും കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ





100-ാം വർഷവും പ്രേഷിതവർഷത്തോടനുബന്ധിച്ച് ആചരിക്കുന്നതും ഏറെ പ്രസക്തമാണ്. 1923-ൽ സീറോമലബാർ ഹൈരാർക്കി സ്ഥാപിതമായതോടുകൂടിയാണ് നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും ത്വരിതഗതിയിലായത്. മലബാറിലേക്കും തമിഴ്നാട്ടിലേക്കും കർണാടകത്തിലേക്കുമുള്ള സീറോമലബാർസഭയുടെ വളർച്ച എത്രയോ വലുതാണെന്ന് ഇന്ന് അവിടെയുള്ള ഒൻപതു രൂപതകൾ (തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ, രാമനാഥപുരം) സാക്ഷ്യപ്പെടുത്തുന്നു.

സീറോമലബാർസഭയിൽനിന്ന് ഉദയം ചെയ്ത സന്ന്യാസമൂഹങ്ങളുടെയും സെന്റ് തോമസ് മിഷനറി സൊസൈറ്റി പോലെയുള്ള പ്രേഷിതസമൂഹങ്ങളുടെയും സംഭാവന നമ്മുടെ മിഷനറി പ്രവർത്തനത്തിന് ശക്തിപകർന്നു. 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപ്പാപ്പായുടെ മുദ്രാവാക്യം സീറോമലബാർസഭ എത്ര ആത്മാർത്ഥതയോടെയാണ് സ്വീകരിച്ചത് എന്ന് സഭയുടെ ഇന്നത്തെ ചരിത്രം വ്യക്തമാക്കുന്നു. ഭാരതത്തിനുള്ളിലും വെളിയിലും മിഷൻ പ്രവർത്തനത്തിനു പോകുന്നതിന് ചെറുപുഷ്പമിഷൻലീഗ് പോലുള്ള അല്മായ പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ള ശുശ്രൂഷ എത്രയോ ധന്യമാണ്! ഇന്ന് മിഷനറി ദൈവവിളികൾ ഭാരതസഭയ്ക്കും സാർവ്വത്രിക സഭയ്ക്കും സമ്മാനിക്കുന്ന ഈറ്റില്ലമാണ് നമ്മുടെ സഭ.

സീറോമലബാർസഭയിലൂടെ മാത്രമല്ല നമ്മുടെ സഭയുടെ മക്കൾ പ്രേഷിതപ്രവർത്തനം നടത്തുന്നത്. ഭാരതത്തിലെ ലത്തീൻ സഭയിലും മലങ്കരസഭയിലും നമ്മുടെ നിരവധി സന്താനങ്ങൾ ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനായി അക്ഷീണം യത്നിക്കുന്നുണ്ട്. കൂടാതെ ഏഷ്യ, യൂറോപ്പ്, അമേരിക്ക, ലത്തീൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയാ എന്നീ മിഷൻ രംഗങ്ങളിലും നമ്മുടെ സഭയുടെ തനയർ വളരെ സജീവരാണ്. ഇവയെല്ലാം ഓർത്ത് ദൈവത്തിനു നന്ദി പറയുവാൻ ദൈവം ഒരുക്കുന്ന അവസരമാണ് ഈ പ്രേഷിതവർഷം.

മിഷനറി പ്രവർത്തനം ഏതാനും വൈദികർക്കും സമർപ്പിതകർക്കും വേണ്ടിമാത്രം മാറ്റിവയ്ക്കപ്പെട്ട ശുശ്രൂഷയല്ല. മാമ്മോദീസായിലൂടെ സഭാശരീരത്തോടു ചേർക്കപ്പെടുന്ന ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ശിഷ്യന്മാരെപ്പോലെ അയയ്ക്കപ്പെട്ട വ്യക്തി കൂടിയാണ് (യോഹ 3:16, മർക്കോ 3:14-16, മർക്കോ 16:15, മത്താ 28:19, ലൂക്കാ 26:46-49, യോഹ 20:21, നട 1:8). അതുകൊണ്ടാണ് സഭ പ്രകൃത്യാ പ്രേഷിതയാണെന്നു പറയുന്നത് (LG 17, AG 2, 9, 23). സഭ വിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടാൻ വേണ്ടിയാണ്. മിഷ



നറി ദൗത്യം നിർവ്വഹിക്കാത്ത ക്രിസ്തുശിഷ്യൻ കായ്ക്കാത്ത അത്തിമരങ്ങൾ പോലെയാണ്. സഭാഗാത്രത്തെ പടുത്തുയർത്തുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ എന്ന കാര്യം മറക്കാതിരിക്കാം.

സ്വന്തം ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടാണ് ക്രൈസ്തവർ അടിസ്ഥാനപരമായി മിഷനറിമാരാകേണ്ടത്. നമ്മുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെയാകണം. സ്വന്തം ജീവിതാവസ്ഥയനുസരിച്ച് ജീവിതസാഹചര്യങ്ങളിൽ മിശിഹായ്ക്ക് സാക്ഷികളാകുന്നതാണ് സുവിശേഷത്തിന്റെ ആധികാരികമായ പ്രഘോഷണം. ഓരോ കുടുംബവും അങ്ങനെ പ്രേഷിത മുന്നേറ്റത്തിന്റെ ശക്തമായ വയലേലയായി മാറട്ടെ. ഓരോ കുടുംബവും ഗാർഹികസഭയാണ്. മക്കളെ വിശ്വാസമൂല്യങ്ങളിലും സഭാ പൈതൃകങ്ങളിലും സഭാസ്നേഹത്തിലും വളർത്തുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അവരതു നിർവ്വഹിക്കുമ്പോൾ കുടുംബങ്ങളിൽ പ്രേഷിതോന്മുഖതയുണ്ടാകും, പ്രേഷിതദൈവവിളിക്കുള്ള അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും.

മിഷൻപ്രവർത്തനം നിരവധിയായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കഠിനമായ വെല്ലുവിളി, നമ്മുടെ സഭയിലുൾപ്പെടെ ദൈവവിളികൾ കുറയുന്നുവെന്നതാണ്. ഈ സ്ഥിതിവിശേഷത്തിന് കാരണമാകുന്നത് കുടുംബങ്ങളിലെ വിശ്വാസത്തകർച്ച, പ്രാർത്ഥനാജീവിതത്തിന്റെ അഭാവം, മക്കളുടെ എണ്ണക്കുറവ്, സമർപ്പിതരെക്കുറിച്ചുള്ള നിഷേധാത്മകമായ വിമർശനങ്ങൾ, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെ ഭയന്ന് പിന്മാറാനുള്ള പ്രവണത മുതലായവയാണ്. ഇവയെല്ലാം നാം എങ്ങനെ പരിഹരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും പ്രേഷിതപ്രവർത്തനത്തിന്റെ മുന്നോട്ടുള്ള ഗതി.

നമ്മുടെ സഭയുടെ പ്രതിനിധികളായി മിഷൻ രംഗത്ത് ജോലി ചെയ്യുന്നവരെ ഏറെ ആദരവോടും അഭിമാനത്തോടും കൂടെ സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. അവർ അവധിക്കാലങ്ങളിൽ വരുമ്പോൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹങ്ങളിലും സ്ഥാപനങ്ങളിലും അവരെ സ്വീകരിക്കാനും ആദരിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കണം. അവർക്ക് നല്കുന്ന പ്രോത്സാഹനം പുതിയ തലമുറയ്ക്ക് അവരെ പിന്തുടരാൻ പ്രചോദനമാകും. കേരളത്തിലെ സീറോമലബാർരൂപതകൾ മാതൃസഭ എന്ന നിലയിൽ മിഷനെ ആളുകൊണ്ടും അർത്ഥംകൊണ്ടും സഹായിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും കുടുംബങ്ങളും കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളെ ദത്തെടുക്കാനും പ്രാർത്ഥന, പരിത്യാഗങ്ങൾ, സമ്പത്ത് എന്നിവകൊണ്ടു പ്രോത്സാ





ഹിപ്പിക്കാനും മുന്നോട്ട് വരണം. നമ്മുടെ മിഷനറിമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലേക്ക് ഇടവകകളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും മിഷനറിയാത്ര നടത്തുന്നത് നല്ലതാണ്. അവരുടെ പ്രവർത്തനം നേരിട്ടു കാണുകയും അവരുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കുകയും ചെയ്യുന്നത് അവരെ പ്രോത്സാഹിപ്പിക്കാൻ പ്രേരണയാകുമല്ലോ. അതുപോലെതന്നെ മിഷൻ രംഗത്തുള്ള ജനങ്ങളെ നമ്മുടെ നാട്ടിലേക്കും കുടുംബങ്ങളിലേക്കും സന്ദർശകരായി സ്വീകരിക്കുന്നത് അവർക്ക് മാതൃസഭയുടെ വിശ്വാസശൈലി നേരിട്ട് അനുഭവിക്കാനും അതിൽ ആഴപ്പെടാനും സഹായകമാകും.

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, ഈശോയാണ് ഏറ്റവും വലിയ മിഷനറി. പിതാവിന്റെ സ്നേഹം നമ്മെ അറിയിക്കാനും ആ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കാനും അയയ്ക്കപ്പെട്ട മിഷനറിയാണ് ഈശോ (യോഹ 3:16). ഈശോയുടെ പ്രേഷിതദൗത്യത്തിൽ സഹകരിക്കാനും അവിടത്തെ ദൗത്യം തുടരാനുമാണ് ഈശോ ശ്ലീഹമാരെ വിളിച്ചത് (മർക്കോ 3:14-16). ഈശോ അവരെ ഭരമേല്പിച്ച മൗലികമായ ഉത്തരവാദിത്വം സുവിശേഷം പ്രസംഗിക്കുകയും (മാർക്കോ 16:15) വിശ്വസിക്കുന്നവരെ ശിഷ്യപ്പെടുത്തി സഭ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് (മത്താ 28:19, ലൂക്കാ 26: 46-49, യോഹ 20:21, നട 1:8). ഈ ഉത്തരവാദിത്വം നമ്മുടെ കാലഘട്ടത്തിലും സാഹചര്യങ്ങളിലും തുടരാൻ നാം നടത്തുന്ന ശുശ്രൂഷകളാണ് പ്രേഷിതപ്രവർത്തനം. നമ്മുടെ വിശ്വാസത്തോടുള്ള കടപ്പാടിൽനിന്നും കൃതജ്ഞതയിൽനിന്നുമാണ് അതുണ്ടാകേണ്ടത്. സീറോമലബാർസഭ പ്രേഷിതരംഗങ്ങളിൽ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ എല്ലാ ശുശ്രൂഷകളെയും ഓർത്ത് ഈ വർഷത്തിൽ നമുക്ക് ദൈവത്തിനു പ്രത്യേകം നന്ദിയർപ്പിക്കാം. പ്രേഷിതവർഷം നമ്മുടെ സഭയിൽ ആവേശോജ്ജ്വലമായ ഒരു പുതിയ പന്തക്കുസ്തായ്ക്ക് തുടക്കം കുറിക്കാൻ കാരണമാകട്ടെ. പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും ജീവിതസാക്ഷ്യംകൊണ്ടും മിഷൻപ്രവർത്തനത്തെ കൂടുതൽ സജീവമാക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. പരിശുദ്ധകന്യകാമറിയത്തിന്റെയും മാർ തോമ്മാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

**+ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്

# 12

# അഭിമുഖത്തിൽനിന്ന്

## പരിഷ്കാരങ്ങൾ പ്രകൃതിയെയും മനുഷ്യജീവനെയും അപകടത്തിലാക്കുന്നു

പ്രകൃതിയെ സംരക്ഷിക്കണമെന്ന ബോധം വേണം. എന്നാൽ, മനുഷ്യജീവനും വിലപിടിച്ചതാണെന്ന യാഥാർത്ഥ്യം മറക്കരുതെന്നു സീറോമലബാർസഭയുടെ നിയുക്ത മേജർആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി.

മനുഷ്യവംശത്തിന്റെ പരിഷ്കാരങ്ങൾ പ്രകൃതിയെ അപകടപ്പെടുത്തുന്നതുപോലെ തന്നെ മനുഷ്യജീവനെയും അപകടത്തിലാക്കുകയാണ്. മാനവിക പരിസ്ഥിതിശാസ്ത്രം എന്നൊന്നു രൂപപ്പെട്ടു വരുന്നുണ്ട്. അതു കത്തോലിക്കാ സഭയുടെ മാത്രം ഉത്തരവാദിത്വമല്ല. ഭ്രൂണഹത്യയും ദയാവധവും അംഗീകരിക്കാനാവില്ല. ജനിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഭ്രൂണത്തിന്റെ മഹത്വം അതിൽ നിന്ന് ഉണ്ടാകാനിരിക്കുന്ന മനുഷ്യന്റെ മഹത്വമാണ്. മനുഷ്യന്റെ മൂല്യം മറക്കരുതെന്ന് ഓർമ്മിപ്പിക്കാനും ചിന്തിപ്പിക്കാനും സഭ പരിശ്രമിക്കും.

## ഇതര വ്യക്തിഗതസഭകളോടുള്ള സമീപനം

മൂന്നു വ്യക്തിഗത സഭകളുണ്ട് കേരള കത്തോലിക്കാ സഭയിൽ. അവയിൽ മൂന്നു പാരമ്പര്യങ്ങളും. മൂന്നു വ്യത്യസ്ത ജീവിതക്രമങ്ങളാണ് അവയിലുള്ളത്. മറ്റു സഭകളുമായി ചേർന്നു സുവിശേഷത്തിനു സാക്ഷ്യം നൽകാൻ സീറോമലബാർസഭ ശ്രമിക്കും. സത്യത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശമാണു സുവിശേഷം. ദൈവം ആരാണെന്നതും ദൈവവും മനുഷ്യനും തമ്മിലും ദൈവവും പ്രകൃതിയും തമ്മിലുമുള്ള ബന്ധം, യേശു വെളിപ്പെടുത്തിയതു, പ്രഘോഷിക്കുക എന്നതാണു പ്രാഥമികമായി സഭയുടെ ദൗത്യം.

*പാർശ്വവൽക്കരിക്കപ്പെട്ടവരോട് എന്താണു സഭയുടെ സമീപനം?*

സഭ എന്നും പാവപ്പെട്ടവരുടെ കൂടെയായിരിക്കണം. അവരെ സംര





ക്ഷിക്കാൻ സഭയ്ക്കു കടപ്പാടുണ്ട്. ദരിദ്രർക്ക് അഭയം കൊടുക്കണം. പിന്നോക്കക്കാർക്കു മുൻഗണന നൽകണം.

*ഇന്ത്യയുടെ നാനാത്വം ഉൾക്കൊള്ളുന്നത് എങ്ങനെ?*

എല്ലാം ഉൾക്കൊള്ളാനാണു ശ്രമം. എന്നാൽ, എല്ലാം ഒരുമിച്ച് ഉൾക്കൊള്ളുക എന്നതല്ല. ഓരോന്നായി ഉൾക്കൊള്ളുക. കാലക്രമേണ സംഭവിക്കുന്നതാണു മാറ്റം. ഭാരതീയതയുടെ അംശങ്ങൾ ഉൾക്കൊണ്ടുതന്നെയാണു സഭാംഗങ്ങൾ ജീവിക്കേണ്ടത്.

*തക്കല രൂപത എന്ന മിഷൻ രൂപതയുടെ തലവൻ സീറോമലബാർസഭയുടെ മേധാവിയാകുമ്പോൾ പ്രേഷിത വർഷാചരണത്തെ എങ്ങനെ കാണുന്നു?*

കേരളത്തിനു പുറത്തെ ആദ്യ മിഷൻ രൂപതയാണു തക്കല. വടക്കേ ഇന്ത്യയിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ചതിന്റെ സുവർണജൂബിലിയാണിത്. നല്ല ഭാരതത്തിനുവേണ്ടി, നല്ല സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതാണു പ്രേഷിത വർഷാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. എന്നാൽ, ഏതെങ്കിലും പ്രത്യേക ലക്ഷ്യം മാത്രം വച്ചുകൊണ്ടല്ല മേജർആർച്ച്ബിഷപ്പിന്റെ പ്രവർത്തനം. എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകണം. പ്രത്യേക ദൗത്യങ്ങൾക്കു മുൻഗണന ഉണ്ടാകും.

*ദൈവവിളി കുറയുന്നതിനെക്കുറിച്ച്...*

ദൈവവിളി കുറയുന്നു എന്ന വസ്തുതയ്ക്ക് കാതലായ പരിഗണന നൽകും. വൈദികരാവാൻ മാത്രമല്ല ദൈവവിളി. നല്ല അൽമായരായി ജീവിക്കാനും ദൈവവിളിയുണ്ട്. അത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കും.

*നവീകരണ, പ്രാർത്ഥനാ പ്രസ്ഥാനങ്ങളിലൂടെ സഭാംഗങ്ങൾ മറ്റുവഴിക്കു പോകുന്നില്ലേ?*

ഭിന്നിപ്പ് എവിടെയുണ്ടാകുന്നുവോ, അവിടെ തിന്മയുടെ ശക്തി പ്രവർത്തിക്കുന്നു. അതു ദൈവം ആഗ്രഹിക്കുന്നതല്ല. ഭിന്നിച്ചു പോകാൻ പ്രേരിപ്പിക്കുന്നവരെ അംഗീകരിക്കാനാവില്ല. കരിസ്മാറ്റിക് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം ഭിന്നിപ്പല്ല.

*നിയുക്ത മേജർആർച്ച്ബിഷപ്പിന്റെ ജീവിതപ്രമാണം?*

'സത്യത്തിന്റെയും ജീവകാരുണ്യത്തിന്റെയും സംവാദത്തിൽ ഊന്നിയുള്ള സേവനം'– അതാണ് എന്റെ ജീവിതപ്രമാണം. ദൈവം എന്നാൽ സത്യത്തിന്റെയും സ്നേഹത്തിന്റെയും ഭാഷണമാണ്.



അതിൽ നിന്നാണ് ഈ വിശ്വാസസംഹിത ഉരുത്തിരിയുന്നത്. സത്യവും സ്നേഹവും കൈമാറുന്നതാണു ജീവിതമാകുന്ന ആശയവിനിമയം. തക്കല ബിഷപ്പായി സ്ഥാനമേറ്റ വേളയിൽ എന്റെ ആപ്തവാക്യം 'അവൻ നന്മ ചെയ്തുകൊണ്ടു കടന്നുപോയി' എന്നതായിരുന്നു.

## എല്ലാ മതങ്ങളോടും സമുദായങ്ങളോടും ഐക്യദാർഢ്യം: മാർ ആലഞ്ചേരി

എല്ലാ മതവിശ്വാസികളോടും സമുദായങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി സീറോമലബാർസഭയുടെ നിയുക്ത മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി. ക്രൈസ്തവ സഭകളുടെ കൂട്ടായ്മയിൽ പങ്കുചേരാൻ ബാധ്യസ്ഥനാണു താനെന്നും മേജർ ആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട വിവരം പ്രഖ്യാപിച്ച വേദിയിൽ അദ്ദേഹം പറഞ്ഞു. വിവിധ സഭകൾ തമ്മിലുള്ള സഹകരണവും കൂട്ടായ്മയും ഉറപ്പുവരുത്താൻ പരിശ്രമിക്കും. ക്രൈസ്തവരോടു മാത്രമല്ല, എല്ലാ മതവിശ്വാസികളോടും സമുദായങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

വിശ്വാസത്തിനു നന്ദി എന്നു പറഞ്ഞാണ് നിയുക്ത മേജർ ആർച്ച്ബിഷപ് പ്രസംഗം ആരംഭിച്ചത്. "കാരുണ്യവാനായ ദൈവത്തിനും നന്ദി. ചുമതലകൾ ഏൽപ്പിക്കുമ്പോൾ ദൈവം അവ നിറവേറ്റാനാവശ്യമായ കൃപയും നൽകും എന്നു വിശ്വസിക്കുന്നു. സഭയിലെ എല്ലാ പിതാക്കന്മാരോടും ചേർന്നാണ് എന്റെ ദൗത്യം നിർവഹിക്കുക. സഭയെ മുന്നോട്ടു നയിക്കാൻ വിജ്ഞാനവും വിനയവും വിശ്വാസവും ആവശ്യമാണ്. ഈ മൂന്നു ഗുണങ്ങളും ആർജിക്കാൻ ഇന്നുമുതൽ ഞാൻ പ്രയത്നിച്ചുകൊള്ളാം. കൂട്ടായ്മ ലക്ഷ്യമിട്ടു നമുക്കു മുന്നേറാം. നിങ്ങളുടെ പ്രാർത്ഥനയിൽ എന്റെ ശുശ്രൂഷയെ സമ്പന്നമാക്കുക." കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ കബറടക്ക ശുശ്രൂഷകൾ മികച്ച രീതിയിൽ നടത്തിയതിന് എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻമാരായ മാർ തോമസ് ചക്യത്തിനും മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനും നിയുക്ത മേജർആർച്ച്ബിഷപ് നന്ദി പറഞ്ഞു. മാർ വിതയത്തിലിന്റെ അഭാവത്തിൽ സഭയുടെ പ്രവർത്തനങ്ങൾക്കു മികച്ച രീതിയിൽ മേൽനോട്ടം വഹിക്കുകയും മേജർആർച്ച്ബിഷപ് തിരഞ്ഞെടുപ്പു പ്രക്രിയയ്ക്കു നേതൃത്വം നൽകുകയും ചെയ്ത അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരിനോടുള്ള കൃതജ്ഞതയും മാർ ആലഞ്ചേരി പ്രകടിപ്പിച്ചു.



കർദിനാൾ മാർ ജോർജ് ആലഞ്ചേരി

## ദൈവത്തെ നിഷേധിക്കുന്നത് പരീക്ഷണങ്ങളിൽ പരാജയപ്പെടുന്നവർ: മാർ ആലഞ്ചേരി

പരീക്ഷണങ്ങളിൽ പരാജയപ്പെടുന്നവരാണു ദൈവത്തെയും മതത്തെയും നിഷേധിക്കുന്നതെന്നു സീറോമലബാർസഭാമേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കെസിബിസി ഡയലോഗ് ആൻഡ് എക്യുമെനിസം കമ്മീഷൻ, പാലാരിവട്ടം പിഒസിയിൽ, സംഘടിപ്പിച്ച മതാന്തര സൗഹൃദദിനപരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഓരോ മതവും മറ്റു മതങ്ങളെ പൂരകങ്ങളായി കാണണം. അത്തരമൊരു ദർശനം ഏറ്റെടുക്കാൻ എല്ലാവരും തയ്യാറായാൽ അതു മാനവികതയിലേക്കുള്ള പ്രയാണമായി മാറും. പ്രപഞ്ചത്തിലും മനുഷ്യനിലും ഈശ്വരനെ കാണുന്നു എന്നതാണു ഹൈന്ദവദർശനം. ഈശ്വരനെ ആദരിക്കുന്നതിലൂടെ മനുഷ്യനെ ആദരിക്കാനും ഹൈന്ദവമതം പഠിപ്പിക്കുന്നു. ഇതു തന്നെയാണ് ഇസ്ലാം മതത്തിന്റെയും അന്തഃസത്ത. മനുഷ്യനെ തേടുന്ന ദൈവത്തിന്റെയും ദൈവത്തെ തേടുന്ന മനുഷ്യന്റെയും പ്രയാണം ഒന്നാകുന്ന സംഗമസ്ഥാനമാണു ക്രിസ്തു. ക്രിസ്തുവിൽ കേന്ദ്രീകരിച്ചിട്ടുള്ള ദൈവദർശനവും മനുഷ്യദർശനവും ക്രൈസ്തവമതത്തിന്റെ ലോകത്തിനുള്ള സംഭാവനയാണ്. മനുഷ്യനു തന്റെ അപൂർണതകൾ മൂലം ജീവിത യാത്രയിൽ വീഴ്ചകൾ നേരിടാം. ഈ തെറ്റുകൾ ഏറ്റു പറഞ്ഞു തിരിച്ചുവരിക എന്നതാണു ക്രൈസ്തവമതദർശനത്തിന്റെ അടിസ്ഥാനം.

മതാന്വേഷികൾ തങ്ങളന്വേഷിക്കുന്ന ചൈതന്യത്തെയാണ് ഈശ്വരസാന്നിധ്യമായി കണ്ടു വണങ്ങുന്നത്. അതിനിടയിൽ നേരിടേണ്ടിവരുന്ന പരീക്ഷണങ്ങളിൽ പരാജയപ്പെടുന്നവരാണു ദൈവത്തെ നിഷേധിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## സഭ സമൂഹത്തിന്റെ മനഃസാക്ഷി ആകണം: മേജർആർച്ച്ബിഷപ്

പാലാ: പാലാ രൂപതയുടെ വൈശിഷ്ട്യത്തിൽ അഭിമാനം കൊള്ളുന്നതായും രൂപത സാർവത്രിക സഭയിലാകെ നിറഞ്ഞു നിൽക്കുന്നതായും മേജർആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. പാലാ ബിഷപ്സ് ഹൗസിൽ നടന്ന സൗഹൃദസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മേജർആർച്ച്ബിഷപ്.

പാലാ രൂപതയിൽ മിഷൻ ചൈതന്യം നിറഞ്ഞുനിൽക്കുകയാണ്. ദൈവദാനങ്ങളോടു സഹകരിച്ചുള്ള നേതൃത്വശുശ്രൂഷയാണ് ഓരോ



രുത്തരുടെയും ധർമ്മം. സഭയെ ചുളിവില്ലാത്തവളായി മനുഷ്യസമൂഹത്തിനു മുന്നിൽ പ്രതിഷ്ഠിക്കാൻ കഴിയണം. സീറോമലബാർസഭയുടെ സേവനത്തിനായുള്ള ദാഹം എല്ലായിടങ്ങളിലും പ്രകടമാണ്. ആരും മാറിനിൽക്കാതെയും ആരെയും മാറ്റിനിർത്താതെയുമുള്ള നേതൃത്വജീവിതശൈലിയാണ് ഉണ്ടാകേണ്ടത്. തെറ്റു ചെയ്യുന്നവരെ തിരുത്താനുള്ള ഉത്തരവാദിത്വം നമുക്കുണ്ടെന്ന നിയോഗശുദ്ധി സമൂഹത്തിൽ സൃഷ്ടിക്കണം. സഭ സമൂഹത്തിന്റെ മനഃസാക്ഷിയാകണം. സഭ രാഷ്ട്രത്തിന്റെ മനഃസാക്ഷിയാകുകയെന്നാൽ രാഷ്ട്രവുമായി ഏറ്റുമുട്ടുകയെന്നല്ല.

സഭ എന്നും സമൂഹത്തോടൊപ്പവും സമൂഹത്തിനുള്ളിൽനിന്നും പ്രവർത്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിൽ കൂടുതൽ ഇറങ്ങിച്ചെല്ലാൻ സഭയ്ക്കു കഴിയണം. വിദ്യാഭ്യാസ പ്രവർത്തനത്തിൽനിന്ന് ഒട്ടും അകന്നുനിൽക്കാൻ സഭയ്ക്കു കഴിയില്ല. സമുദായങ്ങളെ ഭിന്നിപ്പിച്ചു പ്രവർത്തിപ്പിക്കാൻ സഭ ആഗ്രഹിക്കുന്നില്ല. എല്ലാ സംസ്കാരങ്ങളെയും ഒരുമിപ്പിച്ചു പ്രവർത്തിപ്പിക്കാനുള്ള ശുദ്ധമായ ലക്ഷ്യമാണു സഭയ്ക്കുള്ളത് – മേജർആർച്ച്ബിഷപ് പറഞ്ഞു.

## സഭയും രാഷ്ട്രവും കൈകോർത്തുപോകണം: മേജർ ആർച്ച്ബിഷപ്പ് മാർ ആലഞ്ചേരി

ചങ്ങനാശ്ശേരി: സഭയും രാഷ്ട്രവും കൈകോർത്തു പോകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നു സീറോമലബാർസഭാമേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി. മേജർആർച്ച്ബിഷപ്പ് പദവിയിൽ എത്തിയശേഷം മാതൃരൂപതയായ ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കത്തീഡ്രൽ പള്ളിയങ്കണത്തിൽ ഒരുക്കിയ സ്വീകരണ സമ്മേളനത്തിൽ മറുപടി പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. സഭയെയും രാഷ്ട്രത്തെയും ഐക്യത്തിൽ ഒന്നിപ്പിക്കണം. സഭ ലോകത്തിന്റെ മനസാക്ഷിയാണ്. ഭരണകർത്താക്കൾ സഭയോടും സമൂഹത്തോടും ഒരേപോലെ പ്രതിബദ്ധത കാണിക്കണം. രാഷ്ട്രീയ മുന്നണികളിലെ അനൈക്യം മത, സാംസാകാരിക വിഭാഗങ്ങളിൽ ഭിന്നിപ്പ് ഉളവാക്കുമ്പോഴും ഭരണകർത്താക്കൾ സഭയോട് എതിർപ്പു പ്രകടിപ്പിച്ചാലും ഞങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കും. ക്രൈസ്തവ, ഹൈന്ദവ, ഇസ്ലാമിക സമൂഹം മതേതരത്വത്തിനു മാതൃകയാവണം, അദ്ദേഹം കൂട്ടിച്ചേർത്തു.

## സോണിയാഗാന്ധിയുമായി മാർ ആലഞ്ചേരി കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: രണ്ടു മക്കളിൽ കൂടുതൽ പാടില്ലെന്നത് അടക്കം





ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ സമിതി മുന്നോട്ടുവച്ച ചില ശിപാർശകൾ ആശങ്കാജനകമാണെന്ന് യുപിഎ അധ്യക്ഷ സോണിയാഗാന്ധിയെ കണ്ടു സീറോമലബാർസഭാമേജർആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി അറിയിച്ചു. ചൈനയിലേതുപോലെ ജനന നിയന്ത്രണം അടിച്ചേൽപ്പിക്കാനാകില്ലെന്നും ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ബോധവത്കരണമാണ് അഭികാമ്യമെന്നും സോണിയാഗാന്ധി പറഞ്ഞു.

സന്താനനിയന്ത്രണത്തിന്റെ പേരിൽ മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ ബലികഴിക്കാനാകില്ല. കേരള വുമൻസ് കോഡ് ബില്ല്-2011 നിയമമാക്കുമ്പോൾ കൃഷ്ണയ്യർ സമിതിയുടെ വിവാദശുപാർശകൾ ഒഴിവാക്കാൻ കേരള സർക്കാരിന് നിർദേശം നൽകണം. വനിതകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തെക്കുറിച്ചു പഠിക്കാൻ നിയോഗിച്ച കൃഷ്ണയ്യർ സമിതിയുടെ ചില ശിപാർശകൾ മതങ്ങളുടെ മാത്രം പ്രശ്നമല്ല. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ കാക്കേണ്ടതുണ്ട്. ദളിത്ക്രൈസ്തവർക്കു ഭരണഘടന ഉറപ്പു നൽകുന്ന സംവരണ ആനുകൂല്യം എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും മാർ ആലഞ്ചേരി ആവശ്യപ്പെട്ടു.

ഒറീസയിലെ കാൻധമാലിൽ ക്രൈസ്തവർക്കു നേരേ ഉണ്ടായതുപോലുള്ള ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കാൻ കേന്ദ്രം കഴിയുന്നതെല്ലാം ചെയ്യുമെന്നു മേജർആർച്ച്ബിഷപ്പിനു സോണിയ ഉറപ്പു നൽകി. കോൺഗ്രസ് ഭരണ സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങൾക്കുനേരേ ഒരുവിധത്തിലുള്ള കൈയേറ്റവും അനുവദിക്കില്ല. ന്യൂനപക്ഷ സമുദായങ്ങളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും സോണിയ അറിയിച്ചു. യുപിഎ സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ പരിപാടികളുടെ ഗുണഫലങ്ങൾ അർഹരായവർക്കെല്ലാം ലഭ്യമാക്കാൻ എല്ലാ സമുദായങ്ങളും മുൻകൈയ്യെടുക്കണമെന്ന് കോൺഗ്രസ് പ്രസിഡന്റ് ചൂണ്ടിക്കാട്ടി.

## ദൈവദർശനം മനുഷ്യരിലേക്കു പകരുക സഭയുടെ ദൗത്യം: മാർ ആലഞ്ചേരി

ദൈവദർശനം മനുഷ്യരിലേക്കു പകരുകയാണ് സഭയുടെ ദൗത്യം.ദൈവത്തെയും മനുഷ്യരെയും തമ്മിലും മനുഷ്യരെ തമ്മിൽത്തമ്മിലും ബന്ധിപ്പിക്കുന്ന ദൗത്യമാണിത്. മാനവരാശിയുടെ ഭാവി മുന്നിൽ കണ്ടാണ് ദൈവസന്ദേശം പ്രചരിപ്പിക്കുന്നത്.



## ദൈവാന്വേഷണം മിഷൻ പ്രവർത്തനത്തിന്റെ അന്തഃസത്ത: മാർ ആലഞ്ചേരി

ദൈവത്തെ ആഴത്തിൽ അറിയുകയാണു മിഷൻ പ്രവർത്തനത്തിന്റെ അന്തഃസത്ത. അധാർമ്മികതയും അനീതിയും അഴിമതിയും സമൂഹത്തിന്റെ വിവിധതലങ്ങളിൽ വർദ്ധിച്ചുവരുമ്പോൾ മിഷൻ പ്രവർത്തനങ്ങൾക്കു പ്രസക്തിയേറുകയാണ്.

## സഭകളുടെ ഐക്യം എല്ലാ സഭാമക്കളുടെയും ആഗ്രഹം: മാർ ആലഞ്ചേരി

സഭകളുടെ ഐക്യം എല്ലാ സഭാമക്കളും മറ്റുള്ളവരും ആഗ്രഹിക്കുന്നതാണെന്ന് സീറോമലബാർസഭാമേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി. ചിന്തകളിലും പ്രവർത്തനങ്ങളിലും ഐക്യമുണ്ടാകാൻ എല്ലാ ക്രൈസ്തവസഭകളും പരിശ്രമിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പിഒസിയിൽ ഡിസംബർ 14, 2011 -ൽ നടന്ന ക്രൈസ്തവമെത്രാന്മാരുടെ സംയുക്തസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഭകൾ തമ്മിൽ ഐക്യം വർദ്ധിക്കുമ്പോൾ ഒന്നും നഷ്ടപ്പെടുകയില്ല, കൂടുതലായി ദൈവാനുഗ്രഹം ഉണ്ടാകുകയാണു ചെയ്യുന്നത്. സഭൈക്യരംഗത്ത് ഇന്റർചർച്ച് കൗൺസിൽ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഫലം കണ്ടിരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഒന്നാകേണ്ടവരാണ്. ഐക്യത്തിന്റെ പ്രതീകമാണു ക്രിസ്തു സ്ഥാപിച്ച സഭയെന്നും അദ്ദേഹം പറഞ്ഞു.

വ്യത്യസ്തങ്ങളായ വിധത്തിൽ ദൈവവിശ്വാസം നിലനിൽക്കുന്ന ഇന്ത്യയിൽ, ഓരോരുത്തരുടെയും ദൈവാന്വേഷണത്തിന്റെ പൂർത്തീകരണമാണു മിഷൻപ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്.

മിഷൻരൂപതകളിൽ മതബോധനപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കേണ്ട കാലഘട്ടമാണിത്. പുതിയതലമുറയിലേക്കു സുവിശേഷസന്ദേശങ്ങളും പ്രേഷിതപ്രവർത്തനചൈതന്യവും ക്രിയാത്മകമായി പകർന്നുനൽകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

സുവിശേഷവത്കരണം ഏറെ വെല്ലുവിളികൾ നേരിടുന്ന അവസരമാണിത്. ഇവിടെ യഥാർത്ഥ ക്രിസ്തുശിഷ്യർക്കു ചേർന്നവിധത്തിൽ പ്രേഷിതചൈതന്യത്തിന്റെ യഥാർത്ഥ സാക്ഷികളാകാൻ ഓരോ മിഷനറിയും ശ്രദ്ധിക്കേണ്ടതുണ്ട്.

## 'സ്നേഹത്തിലും കൂട്ടായ്മയിലുമുള്ള ശുശ്രൂഷയ്ക്കു പ്രതിജ്ഞാബദ്ധൻ'

സ്നേഹത്തിലും കൂട്ടായ്മയിലുമുള്ള ദൈവികശുശ്രൂഷ ചെയ്യാൻ





താൻ പ്രതിജ്ഞാബദ്ധനാണെന്നു സീറോമലബാർസഭയുടെ നിയുക്ത മേജർആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി.

സീറോമലബാർസഭയുടെ നേതൃത്വശുശ്രൂഷയിൽ പങ്കുചേരാനുള്ള ഈ വിളി വിശ്വസ്തതയോടെ നിർവ്വഹിക്കാൻ ഞാൻ പരിശ്രമിക്കും. എല്ലാ വ്യക്തിസഭകളുടെയും സഹകരണം ഉറപ്പാക്കി മുന്നോട്ടുപോകും. ദൈവസ്നേഹത്തിൽ എല്ലാവരെയും കൂട്ടിയിണക്കുമ്പോഴാണ് എന്റെ ദൗത്യം അർത്ഥപൂർണമാവുന്നത്. സഭയിലെ പിതാക്കന്മാരുടെ കൂട്ടായ്മയിൽ ഞാൻ അതിയായ പ്രത്യാശ വയ്ക്കുന്നു." – മാർ ആലഞ്ചേരി പറഞ്ഞു.

## ജീവിതം സ്നേഹസന്ദേശമാകണം: മാർ ജോർജ്ജ് ആലഞ്ചേരി സെന്റ് ബർക്കുമാൻസ് (എസ്.ബി.) കോളജ്

ജീവിതം സ്നേഹസന്ദേശമായി മാറ്റാൻ നമുക്കു കഴിയണമെന്നു മേജർആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി. ജീവിതത്തിൽ എത്ര ഉന്നതസ്ഥാനം ലഭിച്ചാലും മറ്റുള്ളവർക്കു സ്നേഹത്തിലൂടെ ജീവിതസാക്ഷ്യം പകരാൻ നമുക്ക് ആകണം. പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന പുതിയ സംസ്കാരം രൂപപ്പെടുത്താൻ യുവതലമുറ മനസ്സിനെ സജ്ജമാക്കണമെന്നും മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ബോധിപ്പിച്ചു.

വിദ്യാർത്ഥികൾക്ക് ഉന്നതമായ ജീവിതദർശനവും സമഗ്രമായ ലക്ഷ്യവും പകരാൻ അധ്യാപകർക്കു കഴിയണം. ദൈവം നൽകിയ വിശിഷ്ടമായ കഴിവുകൾ വളർത്തിയും വിനിയോഗിച്ചും ഭാവി ഭാസുരമാക്കണമെന്നും മേജർആർച്ച്ബിഷപ്പ് ചൂണ്ടിക്കാട്ടി. എസ്.ബി. കോളജിൽ പഠിക്കാൻ ലഭിച്ച അവസരം തനിക്ക് എന്നും അഭിമാനം പകരുന്നതാണ്. മാർ മാത്യു കാവുകാട്ട് തനിക്ക് എന്നും മാർഗ്ഗദർശകനായിരുന്നു. ആർഭാടത്തിനും മദ്യാസക്തിക്കും സഭ എന്നും എതിരാണെന്നും മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു.

## സഭാജീവിതം വിശ്വാസത്തിന്റെ ആഘോഷമാക്കി മാറ്റണം: മാർ ആലഞ്ചേരി

ക്രൈസ്തവർ സഭാജീവിതം വിശ്വാസത്തിന്റെ ആഘോഷമാക്കി മാറ്റണമെന്നും സീറോമലബാർസഭാമേജർആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ബോധിപ്പിച്ചു. കുഞ്ഞുങ്ങളെ വിശ്വാസപരിശീലനത്തിൽ വളർത്തിക്കൊണ്ടു വരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്. ആഗോളവത്കരണത്തിന്റെ സ്വാധീനം നമ്മുടെ സഭയെയും ഗ്രസിച്ചു കഴിഞ്ഞു. ഇവിടെയാണു വിശ്വാസപരിശീല



നത്തിന്റെ പ്രസക്തി. കുഞ്ഞുങ്ങൾക്കു മികച്ച ഭൗതിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ പരിശ്രമിക്കുന്നതുപോലെ അവരെ ആത്മീയതലത്തിലും വളർത്തിക്കൊണ്ടുവരാൻ മാതാപിതാക്കൾക്കു ഗൗരവമായ ഉത്തരവാദിത്വമുണ്ട്.

## പൗരോഹിത്യപരിശീലനത്തിൽ സഭൈക്യപ്രവർത്തനങ്ങൾ നിർണ്ണായകം: മാർ ജോർജ്ജ് ആലഞ്ചേരി

ക്രൈസ്തവസഭയുടെ പൗരോഹിത്യപരിശീലനവേദിയിൽ സഭൈക്യപ്രവർത്തനങ്ങൾ നിർണ്ണായകസ്ഥാനം വഹിക്കുന്നുവെന്നു സീറോമലബാർസഭാമേജർആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി. വിവിധ കാലങ്ങളിൽ സഭയുടെ ഐക്യത്തിനായി പലരും ശ്രമിച്ചിട്ടുണ്ട്. സഭകൾ സ്വയം ശുദ്ധീകരണം നടത്തിയാൽ മാത്രമേ ഐക്യത്തിനായി മറ്റുള്ളവരിലേക്കു തിരിയാൻ സാധിക്കൂ.

## 2011– ലെ ക്രിസ്മസ് സന്ദേശം

സകലജനത്തിനും സന്തോഷത്തിന്റെ സദ്‌വാർത്ത സമ്മാനിച്ച്, ഏവർക്കും ശാശ്വതസമാധാനം ആശംസിച്ച് മനുഷ്യനായി അവതരിച്ച, സമാധാനം ആശംസിച്ചുകൊണ്ട് പിതാവിലേക്കു മടങ്ങിപ്പോയ, എന്നാൽ ലോകാന്ത്യം വരെ നമ്മോടൊപ്പമുള്ള, രക്ഷകനായ ദൈവപുത്രനെയാണു നാം ഇന്ന് അനുസ്മരിക്കുന്നത്. ലോകത്തിൽ സമാധാനത്തെ ഭഞ്ജിക്കുന്നതെല്ലാം ഇല്ലാതാകണം. സമാധാന ദൂതരായ 'മാലാഖാ'മാരാകാൻ, ഒരു സ്നേഹസമൂഹത്തിന്റെ അംഗങ്ങളാകാൻ, തിന്മയെ പരിപൂർണ്ണമായി അകറ്റി നന്മയെ ആഞ്ഞുപുല്കാം.

കുടുംബങ്ങളിൽ സമാധാനം കെടുത്തുകയും കുടുംബാംഗങ്ങളെ കണ്ണീരിലാക്കുകയും പട്ടിണിയിലേക്കു വലിച്ചിഴയ്ക്കുകയും ചെയ്യുന്ന മദ്യപാനം, ധൂർത്ത് തുടങ്ങിയവ സമൂഹത്തിൽ നിന്ന് അപ്രത്യക്ഷമാകണം. കുടുംബകലഹങ്ങൾ, സമൂഹത്തിൽ അസ്വാരസ്യമുളവാക്കുന്ന വിക്രിയകൾ, കുടുംബത്തകർച്ച, മക്കളുടെ വഴിപിഴച്ച ജീവിതം ഇവയൊക്കെയാണു മദ്യപാനം ഉളവാക്കുക. മദ്യപാനത്തിനെതിരേ നിർദാക്ഷിണ്യമായ തീരുമാനം എടുത്തേ പറ്റൂ. മദ്യപാനത്തിനെതിരേ പ്രവർത്തനങ്ങളൊക്കെ നടക്കുന്നുണ്ട്. ഗവൺമെന്റും ചിലകാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള നന്മയുടെ നുറുങ്ങുകളിൽ സന്തോഷമുണ്ട്. പക്ഷേ, ഓരോ വ്യക്തിയുടെയും  സ്വതന്ത്രതീരുമാനത്തിലൂടെ മാത്രമേ. അശ്രാന്ത പരിശ്രമത്തിലൂടെ മാത്രമേ, ഈ വിപത്തിൽ നിന്നും സമൂഹം രക്ഷപ്പെടുകയുള്ളൂ.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

നന്മ ചെയ്തു കടന്നുപോകേണ്ടവർ സമൂഹത്തിൽ ഭീതിയുളവാക്കുന്നു, അരാജകത്വം സൃഷ്ടിക്കുന്നു. മനുഷ്യഹൃദയങ്ങളിൽ നിന്നു ഭീതിയകറ്റേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഭീതിയുള്ളിടത്തു ദൈവസാന്നിദ്ധ്യം ഇല്ല. ഹേറോദേസ് ഭീതി പൂണ്ട് കാട്ടിക്കൂട്ടിയ വിക്രിയകൾ, അക്രമങ്ങൾ, ശിശുവധങ്ങൾ ഒക്കെ സുവിദിതമാണല്ലോ. എത്ര നിഷ്കളങ്കശിശുക്കളാണു വധിക്കപ്പെട്ടത്? ജീവൻ നൽകാൻ വന്നവനുവേണ്ടി അവർ കൊടുംക്രൂരതയുടെ ബലിയാടുകളാകേണ്ടിവന്നു. ഹെറോദേസിന്റെ അതേ മനോഭാവത്തോടെയുള്ള എത്രയെത്ര ക്രൂരകൃത്യങ്ങളാണ് ഇന്ന് അരങ്ങേറുക?

അക്രമങ്ങളും അതിക്രമങ്ങളും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ഭീതിയകറ്റി സുരക്ഷിതത്വം ഉറപ്പാക്കാൻ, മറ്റുള്ളവർക്കു സന്തോഷം പകരാൻ, സമാധാനം സമ്മാനിക്കാൻ ക്രിസ്മസ്സ് ആഘോഷങ്ങൾ ഇടയാക്കട്ടെ. നക്ഷത്രത്തിന്റെ വെള്ളിവെളിച്ചം പൂജരാജാക്കന്മാരെ ഈശോയുടെ സവിധത്തിലേക്കു നയിച്ചതുപോലെ, മറ്റുള്ളവരെ രക്ഷകനിലേക്കു നയിക്കുന്ന വെള്ളിനക്ഷത്രങ്ങൾ, സജീവനക്ഷത്രങ്ങളാകാം നമുക്ക്.

ജീവന്റെ സുവിശേഷമാണു ക്രിസ്മസ്സ്. ജീവനെ ജീവനുതുല്യം ആദരിക്കുന്നവരാകണം നാം. ദമ്പതികൾ, തങ്ങൾക്കു ദൈവം നൽകുന്ന മക്കളെ, സസന്തോഷം, കൃതജ്ഞതാപൂർവ്വം സ്വീകരിച്ച് അവരെ അതീവസ്നേഹത്തോടെ പരിപാലിച്ചു വളർത്താൻ സർവ്വാത്മനാ ഉത്സുകരായിരിക്കണം. ഗർഭസ്ഥശിശു ഉരുവായ നിമിഷം മുതൽ ജീവനുള്ള വ്യക്തിയാണ്. ജീവിക്കാനുള്ള എല്ലാ അവകാശവും അതിനുണ്ട്. ഗർഭസ്ഥശിശുക്കൾ പിറന്നു വീഴാൻ കൊതിക്കുകയാണ്. അവരെ ഹനിക്കുന്നതു കൊടും ക്രൂരതയാണ്, ഭ്രൂണഹത്യ പൈശാചികമാണ്. എന്നാൽ, ഇന്നു ഭ്രൂണഹത്യ നടത്തുന്നവർ നിരവധിയാണ്. ദൈവമാണ് ജീവന്റെ ഉടയവൻ. അവിടുത്തേക്കല്ലാതെ മറ്റാർക്കും ജീവന്റെമേൽ അവകാശമില്ല. കത്തോലിക്കാ തിരുസ്സഭ ശപിച്ചു തള്ളുന്ന തിന്മകളാണ് ഭ്രൂണഹത്യയും ദയാവധവും.

പാവപ്പെട്ടവരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും ഉൾക്കൊണ്ട് അവരെ സ്വീകരിച്ചു സഹായിച്ച് ദൈവത്തിന്റെ പ്രീതിയുള്ള മക്കളാകാൻ ഓരോ മനുഷ്യവ്യക്തിയും സർവ്വാത്മനാ പരിശ്രമിക്കണം. ഈ സുദിനത്തിൽ അനാഥാലയങ്ങളിൽ കഴിയുന്നവർക്കും അവരെ സസ്നേഹം ശുശ്രൂഷിക്കുന്നവർക്കും അനുഗ്രഹാശ്ശിസ്സുകളും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. ഉണ്ണീശോ ആയി പിറക്കേണ്ടവർ, വളരേണ്ടവർ നാമോരോരുത്തരും തന്നെയാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കണം. ശിശുക്കളെപ്പോലെ ആകണം. രക്ഷാ



കരകർമ്മത്തിൽ പങ്കുചേരാൻ ഈശോ നമ്മെ എല്ലാവരേയും ക്ഷണിക്കുന്നു. അവിടുത്തെ ശിഷ്യരാകുക, അവിടുത്തെ ലോകത്തിനു നൽകുക- ഇതു നമ്മുടെ വിളിയും ദൗത്യവുമാണ്. അസമാധാനമുള്ളിടത്തു സമാധാനമായി, അന്ധകാരമുള്ളിടത്തു പ്രകാശമായി, ഭിന്നതയുള്ളിടത്ത് ഐക്യവും കൂട്ടായ്മയുമായി കടന്നുചെല്ലാൻ നമുക്കു കഴിയണം. ഇഹത്തിൽ ദൈവരാജ്യം സംസ്ഥാപിക്കാനാണ് ഈശോ മനുഷ്യനായി അവതരിച്ചത്. ഇന്നു ദൈവരാജ്യം സംസ്ഥാപിച്ചു വളർത്താൻ നമുക്കു സാധിക്കട്ടെ. തിന്മയുടേതായ ചിന്തകളോ പ്രവൃത്തികളോ നമ്മുടെ ജീവിതത്തിൽ സംഭവിക്കാതിരിക്കട്ടെ. ലോകത്തോടു നമുക്കു പ്രഖ്യാപിക്കാം: ഇതാ സകലജനതകൾക്കുമുള്ള രക്ഷകൻ പിറന്നിരിക്കുന്നു!

13

# അഭിജ്ഞർ സംസാരിക്കുന്നു

## വിശ്വാസവും വിശുദ്ധിയും കൈമുതലാക്കി സഭയെ നയിക്കാൻ
### ആർച്ച്ബിഷപ് ജോസഫ് പവ്വത്തിൽ

**സുപ്രധാനമായ തിരഞ്ഞെടുപ്പ്**

ദൈവനിയോഗത്താൽ മാർ ജോർജ്ജ് (ഗീവർഗീസ്) ആലഞ്ചേരി സീറോമലബാർസഭയുടെ തലവനും പിതാവുമായി അവരോധിതനായിരിക്കുകയാണ്. ക്രിസ്തുശിഷ്യനിൽ നിന്നു വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഗണ്യമായ ഒരു വിഭാഗമാണ് സീറോമലബാർസഭ. ഈ സഭയുടെ അദ്ധ്യക്ഷൻ ആഗോളസഭയുടെ നേതൃനിരയിൽ അംഗമാണ്. ഭാരതസമൂഹത്തിലും അദ്ദേഹത്തിന് ഏറെ സ്വാധീനം ചെലുത്തുവാൻ കഴിയും. അങ്ങനെയുള്ള ഒരു സഭാദ്ധ്യക്ഷന്റെ സ്ഥാനാരോഹണമാണല്ലോ നടന്നുകഴിഞ്ഞത്. ഇതു തീർച്ചയായും ഒരു ചരിത്ര സംഭവമെന്നു പറയാം.

സീറോമലബാർസഭയുടെ തലവനെ തെരഞ്ഞെടുക്കുവാനുള്ള അവകാശം ആദ്യമായി ഉപയോഗിച്ചത് ഈ കഴിഞ്ഞ സിനഡുസമ്മേളനത്തിലായിരുന്നു. (കൂട്ടത്തിൽ പറയട്ടെ കത്തോലിക്കാ സഭയുടെ നിയമപ്രകാരം സഭാതലവനെ തെരഞ്ഞെടുക്കുവാനുള്ള അധികാരം മെത്രാന്മാരുടെ സിനഡിനു മാത്രമാണ്. സഭയോടു ഉൾച്ചേരാത്തവരാണ് ഇതിനെ ചോദ്യം ചെയ്യുകയും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നത്.) പ്രാർത്ഥനാനിരതമായ സിനഡുസമ്മേളനത്തിൽ ആദ്യദിനത്തിൽ പെട്ടെന്നു തന്നെ മേജർആർച്ച്ബിഷപ്പിനെ തെരഞ്ഞെടുക്കാൻ കഴിഞ്ഞത്, മാർ ആലഞ്ചേരി പിതാവിനു മെത്രാന്മാർ നൽകിയ ഹൃദയപൂർവ്വകമായ പിന്തുണയെയാണ് സൂചിപ്പിക്കുന്നത്. മെത്രാന്മാരുടെ സ്ഥാനാരോഹണത്തിൽ ചില സഭകളിൽ ഉദ്ഘോഷിക്കുന്നതുപോലെ, ഇദ്ദേഹം ഇതിനു "സർവ്വഥായോഗ്യനാണ്" എന്ന പ്രഖ്യാപനമായിരുന്നു ഈ തെരഞ്ഞെടുപ്പ്.



## തീക്ഷ്ണതയുള്ള പ്രബോധകൻ

സഭാദ്ധ്യക്ഷന്മാരുടെ സുപ്രധാനമായ ചുമതല ദൈവവചനം (സുവിശേഷം) പഠിപ്പിക്കുകയും ആഘോഷിക്കുകയും ചെയ്യുകയെന്നുള്ളതാണ്. വാസ്തവത്തിൽ, സഭയുടെ വിശ്വാസത്തനിമയുടെ ആൾരൂപമായിരിക്കേണ്ടവരാണ് സഭാദ്ധ്യക്ഷന്മാർ. അവരുടെ വാക്കുകളേക്കാൾ അവരുടെ ജീവിതസാക്ഷ്യമാണ് ഏറെ പ്രാധാന്യമർഹിക്കുന്നത്. അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തിലുള്ള നിഷ്ഠയും ജാഗ്രതയും തീക്ഷണതയുമെല്ലാമാണ് വിശ്വാസികളുടെ സമൂഹത്തിന് പ്രചോദനമായി തീരേണ്ടത്.

അഭിവന്ദ്യപിതാവിന്റെ വിശ്വാസ തീക്ഷ്ണതയും ജാഗ്രതയുമാണ് കന്യാകുമാരി രൂപതയെ ഇത്രത്തോളം വളർത്തിയെടുക്കുവാൻ ഇടയാക്കിയത്. അദ്ദേഹം അവിടുത്തെ ഭാഷ പഠിച്ചും ജനതകളെ സ്നേഹിച്ചും, അവർക്കു ഫലപ്രദമായി വിശ്വാസം പകർന്നുകൊടുത്ത് ശക്തമായ മിശിഹാശിഷ്യസമൂഹത്തിനു രൂപം കൊടുക്കുകയായിരുന്നു. കന്യാകുമാരിമിഷൻ പ്രവർത്തനമാരംഭിച്ചതിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചവർഷം തന്നെ ആ മിഷന്റെ മെത്രാനെ സീറോമലബാർസഭയുടെ പരമാദ്ധ്യക്ഷനായി തെരഞ്ഞെടുത്തത് പ്രത്യേക ദൈവാനുഗ്രഹത്തിന്റെ സൂചനയാണ്.

വിശ്വാസവും വിശുദ്ധിയും വിജ്ഞാനവും കൈമുതലാക്കി സഭയെ നയിക്കാൻ ശ്രദ്ധിക്കുമെന്നാണ് അദ്ദേഹം പ്രഖ്യാപിക്കുന്നത്. അദ്ദേഹം പ്രശസ്തനായ ഒരു ദൈവശാസ്ത്ര പണ്ഡിതനാണ്. വി. ഗ്രന്ഥത്തിലും ആരാധനക്രമരംഗത്തും ആഴമായ പഠനം നടത്തിയിട്ടുള്ള ആളാണ്. പോരെങ്കിൽ വിശ്വാസപരിശീലന രംഗത്തു ഏറെ പരിചയം നേടിയിട്ടുള്ള വ്യക്തിയുമാണ്. ചങ്ങനാശ്ശേരിയിലെ മതബോധന കേന്ദ്രത്തിന്റെയും കേരള കത്തോലിക്കാസഭയുടെ മതബോധനകേന്ദ്രമായ പി.ഒ.സി.യുടെയും ഡയറക്ടറായി പല വർഷം സേവനം ചെയ്തിട്ടുണ്ട്. സീറോമലബാർസഭയുടെ മതബോധന കമ്മീഷന്റെ അദ്ധ്യക്ഷനുമായിരുന്നു. ഈ രംഗങ്ങളിലെല്ലാം നടത്തിയ പ്രവർത്തനങ്ങൾ പ്രബോധനരംഗത്ത് അദ്ദേഹത്തിനുള്ള തീക്ഷ്ണതയും ജാഗ്രതയും വെളിപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പിച്ചു പറയാം.

## വെല്ലുവിളികളെ നേരിടാൻ പ്രാപ്തൻ

ഇന്നു വിശ്വാസം ഏറെ വെല്ലിവിളികളെ നേരിടുന്ന കാലഘട്ടമാണ്. ഈ വെല്ലുവിളികളെ സമുചിതമായി തിരിച്ചറിയാനും പ്രതികരിക്കാനുമുള്ള കഴിവ് ദൈവം അദ്ദേഹത്തിനു ധാരാളമായി നൽകിയിട്ടുണ്ട്. സഭയോടു ചേർന്ന്, സഭയുടെ വിശ്വാസം തെറ്റുകൂടാ





തെയും കുറവുകൂടാതെയും പഠിപ്പിക്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനാണ്. സഭയെ ചോദ്യം ചെയ്യാനല്ല, സഭയെ മാതാവായി കണ്ട് സ്നേഹിച്ച് ആ സഭയ്ക്കുവേണ്ടി അടരാടാൻ സന്നദ്ധനായ ക്രിസ്തുശിഷ്യനാണ് അദ്ദേഹം. ഉന്നയിക്കുന്ന ചോദ്യങ്ങൾക്കു വ്യക്തവും ശക്തവുമായ ഉത്തരം നൽകാനും സുവിശേഷം അർത്ഥശങ്കയ്ക്കിട നൽകാതെ വിശദീകരിക്കാനും അദ്ദേഹത്തിനു കഴിയും. അതാണിന്ന് ഏറെ ആവശ്യവും. പല പ്രബോധകരും ഒഴുക്കിനൊത്തു നീന്തുന്ന കാലഘട്ടത്തിൽ, എങ്ങനെയും രൂപപ്പെടുന്ന അഭിപ്രായങ്ങളുടെ പിന്നാലെ പോകാതെ, സത്യം സ്നേഹത്തിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിനു കൃപ ലഭിച്ചിട്ടുണ്ട്.

### വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷ്യം

സഭ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സമൂഹമാണ്. ഒരു വിധത്തിൽ വിശ്വാസത്തിന്റെ മറുവശമാണ് സ്നേഹം. പുതിയ പിതാവു മനുഷ്യബന്ധങ്ങൾക്കു പ്രാധാന്യം നൽകുകയും ക്ലേശമനുഭവിക്കുന്നവർക്കു ആശ്വാസം നൽകുകയും ചെയ്യുന്ന വ്യക്തിയാണെന്നു കഴിഞ്ഞകാല ചരിത്രം വ്യക്തമാക്കുന്നു. തക്കലരൂപതയിൽ വൈവിധ്യമാർന്ന സാമൂഹികപ്രവർത്തനങ്ങളാണ് അദ്ദേഹവും സഹപ്രവർത്തകരും കാഴ്ചവച്ചിട്ടുള്ളത്. ഇന്ന് അദ്ദേഹം ഭരമേൽക്കുന്ന ചുമതലയിലൂടെ ഈ സഭ മുഴുവൻ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സമൂഹമാണെന്ന് തെളിയിച്ചു കാണിക്കാൻ അദ്ദേഹത്തിനു സാധിക്കുമെന്നു കരുതാം. എല്ലാ സഭകളോടും മതവിഭാഗങ്ങളോടുമുള്ള സമീപനത്തിൽ സ്നേഹമായിരിക്കും അദ്ദേഹത്തെ നയിക്കുക.

### സഭ പൊതുസമൂഹത്തിലും

സഭയ്ക്കു പൊതുസമൂഹത്തിലുള്ള സ്ഥാനത്തെക്കുറിച്ചും അദ്ദേഹത്തിനു വ്യക്തമായ ധാരണയുണ്ട്. സഭ പള്ളിയിൽ മാത്രം ഒതുങ്ങികഴിയേണ്ട സമൂഹമല്ല, മുഴുവൻ മനുഷ്യന്റേയും മുഴുവൻ സമൂഹത്തിന്റെയും വളർച്ചയാണ് സഭ ആഗ്രഹിക്കുന്നതെന്നും അതിനുവേണ്ടി പ്രവർത്തിക്കാൻ സഭയ്ക്കു കടമയുണ്ടെന്നും അദ്ദേഹത്തിനറിയാം. മനുഷ്യനെ നന്മയിലേക്കും സമാധാനത്തിലേയ്ക്കും നയിക്കുന്ന എല്ലാ കാര്യങ്ങളിലും സഭയ്ക്കു താൽപര്യമുണ്ടാകും, അതിനുവേണ്ടി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം സഭയ്ക്കുണ്ടായിരിക്കുകയും വേണം. കക്ഷിരാഷ്ട്രീയത്തിൽ സഭയ്ക്കു താൽപര്യമില്ല, പക്ഷേ മനുഷ്യന്റെ സുസ്ഥിതിക്കുവേണ്ടി സഭയെന്നും പ്രവർത്തനനിരതയായിരിക്കും എന്നെല്ലാം അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ.

സീറോമലബാർസഭയുടെ
വലിയഇടയൻ



**ആശംസ**

നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ സഭയുടെ നേതൃത്വം ഏറ്റെടുക്കുന്ന അഭിവന്ദ്യ ജോർജ്ജ് (ഗീവർഗ്ഗീസ്) ആലഞ്ചേരി പിതാവ് വിശ്വാസവും വിശുദ്ധിയും വിജ്ഞാനവും കൈമുതലാക്കി സഭാനൗകയെ സുരക്ഷിതമായി മുന്നോട്ടു നയിക്കുവാൻ ആരംഭിക്കുകയാണ്. നമുക്കു അദ്ദേഹത്തിനു ഭാവുകങ്ങൾ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

## സമഗ്രതയുടെ സന്ദേശവുമായി സഭയുടെ അമരത്തേക്ക്

### റവ. ഡോ. സ്റ്റീഫൻ ആലത്തറ

(ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി)

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയവും കേരളസഭയുടെ പൊതുഅജപാലനകേന്ദ്രവുമായ പാലാരിവട്ടത്തെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ ഡയറക്ടറും കെ. സി.ബി.സി യുടെ ഡെപ്യൂട്ടി സെക്രട്ടറിയുമായി ഏഴുവർഷക്കാലം സേവനം അനുഷ്ഠിച്ച അനുഭവസമ്പത്ത് കൈമുതലായുള്ള മഹദ്വ്യക്തിയാണ് സീറോമലബാർസഭയുടെ പുതിയ മേജർആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി.

മനുഷ്യസ്നേഹത്തിനും സൗഹാർദ്ദത്തിനും സമാധാനത്തിനും വേണ്ടി ജീവിതം സമർപ്പിച്ചിട്ടുള്ള പ്രേഷിതനായ പുതിയ വലിയ പിതാവിന്റെ ജീവിതദർശനങ്ങൾ രൂപപ്പെടുത്തുന്നതിൽ പി.ഒ.സി. നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. മെത്രാന്മാരും സഭകളുമായുള്ള അടുപ്പം അദ്ദേഹത്തിന്റെ സഭാവീക്ഷണത്തെ കൂടുതൽ വിശാലമാക്കി. എല്ലാ മതവിശ്വാസികളോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും വിവിധ സഭകൾ തമ്മിലുള്ള സഹകരണവും കൂട്ടായ്മയും ഉറപ്പുവരുത്തിക്കൊണ്ടുമായിരിക്കും താൻ പ്രവർത്തിക്കുകയെന്ന് മേജർആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട പ്രഖ്യാപനവേദിയിൽ അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന്റെ ജീവിതത്തിലുള്ള മാനവികതയുടെയും വിശ്വസാഹോദര്യത്തിന്റെയും സാമൂഹികനീതിയുടെയും പ്രകടനപത്രികയാണ്.

1986 മുതൽ 1992 വരെ ജോർജ് ആലഞ്ചേരി കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ഡെപ്യൂട്ടി സെക്രട്ടറിയും പി.ഒ.സി. യുടെ ഡയറക്ടറുമായി സേവനം അനുഷ്ഠിച്ചു. കേരളത്തിലെ മൂന്നു വ്യക്തിഗത സഭകളിലെ മെത്രാന്മാർ ഒരുമിച്ചു കൂടുകയും സഭയെ സംബന്ധിക്കുന്ന പൊതുവായ തീരുമാനങ്ങളും നയങ്ങളും കൈക്കൊള്ളുകയും ചെയ്യുമ്പോൾ ഡെപ്യൂട്ടി സെക്രട്ടറിക്ക് വലിയ





പങ്കുണ്ട്. കെ.സി.ബി.സി. യോഗങ്ങളിൽ മെത്രാന്മാരെ സഹായിക്കുക എന്ന ഉത്തരവാദിത്വത്തോടൊപ്പമാണ് കേരളസഭയുടെ പൊതു അജപാലനകേന്ദ്രമായ പി.ഒ.സി. യുടെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുക എന്നതും എടുത്തുപറയേണ്ട കാര്യമാണ്. 1968-ൽ കൊച്ചിയിലെ പാലാരിവട്ടത്ത് സ്ഥാപിതമായ പി.ഒ.സി. രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്നു കൊണ്ടുപോകാൻ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ഓരോ വർഷവും പി.ഒ.സി എന്ന മഹാസ്ഥാപനത്തിൽ പുരോഹിതരും സന്യാസിനികളും അല്മായരും അടങ്ങുന്ന സ്റ്റാഫ്അംഗങ്ങളെ ഒരുമിച്ചു നിറുത്തി കേരളസഭയ്ക്ക് ഉത്തേജനവും ഉണർവ്വും ദിശാബോധവും നൽകുവാൻ കൂടി കഴിഞ്ഞത് ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ഭരണനൈപുണ്യത്തിനും നേതൃത്വപാടവത്തിനും ഉദാഹരണമാണ്.

വിജ്ഞാനവും വിശുദ്ധിയും വിനയവും ഏറെയുള്ള ഇടയശ്രേഷ്ഠൻ സഭയെ നയിക്കാൻ ആവശ്യമാണെന്നും ഈ പുണ്യത്രയങ്ങൾ ആർജ്ജിക്കുവാൻ ഇന്നു മുതൽ താൻ പ്രയത്നിച്ചുകൊള്ളാമെന്നും തന്റെ മുമ്പിലിരുന്ന സദസ്സിനോട് പ്രഖ്യാപിച്ചപ്പോൾ വിനയത്തിന്റെ നവ്യരൂപമായി അദ്ദേഹം മാറുകയായിരുന്നു. ആഴമായുള്ള ദൈവവിശ്വാസത്തിൽനിന്ന് ഉരുത്തിരിയുന്ന, ക്രിസ്തുവിന്റെ ത്യാഗത്തിന്റെ ത്വര ജന്മവാസനയായി ഉൾക്കൊള്ളുന്ന വ്യക്തികൾക്കുമാത്രമേ, ഇപ്രകാരം പറയാനും ജീവിക്കാനും സാധിക്കൂ. ക്രിസ്തുവിനെ കൂടാതെ സമ്പന്നനാകുന്നതിനേക്കാൾ, ക്രിസ്തുവിനെ പ്രതി ദരിദ്രനാകുവാൻ, ആഗ്രഹിച്ച പുരോഹിതജീവിതശൈലി അദ്ദേഹം ജീവിതത്തിൽ പകർത്തിയിരുന്നു; ഇന്നും പകർത്തുന്നു.

പുതിയ കാലഘട്ടത്തിൽ പ്രതിസന്ധികളെ നേരിട്ട് സീറോമലബാർസഭയെ വളർത്തുക എന്ന വലിയ ദൗത്യമാണ് മേജർആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മാർ ജോർജ്ജ് ആലഞ്ചേരിക്ക് മുന്നിലുള്ളത്. ക്രിസ്തു കാണിച്ചു തന്നതുപോലെ പാവങ്ങളോട് പ്രത്യേക പരിഗണന കാണിക്കാൻ സഭയ്ക്ക് കടമയും ബാധ്യതയുമുണ്ട്. അടിച്ചമർത്തപ്പെട്ടവർക്കും തിരസ്കൃതരായവർക്കും നവജീവൻ പകരുന്ന ദൗത്യം സഭയുടെ പ്രധാനദൗത്യമായി മേജർ ആർച്ച്ബിഷപ്പ് കാണുന്നു. ഭാരതീയ പൈതൃകത്തിന്റെ തനിമ സഭകൾ ഉൾക്കൊള്ളണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര എന്നീ സഭകൾ യോജിച്ച് പ്രവർത്തിച്ച് ക്രിസ്തുവചനം പ്രഘോഷിക്കുന്നവരോട് ഐക്യപ്പെട്ടുകൊണ്ട് സഭാ നിർമ്മിതി നടത്താൻ ആഗ്രഹിക്കുന്ന വലിയപിതാവ് ഭിന്നിപ്പിന്റെ വക്താക്കളെ നയിക്കുന്നത് ദൈവമല്ലെന്നും അവരുടെ ലക്ഷ്യം ദൈവരാജ്യമല്ലെന്നും തറപ്പിച്ചുപറയുന്നു.

താൻ സേവനം അനുഷ്ഠിച്ച മേഖലകളിലെല്ലാം കാര്യശേഷി



യോടെയും കറതീർന്ന ആദ്ധ്യാത്മികതയോടെയും കരുത്തോടെയും അജഗണങ്ങളെയും സഭയെയും നയിക്കാൻ സാധിച്ച ആലഞ്ചേരി പിതാവിന് ദൈവം ഏൽപ്പിക്കുന്ന വലിയദൗത്യമാണ് സീറോ മലബാർസഭയുടെ അമരക്കാരനെന്ന ദൗത്യം. പാവപ്പെട്ട ജനങ്ങളുടെ ചെറിയ മിഷൻ രൂപതയിൽ നിന്ന് സഭയുടെ തലവനാകുമ്പോൾ ചെറിയ കാര്യങ്ങളിൽ വിശ്വസ്തവനായവനെ വലിയ കാര്യങ്ങളുടെ കാര്യസ്ഥനാക്കുന്ന ക്രിസ്തുവചനങ്ങൾ അന്വർത്ഥമാകുന്നു. ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ ആശ്രയിച്ച് പുതിയ ദൗത്യം ഏറ്റെടുക്കാൻ തയ്യാറാകുന്ന പിതാവിന് കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്ത് ദൈവം നൽകും എന്നതിൽ സംശയമില്ല. മാനുഷികമായ കഴിവുകളും ശക്തിവിശേഷണങ്ങളുമല്ല ദൈവത്തിന്റെ കൃപയും അനുഗ്രഹവുമാണ് സഭയെയും വിശ്വാസികളെയും നയിക്കാൻ ഇടയാക്കുന്നതെന്ന് ഉറച്ചു വിശ്വസിക്കുന്ന ആർച്ച്ബിഷപ്പിന് ദൈവാനുഗ്രഹത്തിന്റെ നിറവ് ഉണ്ടാകട്ടെ എന്നാശംസിക്കുന്നു. കെ.സി.ബി.സി യുടെ മുൻകാല ഡെപ്യൂട്ടി സെക്രട്ടറിക്ക് കേരളകത്തോലിക്കാമെത്രാൻസമിതിയെ കേരളത്തിലെ രാഷ്ട്രീയ സാമൂഹിക മേഖലകളിൽ ധാർമ്മിക ശബ്ദമായി ഉയർത്തി നിറുത്താൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ആലഞ്ചേരിലച്ചന്റെ കാരുണ്യസ്മൃതികളിൽ നിറഞ്ഞമനസ്സോടെ പിഒസിയുടെ അയൽക്കാർ

**സിജോ പൈനാടത്ത്**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാന കാര്യാലയമായ പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ അയൽക്കാർക്കു നിയുക്ത മേജർആർച്ച്ബിഷപ്പിനെക്കുറിച്ചു നിറമുള്ള ഓർമ്മകൾ. ആറുവർഷത്തോളം പിഒസിയുടെ ഡയറക്ടറായി സേവനം ചെയ്ത തങ്ങളുടെ പ്രിയപ്പെട്ട ആലഞ്ചേരിലച്ചൻ ഇന്നു സീറോമലബാർസഭയുടെ തലവനായി അവരോധിക്കപ്പെടുമ്പോൾ, ഞങ്ങൾക്കിതു സ്വകാര്യമായ അഹങ്കാരത്തിന്റെയും അവർണനീയമായ ആനന്ദത്തിന്റെയും അഭിമാനനിമിഷങ്ങളാണെന്ന്, അന്നും ഇന്നും, പിഒസിയുമായി നല്ല ബന്ധം സൂക്ഷിച്ചുവരുന്ന അയൽക്കാർ പറയുന്നു.

പിഒസിയുടെ അനുബന്ധ സ്ഥാപനമായി ആരംഭിച്ച പിസിഡിറ്റിയുടെ (പാലാരിവട്ടം കമ്മ്യൂണിറ്റി ഡവലപ്മെന്റ് ട്രസ്റ്റ്) പ്രവർത്തനങ്ങളിലൂടെയാണ് പാലാരിവട്ടത്തെ പൊതുസമൂഹവുമായി ഫാ. ജോർജ്ജ് ആലഞ്ചേരി അടുക്കുന്നത്. ജാതി-മത വ്യത്യാസമില്ലാതെ പ്രദേശത്തെ കാരുണ്യമർഹിക്കുന്ന മുഴുവൻ ആളുകൾക്കും നന്മ





ചെയ്യാനുള്ള അവസരം കൂടിയായിരുന്നു പിസിഡിറ്റി അന്നൊരുക്കിയത്. പിസിഡിറ്റിയിലൂടെ കാരുണ്യത്തിന്റെ മധുരമറിഞ്ഞവർ നിരവധിയാണ്. ഈ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ആലഞ്ചേരിലച്ചന്റെ പങ്ക് വളരെ വലുതാണെന്നു അദ്ദേഹത്തോടൊപ്പം ഏറെക്കാലം പ്രദേശത്തെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഒപ്പമുണ്ടായിരുന്ന പിസിഡിറ്റി പ്രവർത്തകനും ആലിൻചുവട് റസിഡന്റ്സ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റുമായ കെ.കെ.സി നായർ ഓർക്കുന്നു.

ഈ പ്രദേശത്തെ ജനങ്ങൾക്ക് അച്ചൻ സമ്മാനിച്ച സ്നേഹവും നന്മകളും ഇന്നും ഇവിടുത്തുകാരുടെ ഓർമ്മകളിൽ മായാതെ നിൽക്കുന്നു. പാലാരിവട്ടം കമ്മ്യൂണിറ്റി ഡവലപ്മെന്റ് ട്രസ്റ്റിന്റെ പ്രസിഡന്റായി ഫാ. ജോർജ്ജ് ആലഞ്ചേരി സേവനം ചെയ്തിട്ടുണ്ട്. പിസിഡിറ്റിയുടെ നേതൃത്വത്തിൽ നഴ്സറി സ്കൂൾ, പാവപ്പെട്ടവർക്കായി തയ്യൽ പരിശീലനകേന്ദ്രം എന്നിവ ആരംഭിച്ചത് അച്ചൻ പ്രസിഡന്റായിരുന്ന കാലത്താണ്. സമസൃഷ്ടി സ്നേഹം, ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള ആത്മാർത്ഥമായ മനസ്സ്, ഇവയെല്ലാം മനുഷ്യനിലെ ഈശ്വരചിന്തയെ അടയാളപ്പെടുത്തുന്നുവെങ്കിൽ, ഇടയശ്രേഷ്ഠനായി ഉയരുന്ന മാർ ജോർജ്ജ് ആലഞ്ചേരി ദൈവസ്നേഹം നിറഞ്ഞുനിൽക്കുന്ന ഹൃദയത്തിന്റെ ഉടമയാണെന്നതിൽ തർക്കമില്ല. കെ.കെ.സി നായർ പറയുന്നു.

സായാഹ്ന സവാരിയുടെ സമയങ്ങളിൽ പി.ഒ.സിയുടെ അയൽപക്കത്തെ വീടുകളിലെല്ലാം ഒരു കുടുംബാംഗത്തെപ്പോലെ എത്തുകയും അവരുടെ സന്തോഷങ്ങളിലും ദുഃഖങ്ങളിലുമൊക്കെ പങ്കുചേരുകയും ചെയ്ത ആലഞ്ചേരിലച്ചനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ കെ.കെ.സി നായരെപ്പോലെ പഴയ തലമുറയിലുള്ള പലർക്കുമുണ്ട്.

വർഷങ്ങൾക്കു മുമ്പ് കെ.സി.ബി.സി ആസ്ഥാനകാര്യാലയത്തിലും പുറത്തും നന്മകളുടെ സുവിശേഷവിത്തുകൾ ഏറെ വിതച്ചു കടന്നുപോയ ഫാ. ജോർജ്ജ് ആലഞ്ചേരി ഇന്നു വലിയ ഇടയനായി എറണാകുളത്തേക്കു വീണ്ടുമെത്തുമ്പോൾ പഴയ അയൽക്കാർ പറയാതെ പറയും... ഈ ഇടയന്റെ വഴികൾ വിശുദ്ധം...!

## സമഭാവനയുടെ കാവൽക്കാരനു സ്വാഗതം

**ഫാ. വർഗീസ് പൊട്ടയ്ക്കൽ, ചാൻസലർ**
(എറണാകുളം-അങ്കമാലി അതിരൂപത)

സീറോമലബാർസഭയുടെയും എറണാകുളം-അങ്കമാലി അതിരൂപതയുടെയും ആകാംക്ഷപൂർവ്വകമായ കാത്തിരിപ്പിന്റെ പരിസമാ



പ്തിയായിരുന്നു 26-ാം തീയതിയിലെ വലിയ ഇടയന്റെ തിരഞ്ഞെടുപ്പ് പ്രഖ്യാപനം. പ്രതിസന്ധിഘട്ടങ്ങളിലും ധീരോദാത്തമായി സഭയെ നയിക്കുകയും, സഭയ്ക്കു വ്യക്തമായ ദിശാബോധം നൽകുകയും, കാലികപ്രാധാന്യമുള്ള വിഷയങ്ങളോടു പ്രതികരിക്കുകയും, സഭയുടെ വ്യതിരിക്തത സുവിദിതമായി പ്രകാശിപ്പിക്കുകയും ചെയ്ത കർദ്ദിനാൾ മാർ വർക്കിവിതയത്തിലിന്റെ പിൻഗാമി ആരായിരിക്കുമെന്നത് എല്ലാ മേഖലകളിലും സജീവമായ ചർച്ചാവിഷയമായിരുന്നു. അതിന്റെ ഉത്തരമാണു മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെ തെരഞ്ഞെടുത്തുകൊണ്ട് സിനഡ് പിതാക്കന്മാരിലൂടെ ദൈവം നൽകിയത്.

ദൈവം നൽകിയ ഈ വലിയ അനുഗ്രഹത്തെ, സർവ്വാത്മനാ സ്വീകരിക്കുകയാണു സീറോമലബാർസഭയും എറണാകുളം-അങ്കമാലി അതിരൂപതയും. മേജർ ആർച്ച്ബിഷപ് സഭയുടെ തലവനും പിതാവുമായിരിക്കുന്നതുപോലെതന്നെ എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമാണ്. അതുകൊണ്ടുതന്നെ ഈ തെരഞ്ഞെടുപ്പ് എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് വളരെ പ്രധാനപ്പെട്ടതുമാണ്.

പുരാതനമായ പാരമ്പര്യങ്ങൾകൊണ്ട് സമ്പന്നമായ കുലീനതറവാട്ടിലേയ്ക്കാണ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ആഗമനം. എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളെല്ലാം സ്നേഹപൂർവ്വം പിതാവിനു സ്വാഗതമോതുന്നു. ഈ അതിരൂപതയുടെ പാരമ്പര്യങ്ങളും ഈ പ്രദേശത്തിന്റെ സവിശേഷതകളും ഉൾക്കൊണ്ടുകൊണ്ട് ദൈവത്തിന്റെ നിറസാന്നിധ്യമാകുക എന്ന വലിയ ഉത്തരവാദിത്വമാണിത്. ലോകത്തെമ്പാടുമുള്ള സീറോമലബാർസഭാംഗങ്ങൾക്കെല്ലാം ആത്മീയ നേതൃത്വം കൊടുക്കുകയെന്ന ഭാരിച്ച ചുമതലകൂടിയാണ് പിതാവിനെ ഭരമേൽപ്പിച്ചിരിക്കുന്നത്.

ആത്മീയശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രക്ഷുബ്ധമായ കടലിൽ കപ്പലിനെ നിയന്ത്രിക്കുന്ന അക്ഷോഭ്യനായ കപ്പിത്താനെപ്പോലെ, വനമധ്യേ തപസനുഷ്ഠിക്കുന്ന വിശുദ്ധനായ സന്യാസിവര്യനെപ്പോലെ, കൃത്യതയോടെ രോഗനിർണയം നടത്തി ഔഷധം നൽകുന്ന ഭിഷഗ്വരനെപ്പോലെ, സാമൂഹ്യാപഗ്രഥനം നടത്തി സമൂഹത്തിനു ദിശാബോധം നൽകുന്ന ചിന്തകനെപ്പോലെ, തനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസസമൂഹത്തെ നയിക്കുന്നതിനും താൻ ജീവിക്കുന്ന കാലഘട്ടത്തിലെ എല്ലാ മനുഷ്യരേയും പ്രചോദിപ്പിക്കുന്നതിനുള്ള ശുശ്രൂഷയുടെ ആചാര്യസ്ഥാനമാണിത്. അതിനാൽത്തന്നെ സഭയിലെ ശുശ്രൂഷ സമൂഹത്തിന്റെ കൂടി ശുശ്രൂഷയായി മാറണം.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ വലിയ ഇടയസ്ഥാനം ഭാരതസമൂഹം മുഴുവനും അതിർത്തികൾക്കപ്പുറവും എത്തിനിൽക്കുന്ന സ്നേഹ വിപ്ലവത്തിന്റേയും സമഭാവനയുടേയും നവ്യലോകത്തിലേക്കു നമ്മെ നയിക്കും എന്ന് ന്യായമായും പ്രതീക്ഷിക്കാം. എന്റെ അധ്യാപകനെന്ന നിലയിൽ എനിക്ക് അടുത്തറിയാവുന്ന പിതാവ് ലാളിത്യത്തിന്റേയും, സഹോദരസ്നേഹത്തിന്റേയും, സഹകരണ മനോഭാവത്തിന്റേയും ശക്തമായ ബോധ്യങ്ങൾ കാത്തുസൂക്ഷിക്കുന്നവ്യക്തിയാണ്.

എല്ലാവരേയും സ്വന്തമായി കണ്ട് അയത്നരഹിതമായി ഇടപഴകാനുള്ള കഴിവ് പിതാവിനെ വ്യത്യസ്തനാക്കുന്നു. ഭാരതസംസ്കാരസാന്ദ്രതയും സാമൂഹികപ്രതിബദ്ധതയും ഒന്നുചേരുമ്പോൾ കാലികപ്രസക്തവും സാമൂഹ്യവിചാരസമ്പുഷ്ടവുമായ ദർശനങ്ങൾ സഭയ്ക്കു നൽകാൻ പിതാവിനു കഴിയും.

സമൂഹത്തോടുള്ള സഭയുടെ പ്രതിബദ്ധതയ്ക്ക് ഊനം തട്ടാതെ തന്നെ സഭയുടെ സുവിശേഷാധിഷ്ഠിതമായ ദർശനങ്ങളുടെ സംശുദ്ധജീവിതത്തിന് സഭാമക്കളെ പ്രാപ്തരാക്കുവാൻ കഴിയുമ്പോൾ വിശ്വാസജീവിതം പ്രസക്തമാകും. അതുകൊണ്ടാണ്, തക്കലയിലുള്ള ആചാര്യശുശ്രൂഷ പിതാവിനു രൂപതാംഗങ്ങളുടേയും സമൂഹത്തിന്റേയും ഹൃദയത്തിൽ സ്ഥാനമൊരുക്കിയത്.

സമൂഹത്തിലെ പുഴുക്കുത്തുകൾക്കും അനീതിക്കും അഴിമതിക്കുമെതിരെ അഹോരാത്രം പടവെട്ടുന്നവർ ധാരാളം. ചിലപ്പോൾ, ഈ പ്രത്യക്ഷസമരം പോലും പേരിനും പ്രശസ്തിക്കും വേണ്ടിയാണെന്നതാണ് ലജ്ജാകരമായ സത്യം. എന്നാൽ സമഭാവനയോടെ, ഭാവാത്മകമായി നന്മയുടെ സംസ്കാരത്തെ തന്നെ വളർത്തിയെടുക്കാനും, സാംസ്കാരിക നവോത്ഥാനത്തിനു വഴിതെളിക്കാനും, സഹോദരസ്നേഹത്തിന്റെ ആവിഷ്കാരത്തിനു അവസരമൊരുക്കാനും കഴിയുമ്പോഴാണ് നവസമൂഹസൃഷ്ടി സാധ്യമാകുന്നത്. ഇതുവരെയുള്ള ശുശ്രൂഷയിലെല്ലാം ആലഞ്ചേരിപിതാവിന് സാധ്യമായതും അതാണ്. അതുകൊണ്ടാണ് സീറോമലബാർസഭയുടെ അമരക്കാരനായി തക്കലയിലെ 'ആയർ' വരുമ്പോൾ പ്രതീക്ഷകൾക്കു കരുത്തു പകരുന്നത്.

സീറോമലബാർസഭയുടെ തലവനായും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായും സ്ഥാനമേൽക്കുന്ന വലിയ ഇടയന്റെ ശുശ്രൂഷ സഭയുടെയും സമൂഹത്തിന്റെയും ഭാഗധേയം നിർണയിക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കും എന്ന് പ്രത്യാശിക്കുന്നു. വിശുദ്ധിയുടെ തിളക്കവും, ലാളിത്യത്തിന്റെ സൗന്ദര്യവും, ദൈവവചനത്തിന്റെ ഓജസും നിറഞ്ഞുനിൽക്കുന്ന വലിയ ഇടയന് തന്റെ കർമ്മഭൂമിയിലേക്ക് - വളരെ പ്രത്യേകമായി എറ



ണാകുളം-അങ്കമാലി അതിരൂപതയിലേക്ക്-വൈദികകൂട്ടായ്മയുടേയും വിശ്വാസസമൂഹത്തിന്റേയും ഹൃദയം നിറഞ്ഞ സന്തോഷത്തോടെ സുസ്വാഗതം.

## സമന്വയത്തിന്റെ വക്താവ്

**റവ. ഡോ. ജോർജ് കുരുക്കൂർ**
(ജനറൽ എഡിറ്റർ, പിഒസി പബ്ലിക്കേഷൻസ്)

ആരെയും ആകർഷിക്കുന്ന അനന്യസാധാരണമായ വ്യക്തിത്വം! സീറോമലബാർസഭയുടെ അത്യുന്നത പദവിയിലേക്കു ഉയർത്തപ്പെടുന്ന മാർ ജോർജ്ജ് ആലഞ്ചേരിയെക്കുറിച്ചോർക്കുമ്പോൾ മനസിലെത്തുന്നതിതാണ്. പിഒസിയുടെ ഡയറക്ടറായി ഏറെക്കാലം സേവനം ചെയ്ത അദ്ദേഹത്തിന്റെ സ്നേഹത്തോടും ആദരവോടെയുമുള്ള പെരുമാറ്റം ഈ സ്ഥാപനത്തെ ഒരു കുടുംബം പോലെയാക്കി. പിഒസിയിലെ സഹപ്രവർത്തകരും അയൽക്കാരും ഇതു ശരിവയ്ക്കുന്നു.

ആധ്യാത്മികതയും സാമൂഹികപ്രവർത്തനവും എങ്ങനെ സമന്വയിപ്പിച്ചു കൊണ്ടുപോകാമെന്നു സ്വന്തം ജീവിതം കൊണ്ടു പഠിപ്പിച്ചു മാർ ആലഞ്ചേരി. പിഒസിയുടെ ഉപസ്ഥാപനമായ പിസിഡിറ്റിയുടെ (പാലാരിവട്ടം കമ്മ്യൂണിറ്റി ഡവലപ്മെന്റ് ട്രസ്റ്റ്) പ്രവർത്തനം ഈ പ്രദേശത്തെ പാവപ്പെട്ടവർക്കു ഏറെ നന്മകൾ ചെയ്തിട്ടുണ്ട്.

പിഒസിയിലായിരിക്കുമ്പോൾ മാർആലഞ്ചേരി പിസിഡിറ്റിയുടെ പ്രവർത്തനങ്ങൾക്കൊപ്പമുണ്ടായിരുന്നു.സാമൂഹികനീതിയെക്കുറിച്ചു തന്റെ അവബോധം പ്രാവർത്തികമാക്കാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചു.

ആ നീതിബോധമാണ് സഭയുടെ സാമൂഹിക പ്രബോധനപരമായ ചാക്രിക ലേഖനങ്ങൾ മലയാളത്തിലാക്കി പ്രചരിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും, ഒരു ഔദ്യോഗിക വിവർത്തകനെ കണ്ടെത്തി പിഒസി പബ്ലിക്കേഷൻസിന്റെ ജനറൽ എഡിറ്ററായി നിയമിച്ചതും.

വൈദികർ സാധാരണജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണമെന്ന ആശയം അദ്ദേഹം സാക്ഷാത്കരിച്ചുവെന്നത് പിഒസിയുടെ അയൽക്കാരായി താമസിക്കുന്ന നാനാജാതിമതസ്ഥർ അംഗീകരിക്കുന്ന വസ്തുതയാണ്. കഠിനാധ്വാനശീലവും മാർ ആലഞ്ചേരിയുടെ സൗമ്യതയോടെയുള്ള പെരുമാറ്റവും കൃത്യനിഷ്ഠയും അദ്ദേഹത്തെ അടുത്തറിഞ്ഞ ആർക്കും ബോധ്യപ്പെടുന്നതാണ്.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

ബൈബിൾ പഠനവും പ്രചാരണവും ത്വരിതപ്പെടുത്താൻ ബൈബിൾ സൊസൈറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു ഏറെ ക്ലേശങ്ങൾ അദ്ദേഹം അനുഭവിച്ചിട്ടുണ്ട്. സാമ്പത്തികമായി ക്ലേശിച്ചിരുന്ന പിഒസിയെ നയിക്കുകയെന്നത് എളുപ്പമുള്ള കാര്യമായിരുന്നില്ല.

റെയിൽവേ സ്റ്റേഷനിൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന നാരായണനെ വിളിച്ചുകൊണ്ടുവന്നു പിഒസിയിൽ ജോലി നൽകിയത് അദ്ദേഹത്തിന്റെ പരോപകാരതത്പരതയുടെ ഉദാഹരണമാണ്.

എല്ലാവരെയും തമാശകളിലൂടെ സന്തോഷിപ്പിക്കുന്ന സൗമ്യശീലം, മികച്ച നേതൃപാടവം, അപരനെ ആദരിക്കുന്ന വിനയം, ആത്മീയതയും സാമൂഹികസേവനവും സമന്വയിപ്പിക്കുന്ന തുറവിയുള്ള മനസ്സ്... മാർ ജോർജ്ജ് ആലഞ്ചേരിയുടെ പുതിയ കർമവീഥികളിൽ ഈ ഗുണങ്ങൾ തുണയാകുമെന്നതിൽ സംശയമില്ല.

## ആലഞ്ചേരി പിതാവിന് അല്മായ സമൂഹത്തിന്റെ ആശംസകൾ

**അഡ്വ. ബിനു മാത്യു**
(സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ എറണാകുളം-അങ്കമാലി അതിരൂപത)

കേരള കത്തോലിക്കാസഭയുടെ പൈതൃകത്തിന്റെ ഈറ്റില്ലമെന്നു വിശേഷിപ്പിക്കാവുന്ന എറണാകുളം-അങ്കമാലി അതിരൂപതയ്ക്കും സീറോമലബാർസഭയ്ക്കും ഇതു ധന്യതയുടെ സുവർണ്ണദിനം. വിശുദ്ധിയും വിവേകവും വിജ്ഞാനവുമുള്ള ഒരു സഭാദ്ധ്യക്ഷനുവേണ്ടിയുള്ള സഭ മുഴുവന്റെയും തീക്ഷ്ണമായ പ്രാർത്ഥന ഫലം കണ്ടു.

പതിനഞ്ചു വർഷത്തോളം സഭയെ നന്മയുടെ പാതയിൽ ധീരമായി നയിച്ച കർദ്ദിനാൾ വർക്കി വിതയത്തിലിന്റെ പിൻഗാമിയായി മാർ ജോർജ്ജ് ആലഞ്ചേരി എത്തുമ്പോൾ അതിരൂപതയിലെ ആബാലവൃദ്ധം ജനങ്ങളും ഇന്നു നിറഞ്ഞ സന്തോഷത്തിലാണ്; തങ്ങളെ നയിക്കാൻ പുതിയ ഇടയനെത്തിയതിന്റെ വാക്കുകൾക്കതീതമായ ആത്മീയാനന്ദത്തിലാണ്.

സമർപ്പണബുദ്ധിയും നിശ്ചയദാർഢ്യവും വ്യക്തമാക്കുന്ന നിലപാടുകളുമായി കർമ്മവഴികളിൽ യാത്ര തുടങ്ങുന്ന വലിയ പിതാവിന് ഒന്നരപതിറ്റാണ്ടു നീണ്ട ഇടയജീവിതത്തിലെ തീക്ഷ്ണമായ അനുഭവങ്ങൾ വഴിവിളക്കുകളാകുമെന്നതിൽ സംശയമില്ല. വ്യത്യസ്തമായ അഭിപ്രായങ്ങളെയും ആശയങ്ങളെയും സമന്വയത്തിന്റെ പുഞ്ചിരി നിറഞ്ഞ മനസ്സോടെ ഉൾക്കൊള്ളാനും ഏകോപിപ്പിക്കാനും പിതാവിന് ആവുമെന്ന് ന്യായമായും പ്രതീക്ഷിക്കാം.



ക്രൈസ്തവ വിശ്വാസവും പാരമ്പര്യങ്ങളും പലതലങ്ങളിൽ നിന്നും ഭീഷണി നേരിടുമ്പോൾ സഭയെ നയിക്കുക എന്നതു കടുത്ത വെല്ലുവിളിയാണ്. എന്നാൽ, ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ വിശ്വാസമർപ്പിച്ച് നിശ്ചയദാർഢ്യത്തോടെ ഈ ദൗത്യം ഏറ്റെടുക്കുന്ന പിതാവിനു തന്റെ യാത്ര കഠിനമാവില്ല.

ദൈവശാസ്ത്രത്തിലുള്ള ആഴവും പരപ്പുമുള്ള അവഗാഹം, മാനവികതയുടെ പുതിയ തലങ്ങളെ ആധ്യാത്മികതയുമായി ബന്ധിപ്പിക്കാനുള്ള അവസരം കൂടിയാണ് വലിയ പിതാവിന്റെ മുമ്പിൽ തുറന്നിടുന്നത്.

ഭൗതികമായ കഴിവുകളേക്കാൾ ദൈവത്തിൽ നിന്നു കിട്ടുന്ന ശക്തിയാണ് സഭയെയും വിശ്വാസികളെയും മുന്നോട്ടു നയിക്കാൻ വലിയ പിതാവിനു കരുത്താവുന്നത്.

ഈ അവസരത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ മുഴുവൻ അല്മായ സമൂഹത്തിന്റെയും പ്രാർത്ഥനകളും സ്നേഹവും പിന്തുണയും ആലഞ്ചേരി പിതാവിനൊപ്പമുണ്ട്.

പുതിയ മേജർ ആർച്ച്ബിഷപ്പിന് തന്റെ കർമ്മവഴികളിൽ പരിശുദ്ധാത്മാവിന്റെ കൃപാവരം ധാരാളമായി ഉണ്ടാകട്ടെയെന്നു സീറോ മലബാർസഭയിലെ വിശ്വാസസമൂഹത്തിനൊപ്പം അതിരൂപത മുഴുവൻ പ്രാർത്ഥിക്കുന്നു.

## തിരുഹിതത്തിന്റെ വഴികളിലൂടെ

**സെർജി ആന്റണി**

തിരുവനന്തപുരം-കന്യാകുമാരി ദേശിയപാതയിലെ തക്കല എന്ന കൊച്ചു പട്ടണത്തിൽ റോഡരികിലുള്ള മന്ദിരത്തിനു മുന്നിൽ ‘ബിഷപ്സ് ഹൗസ്’ എന്ന ബോർഡ് കാണാം. ഉള്ളിലേക്കു കടക്കുമ്പോൾ ഒരു അരമനയുടെ മോടിയൊന്നും കാണാനില്ല. ഒരു സാധാരണ വീടിന്റെ കെട്ടും മട്ടും. മുകളിലത്തെ നിലയിലാണു തക്കലക്കാരുടെ ‘ആയർ’ (തമിഴിൽ ആയർ എന്നാൽ ബിഷപ്) വസിക്കുന്നത്. സന്ദർശകരെ സ്വീകരിക്കുന്ന മുറിയിൽ ഒരു മേശയും ഏതാനും കസേരകളും. മേശയ്ക്കു വിരിപോലുമില്ല. മേശപ്പുറത്തു ക്രൂശിതരൂപം. എളിമയുടെ, ലാളിത്യത്തിന്റെ കൈയ്യൊപ്പു പതിഞ്ഞ ആ അരമനയിൽനിന്നു കാക്കനാട് മൗണ്ട് സെന്റ് തോമസിലെ സീറോമലബാർസഭയുടെ ആസ്ഥാനത്തേക്കു സഭയുടെ മേജർ അർച്ച്ബിഷപ്പായി നിയുക്തനാകുമ്പോൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖത്ത് ചങ്ങനാശ്ശേരിക്കടുത്ത തുരുത്തിക്കാർക്കു പരിചിതനായ പഴയ ആലഞ്ചേരി വറീച്ചന്റെ ചൈതന്യഭരിതമായ നിഷ്കളങ്കതയായിരുന്നു തെളിഞ്ഞുനിന്നത്.



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

സീറോമലബാർസഭയുടെ ചരിത്രത്തിൽ സഭാസിനഡ് കൂടി മേജർ ആർച്ച്ബിഷപ്പിനെ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നത് ഇതാദ്യമാണ്. സ്വതന്ത്രസഭയുടെ പദവിയിലേക്കുള്ള ചുവടുവയ്പിലെ ആ നിർണായക മുഹൂർത്തത്തിൽ സഭയെ നയിക്കാനുള്ള ഭാരിച്ച ദൗത്യം വന്നുചേർന്നിരിക്കുന്നത് സഭാസേവനത്തിൽ നാഴികക്കല്ലുകൾ പിന്നിട്ട ഈ ഇടയനിൽ. അൾത്താരബാലൻ, അസ്തേന്തിയച്ചൻ, അധ്യാപകൻ, വികാരിജനറാൾ, ബിഷപ് എന്നീ പടികളോരോന്നും ചവിട്ടി മൗണ്ട് സെന്റ് തോമസിലെത്തുമ്പോൾ മാർ ജോർജ് ആലഞ്ചേരിക്ക് അനുഭവങ്ങളുടെ വലിയൊരു ഭാണ്ഡവും ദൈവകൃപയുടെ നിറഞ്ഞ ചഷകവും കൈമുതലായുണ്ട്.

കാവുകാട്ടുപിതാവിന്റെ വിശുദ്ധിയും പടിയറപിതാവിന്റെ സ്നേഹവും പവ്വത്തിൽപിതാവിന്റെ സഭാസ്നേഹവുമൊക്കെ ആവേശത്തോടെ ഉൾക്കൊണ്ടു പൗരോഹിത്യത്തിൽനിന്നു മേൽപ്പട്ടക്കാരന്റെ പദവിയിലെത്തി തക്കല മിഷൻ രൂപതയുടെ അധ്യക്ഷനായിരുന്നപ്പോൾ മാർ ആലഞ്ചേരി തന്റെ ചെറിയ രൂപതയിലും ഈ ചൈതന്യത്രയം പകരാൻ ശ്രമിച്ചു. പാവപ്പെട്ടവരും സാധാരണക്കാരുമായ രൂപതാംഗങ്ങൾ, പരിമിതമായ സൗകര്യങ്ങൾ. എങ്കിലും തീക്ഷ്ണമായ ദൈവാഭിമുഖ്യമുള്ള ജനത. ഇതു മതിയായിരുന്നു ഈ മിഷൻ രൂപതയെ വളർത്തിയെടുക്കാൻ. ഇവിടെ തമിഴ് ഭാഷ സംസാരിക്കുന്നവരുടെ ഇടയിലേക്കു മധ്യതിരുവിതാംകൂറിന്റെ അച്ചടിഭാഷയുമായി കടന്നുവന്ന ആയർക്ക് അവരിലൊരാളായി മാറാൻ അധികകാലം വേണ്ടിവന്നില്ല. തമിഴ്പഠനം അജപാലനത്തിന്റെ ഭാഗമായി മാറ്റി. സീറോമലബാർ കുർബാനയുടെ തമിഴ് ടെക്സ്റ്റും ഇപ്പോഴുണ്ട്. രൂപതയിലെ ആധ്യാത്മികജീവിതം കൂടുതൽ പരിപുഷ്ടമാക്കുന്നതിനൊപ്പം സഭാമക്കളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും മാർ ജോർജ് ആലഞ്ചേരി ശുഷ്കാന്തി കാട്ടി.

വ്യക്തിബന്ധങ്ങൾ പാലിക്കുന്നതിനും അതിലെ ഊഷ്മളത കാത്തുസൂക്ഷിക്കുന്നതിനും ആലഞ്ചേരിപ്പിതാവിന് അനിതരസാധാരണമായ കഴിവുണ്ട്. സംഭാഷണങ്ങളിലെ മധുരമായ നർമം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഒരു സ്വർണ്ണക്കസവാണ്. വേഗത്തിൽ നടന്ന്, തോളത്തുതട്ടി, കുശലാന്വേഷണം നടത്തി ജനക്കൂട്ടത്തിലൂടെ കടന്നുപോകുമ്പോൾ ആരെയും അവഗണിക്കാതിരിക്കാനുള്ള കരുതലും കാണിക്കുന്നു. ആശയങ്ങളിൽ വ്യക്തതയും സംവാദങ്ങളിൽ സമഭാവനയും കാട്ടാൻ പിതാവിനു കഴിയും. അൾത്താരയിൽ, ചിന്തകൾ സ്വർഗ്ഗത്തിലേക്കുയർത്തി, ഭക്തി തീക്ഷ്ണതയോടെയും സ്ഫുടമായും പ്രാർത്ഥനകൾ ചൊല്ലി ദിവ്യബലി അർപ്പിക്കുന്ന പിതാവിന്റെ സ്വരം ഹൃദയങ്ങളിലേക്കു കടന്നുചെല്ലുന്നതാ



ണ്. പ്രസംഗങ്ങൾ അയത്നലളിതമാണ്. സരളസുന്ദരമായ പദങ്ങൾ, സുതാര്യമായ ആശയങ്ങൾ, ജനഹൃദയങ്ങളെ തുളച്ചുകയറുന്ന ആത്മാർത്ഥതയുടെ വാക്കുകൾ.

ചങ്ങനാശേരി അതിരൂപതയിലെ തുരുത്തി ഇടവകയിലാണു മാർ ജോർജ് ആലഞ്ചേരിയുടെ ജനനം. ഒന്നേകാൽ നൂറ്റാണ്ടു പഴക്കമുള്ള തുരുത്തിപള്ളിയുടെ അന്തരീക്ഷത്തിൽനിന്നാണ് അദ്ദേഹത്തിന്റെ ആധ്യാത്മികജീവിതത്തിന്റെ തുടക്കം. ഇപ്പോഴും ഈ പള്ളിയിലെ വിശേഷാവസരങ്ങളിലെല്ലാം പിതാവിന്റെ സാന്നിദ്ധ്യമുണ്ടാകും. പ്രസംഗങ്ങളിൽ പലപ്പോഴും അദ്ദേഹം തന്റെ ബാല്യകൗമാരങ്ങളിലേക്കു കടന്നുചെല്ലും. ഭൂരിപക്ഷവും കൃഷിക്കാരും കച്ചവടക്കാരുമായിരുന്ന തുരുത്തി ഇടവകക്കാരുടെ ദിവസം തുടങ്ങുന്നത് എം.സി റോഡരുകിലെ സെന്റ് മേരീസ് ദൈവാലയത്തിലെ വിശുദ്ധ കുർബാനയോടെയാണ്. അന്നും ഇന്നും അതങ്ങനെതന്നെ. പള്ളി നിറയെ വിശ്വാസികളുണ്ടാവും ആദ്യത്തെ കുർബാനയ്ക്ക്.

യാത്രാസൗകര്യങ്ങൾ കുറവായിരുന്ന പണ്ടുകാലത്തു പുലർച്ചെ കുടുംബനാഥന്മാർക്കും കുട്ടികൾക്കും പ്രഭാതഭക്ഷണവും ജോലിസ്ഥലങ്ങളിലേക്കു പോകുന്നവർക്ക് ഉച്ചഭക്ഷണവും തയ്യാറാക്കിവച്ചശേഷം രാവിലത്തെ കുർബാന മുടങ്ങാതെ കണ്ടിരുന്ന കവിണി പുതച്ച അമ്മച്ചിമാരായിരുന്നു ഈ ഇടവകയുടെ ആധ്യാത്മിക ശക്തിസ്രോതസ് എന്നു പിതാവ് പലപ്പോഴും അനുസ്മരിക്കാറുണ്ട്. ആ ആധ്യാത്മികത തുരുത്തി ഇടവകയ്ക്കു ധാരാളം വിളവു നൽകി. ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ജോലിചെയ്യാനായി നിരവധി വൈദികരെയും സന്യസ്തരെയും ഈ ഇടവക സംഭാവന ചെയ്തു.

ആധ്യാത്മികജീവിതത്തിന്റെ അടിത്തറ പാകിയത് കുടുംബത്തിൽത്തന്നെ. കൊന്തചൊല്ലുമ്പോൾ മുട്ടിന്മേൽ നിൽക്കണമെന്നു ശാഠ്യം പിടിച്ചിരുന്ന പിതാവ്. പ്രാർത്ഥനയും ഭക്തികർമ്മങ്ങളും നിറഞ്ഞുനിന്നിരുന്ന കുടുംബാന്തരിക്ഷം. ദൈവവിളിയുടെ വിത്തുകൾ അവിടെ മുളപൊട്ടി. ആറ് ആൺമക്കളിൽ മൂന്നുപേരെ വൈദികാന്തസിലേക്കു പറഞ്ഞുവിട്ട കുടുംബം. മൂന്നുപേരുടേയും തിരുപ്പട്ട സ്വീകരണം ഡിസംബർ പതിനെട്ടിനായിരുന്നു. മാർ ജോർജ് ആലഞ്ചേരി തക്കല രൂപതയുടെ അധ്യക്ഷനായി നിയോഗിക്കപ്പെടുന്നതും ഒരു ഡിസംബർ 18-ന്.

1945 ഏപ്രിൽ 19-ന് തുരുത്തി ആലഞ്ചേരിൽ ഫീലിപ്പോസ്-മറിയാമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. സ്കൂൾ കാലഘട്ടം മുതലേ പഠനത്തിൽ സമർത്ഥനായിരുന്നു വറീച്ചൻ. ജ്യേഷ്ഠസഹോദരനും കാനാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനുമായ



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

റവ. ഡോ. ജോസ് ആലഞ്ചേരി സെമിനാരിയിൽ ചേരുന്ന വർഷമാണ് വറീച്ചൻ പത്താംക്ലാസ് പാസാകുന്നത്. വറീച്ചനെ അച്ചനാക്കണമെന്ന ആശയം മുന്നോട്ട് വച്ചത് അന്നു തുരുത്തിപള്ളിയിൽ വികാരിയായിരുന്ന തലോടിലച്ചനാണ്. മൂത്തയാളെ പട്ടത്തിനു വിട്ടതിനു തൊട്ടുപുറകെ ഇളയവനെയും അച്ചൻപട്ടത്തിനു വിടാനോ? പിതാവ് ആലഞ്ചേരിൽ ഫിലിപ്പോസ് എന്ന കൊച്ചേട്ടൻ ശങ്കിച്ചു. എന്നാൽ, ദൈവനിയോഗത്തിന്റെ വഴിയിൽത്തന്നെയായിരുന്നു വറീച്ചൻ. മാർ  മാത്യു കാവുകാട്ടു പിതാവും നിർദ്ദേശിച്ചപ്പോൾ വറീച്ചനെ സെമിനാരിയിലയയ്ക്കാൻ കൊച്ചേട്ടൻ നിശ്ചയിച്ചു. അങ്ങനെ വറീച്ചൻ പാറേൽ സെമിനാരിയിൽ ചേർന്നു. തുടർന്നു എസ്. ബി. കോളേജിൽ ബിരുദപഠനം. അക്കാലത്തു പാറേൽ സെമിനാരിയിലെ പഠനത്തിനുശേഷം ചിലരെ എസ്. ബി. കോളേജിൽത്തന്നെ തുടർപഠനത്തിനു വിടുക പതിവായിരുന്നു. ധനതത്ത്വശാസ്ത്രത്തിൽ ഉയർന്ന റാങ്കോടെ ബിരുദം കരസ്ഥമാക്കിയശേഷം ബ്രദർ ജോർജ് സെമിനാരിപഠനം തുടർന്നു. 1972-ൽ വൈദികപട്ടം സ്വീകരിച്ചു.

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. ആലഞ്ചേരിയച്ചന്റെ ജനസംസർഗത്തിന്റെ ആർജവം ഇടവകജനം മുഴുവൻ അനുഭവിച്ചു. ഇടവകസേവനത്തിന്റെ മഹനീയമായ മാതൃകയായി ജോർജച്ചൻ മാറി. ഇന്നും കത്തീഡ്രൽ ഇടവകാംഗങ്ങൾക്ക് തങ്ങളുടെ പഴയ കൊച്ചച്ചനെ മറക്കാനാവില്ല. അന്നു തുടങ്ങിയ വ്യക്തിബന്ധങ്ങളിൽ പലതും ഇന്നും അഭംഗുരം തുടരുന്നു. തക്കല രൂപതാധ്യക്ഷനായി നിയോഗിക്കപ്പെട്ടപ്പോൾ മാതൃഇടവകയിലെ തുരുത്തിക്കാരോടൊപ്പം അദ്ദേഹത്തെ സ്നേഹം കൊണ്ടു പൊതിയുന്നവരിൽ ഏറെ കത്തീഡ്രൽ ഇടവകക്കാരുമുണ്ടായിരുന്നു.

കത്തീഡ്രലിലെ സേവനത്തിനുശേഷം കുറേക്കാലം ചങ്ങനാശേരി അരമനയിൽ പ്രവർത്തിച്ചു. അതിനുശേഷമാണ് എറണാകുളം കലൂരിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ ഡയറക്ടറായി നിയമിതനാകുന്നത്. സീറോമലബാർസഭയുടെ മതപഠന പുസ്തകങ്ങൾ തയ്യാറാക്കുന്നതിൽ ഈ അവസരത്തിൽ അദ്ദേഹം ഏറെ പങ്കുവഹിച്ചു.

അതിരൂപതയുടെ വികാരിജനറാളായി നിയമിതനായതോടെ വിസ്തൃതമായ ഈ അതിരൂപതയുടെ ദൈനംദിന ഭരണത്തിൽ നിർണായക പങ്കായി അദ്ദേഹത്തിന്. ഇതിനിടെ, വടവാതൂർ സെമിനാരിയിലെ അധ്യാപകനായും സേവനമനുഷ്ഠിച്ചു. വിദേശത്തു പഠനത്തിനായി കുറേക്കാലം ചെലവഴിച്ചെങ്കിലും കർമകാണ്ഡത്തിന്റെ സിംഹഭാഗവും ചങ്ങനാശേരിയിലും പരിസരപ്രദേശങ്ങളിലുമായിരുന്നു. തക്കല രൂപതാധ്യക്ഷനായി നിയമിക്കപ്പെടുമ്പോൾ ചങ്ങ



നാശേരി അതിരൂപതയിലെ ഒരു ഫൊറോനയുടെ അംഗസംഖ്യയോ മറ്റു സൗകര്യങ്ങളോ അവിടെ ഇല്ലായിരുന്നു.

കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടു നീണ്ട അജപാലനത്തിൽ, കഠിനപ്രയത്നത്തിലൂടെ ഈ മിഷൻ രൂപതയുടെ വിളവു വർദ്ധിപ്പിക്കാൻ ആലഞ്ചേരിപ്പിതാവിനു കഴിഞ്ഞു. സഭയുടെ വളർച്ച ആധ്യാത്മികതയിലാണ് എന്നു വിശ്വസിക്കുന്ന പിതാവിന് സീറോമലബാർസഭയിലെ അതിപ്രധാനവും ചുമതലാപൂർണ്ണവുമായ പുതിയ ദൗത്യം ആ വിശ്വാസത്തിലൂന്നിയ കർമ്മപഥത്തിലൂടെ ലഭിച്ച ദൈവനിയോഗമാണ്.

## തക്കലയുടെ സ്വന്തം 'ആയർ'

സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പായി തങ്ങളുടെ ആയർ (ബിഷപ്) തെരഞ്ഞെടുക്കപ്പെട്ട വിവരം തക്കല രൂപതയിലെ വിശ്വാസസമൂഹത്തിനു സമാനതകളില്ലാത്ത സന്തോഷമാണു പകർന്നുനൽകിയത്. ചങ്ങനാശ്ശേരി അതിരൂപത വിഭജിച്ചു തമിഴ്നാട്ടിലെ തക്കല കേന്ദ്രമാക്കി 1997 ഫെബ്രുവരി രണ്ടിനു സ്ഥാപിച്ച രൂപതയുടെ പ്രഥമ ബിഷപ്പായി എത്തിയ മാർ ജോർജ് ആലഞ്ചേരിയെക്കുറിച്ച് അവർക്ക് അഭിമാനിക്കാൻ ഏറെയുണ്ടുതാനും.

കന്യാകുമാരിയോടു ചേർന്നുകിടക്കുന്ന അന്നത്തെ മിഷൻ പ്രദേശത്തിന്റെ അഭിവൃദ്ധിക്കു കാരണം ആ 'ആയർ' തന്നെയാണെന്ന് അവർ വിശ്വസിക്കുന്നു. ചങ്ങനാശേരിയിൽ നിന്നെത്തി തമിഴ് പഠിച്ച്, അതു പേശി, തങ്ങളിലൊരാളായി മാറിയ ആയറെ അവർ ഹൃദയത്തിലാണു പ്രതിഷ്ഠിച്ചിരിക്കുന്നത്. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയും തിരുനൽവേലി ജില്ലയിലെ ചെങ്കോട്ട താലൂക്കും ഉൾപ്പെടുന്നതാണു തക്കല രൂപത.

എണ്ണായിരത്തോളം ഭവനങ്ങളിലായി മുപ്പതിനായിരത്തോളം വിശ്വാസികളുള്ള തക്കല രൂപതയിലെ മുഴുവൻ വീടുകളും സന്ദർശിച്ചിട്ടുള്ള മാർ ആലഞ്ചേരി രൂപതയുടെ സമഗ്രവികസനം മുന്നിൽക്കണ്ടുള്ള പ്രവർത്തനമാണു നടത്തിയിരുന്നത്. ആറു ഫൊറോനകളിലായി 55 പള്ളികളും ശുശ്രൂഷയ്ക്കായി 65 വൈദികരുമുള്ള രൂപതയുടെ ആധ്യാത്മിക നവോത്ഥാനത്തോടൊപ്പം സാമൂഹിക പുരോഗതിയും സ്വപ്നം കണ്ട മാർ ആലഞ്ചേരി, പള്ളികളോടു ചേർന്നു നിരവധി സ്കൂളുകളും മറ്റു തൊഴിൽപരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ചു.

സാമൂഹികപുരോഗതിക്കു വിദ്യാഭ്യാസം അനിവാര്യമാണെന്ന് ഏറെ ബോധ്യമുള്ള അദ്ദേഹം നാലു ഹയർസെക്കൻഡറി സ്കൂളുകളും എട്ട് ഹൈസ്കൂളുകളും 16 പ്രൈമറി സ്കൂളുകളും രൂപത





യുടെ നേതൃത്വത്തിൽ സ്ഥാപിച്ചു. ആധ്യാത്മികഉണർവ്വ് ലക്ഷ്യമിട്ടു വർഷം തോറും ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ കൺവൻഷനു രൂപതയിലെ വിശ്വാസിസമൂഹം ഒന്നാകെയാണു ഒഴുകിയെത്തുന്നത്. ആ മൂന്നുദിവസവും അവരൊടൊപ്പം ചെലവഴിക്കാൻ അദ്ദേഹം സമയം കണ്ടെത്തുകയും ചെയ്യും.

രൂപതയുടെ വളർച്ചയ്ക്കായി പാസ്റ്ററൽ സെന്റർ, മതബോധന കേന്ദ്രം, ഫാമിലി അപ്പോസ്തലേറ്റ്, മിഷൻ ലീഗ്, യുവജനവേദി, സോഷ്യൽ സർവീസ് സൊസൈറ്റി തുടങ്ങിയവയും മാർ ജോർജ് ആലഞ്ചേരി സ്ഥാപിച്ചു. ഓരോ ഡിപ്പാർട്ട്മെന്റിനും രൂപതാ കേന്ദ്രത്തിൽ പ്രത്യേകം ഓഫീസും ക്രമീകരിച്ചു. ദൈവവിളി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഊർജിതമാക്കിയ അദ്ദേഹം മുക്കൂട്ടുകല്ലിൽ സെമിനാരിയും സ്ഥാപിച്ചു. മേജർ സെമിനാരിയിൽ 35 പേരും മൈനർ സെമിനാരിയിൽ 25 പേരും ഇപ്പോൾ പഠിക്കുന്നുണ്ട്.

മാർ ആലഞ്ചേരി ചുമതലയേറ്റശേഷം രൂപതയിൽനിന്ന് 22 പേർ പൗരോഹിത്യം സ്വീകരിച്ചു ദൈവികശുശ്രൂഷയിൽ പങ്കുചേർന്നു. വൈദികർക്കും കന്യാസ്ത്രീകൾക്കുമായി ധ്യാനങ്ങളും സെമിനാറുകളും പതിവായി സംഘടിപ്പിക്കുന്നതിൽ അദ്ദേഹത്തിന് എപ്പോഴും പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. പുതിയ കുർബാനക്രമവും കൂദാശകളും തമിഴിലേക്കു മൊഴിമാറ്റം നടത്തുന്നതിനു നേതൃത്വം നൽകിയ മാർ ജോർജ് ആലഞ്ചേരി, സൺഡേ സ്കൂളിന്റെ സിലബസിന് നിയതരൂപമുണ്ടാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചു. ജനങ്ങളെ വിശ്വാസതീക്ഷ്ണതയിൽ നിലനിർത്താൻ ചെങ്കോട്ടയിൽ ആറു പുതിയ മിഷൻ കേന്ദ്രങ്ങളും സ്ഥാപിച്ചു.

പഴയതും സൗകര്യം കുറഞ്ഞതുമായ ഒട്ടുമിക്ക പള്ളികളും ഇക്കാലയളവിനുള്ളിൽ അദ്ദേഹം പുതുക്കിപ്പണിയുകയോ പുനരുദ്ധരിക്കുകയോ ചെയ്തു. പടന്താലുംമൂട് ഫൊറോനാപ്പള്ളിയാണ് ഏറ്റവും അവസാനം മാർ ആലഞ്ചേരി വെഞ്ചരിച്ചതെന്ന് വികാരി ഫാ. ജോസ് മുട്ടത്തുപാടം പറഞ്ഞു.

മതസൗഹാർദ്ദവും സഹോദരസ്നേഹവും വളർത്താൻ ഉദ്ദേശിച്ച് അദ്ദേഹം രൂപവത്കരിച്ച തക്കല സുഹൃത്തുക്കൾ എന്ന മതസൗഹാർദ്ദവേദി നാനാജാതി മതസ്ഥരെയും ഒരുപോലെ ആകർഷിക്കുന്നു. തക്കല സുഹൃത്തുക്കൾ ഒന്നുചേർന്നു നടത്തുന്ന ക്രിസ്മസ് മീറ്റിംഗും ഇതിനോടകം പ്രസിദ്ധമായിക്കഴിഞ്ഞിട്ടുണ്ട്.

## മാർ ജോർജ് ആലഞ്ചേരി: സീറോമലബാർസഭയ്ക്കു പുതിയ നേതൃത്വം

**ദീപിക**

സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വിശ്വാസസത്യ



ത്തിന്റെ ഭാഗമാണ്. നിർണായക തീരുമാനങ്ങൾ എടുക്കുമ്പോൾ കത്തോലിക്കാ സഭ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന പ്രത്യേകമായി നടത്താറുണ്ട്. സീറോമലബാർസഭയുടെ ആസ്ഥാനമായ കൊച്ചി കാക്കനാട്ടെ മൗണ്ട് സെന്റ് തോമസിൽ ഭാരതത്തിലെ സീറോമലബാർസഭയിലെ നാല്പത്തിനാല് ഇടയന്മാർ കഴിഞ്ഞ നാലുദിവസമായി പ്രാർത്ഥനയിലും പര്യാലോചനയിലും കഴിഞ്ഞുകൂടിയത് സഭയെ സംബന്ധിച്ച നിർണായകമായ ഒരു തീരുമാനത്തിനായിരുന്നു. അവർ പരിശുദ്ധാത്മാവിന്റെ സഹായത്തിനായി പ്രാർത്ഥിച്ചു. കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ദേഹവിയോഗത്തെത്തുടർന്ന് സീറോമലബാർസഭയെ നയിക്കാൻ പുതിയൊരു ഇടയനെത്തേടിയെത്തിയ അവർക്കു തമിഴ്നാട്ടിലെ തക്കല മിഷൻ രൂപതയുടെ ബിഷപ്പായ മാർ ജോർജ് ആലഞ്ചേരിയെ സഭയുടെ തലവനായി തെരഞ്ഞെടുക്കാൻ കഴിഞ്ഞു.

സഭയിലെ തെരഞ്ഞെടുപ്പുകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ഏറ്റവും വലിയ തെളിവുകളിൽ ഒന്നായിരുന്നു ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ തെരഞ്ഞെടുപ്പ്. തികച്ചും ആകസ്മികമായിട്ടായിരുന്നു 1978 ഒക്ടോബർ 16-ന് പോളണ്ടിലെ കർദ്ദിനാൾ കരോൾ വോയ്റ്റിവയെ മാർപാപ്പയായി തെരഞ്ഞെടുത്തത്. നാലു നൂറ്റാണ്ടിൽ ആദ്യമായി ഇറ്റലിക്കാരനല്ലാത്ത ഒരാൾ മാർപാപ്പാസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട സംഭവം. ഒരു കമ്മ്യൂണിസ്ററ് രാഷ്ട്രത്തിൽ നിന്നെത്തിയ കർദ്ദിനാൾ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടുമെന്ന് അന്നാരും സ്വപ്നത്തിൽപ്പോലും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ, അവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വിശ്വാസികൾ കണ്ടു. ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും ജനസമ്മതനായ വ്യക്തിയെന്ന നിലയിലേക്കും മാർപാപ്പപദവിയിലെ മഹത്തായ ഇതിഹാസവുമായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ മാറിയതു സമീപകാല ചരിത്രം.

സീറോമലബാർസഭയുടെ പരമാധ്യക്ഷനായി മാർ ജോർജ് ആലഞ്ചേരി തെരഞ്ഞെടുക്കപ്പെട്ടപ്പോഴും ഇത്തരം പല യാദൃശ്ചികതകളും കാണാനാകും. കേരളത്തിലെ പല രൂപതകളിലേയും അതിരൂപതകളിലേയും ഒരു ഫൊറോനയുടെയത്രപോലും വിശ്വാസിസമൂഹമില്ലാത്ത, പാവപ്പെട്ടവരായ ജനങ്ങളുടെ മിഷൻ രൂപതയിൽനിന്നാണ് ഈ സ്ഥാനത്തേക്കു മാർ ജോർജ് നിയുക്തനാകുന്നത്. തന്റെ കർമ്മമണ്ഡലങ്ങളിലെല്ലാം കാര്യശേഷിയുടെയും കറതീർന്ന ആധ്യാത്മികതയുടെയും കരുത്തോടെ അജഗണത്തെ നയിച്ച ആലഞ്ചേരിപ്പിതാവിനു പുതിയ ദൗത്യം ദൈവനിയോഗത്തിന്റെ ആകസ്മികതയാണ്. രണ്ടായിരം വർഷത്തോളം പഴക്കമുള്ള ക്രൈസ്തവ പാരമ്പര്യത്തിന്റെ കരുത്തുപേറുന്ന സീറോമല





ബാർസഭ വളർച്ചയുടെ പുതിയ പടവുകൾ താണ്ടുന്ന ഘട്ടമാണിത്. ഭാരതത്തിലെ വൻനഗരങ്ങളിലും വിദേശരാജ്യങ്ങളിലും സീറോമലബാർസഭാമക്കളുടെ സജീവ സാന്നിധ്യമുണ്ട്. അവരുടെ ആധ്യാത്മിക-സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിക്കുക എന്ന വലിയ ദൗത്യം പുതിയ മേജർ ആർച്ച്ബിഷപ്പിനുണ്ട്. അതോടൊപ്പം സമകാലിക രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങൾ സഭയ്ക്ക് ഏറെ വെല്ലുവിളികളും ഉയർത്തുന്നു. സങ്കീർണ്ണമായ ഈ സാഹചര്യത്തിൽ സഭയെയും സമൂഹത്തെയും ഇടർച്ച കൂടാതെ നയിക്കുക എന്ന ദൗത്യമാണ് അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നത്.

ക്രൈസ്തവവിശ്വാസവും പാരമ്പര്യങ്ങളും അകമെയും പുറമെയും നിന്നു ഭീഷണികൾ നേരിടുമ്പോൾ സഭയെ നയിക്കുക എന്നതു കടുത്ത വെല്ലുവിളിതന്നെ. എന്നാൽ, ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ വിശ്വാസമർപ്പിച്ച് ഈ ദൗത്യം ഏറ്റെടുക്കാൻ സന്നദ്ധനായ മാർ ആലഞ്ചേരി സമകാലിക യഥാർഥ്യങ്ങൾ ഉൾക്കൊണ്ട ആത്മീയനേതാവാണ്. വിശുദ്ധിയും വിവേകവും വിജ്ഞാനവുമുള്ള ഒരു സഭാധ്യക്ഷനുവേണ്ടി സഭ മുഴുവനും തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നുവെന്നും ഈ ഗുണങ്ങൾ തനിക്കുണ്ടാകാനായി പരിശ്രമിക്കുമെന്നും മാർ ആലഞ്ചേരി നടത്തിയ ആദ്യപ്രതികരണം അദ്ദേഹത്തിന്റെ സമർപ്പണബുദ്ധിയും നിശ്ചയദാർഢ്യവും വ്യക്തമാക്കുന്നു. എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും നിയുക്ത മേജർ ആർച്ച്ബിഷപ് സൂചിപ്പിച്ചു. തമിഴ്നാട്ടിലെ തക്കല രൂപതയിൽ മതസൗഹാർദ്ദത്തിന്റെ സവിശേഷപ്രഭ പരത്തിയ കൂട്ടായ്മകൾ സംഘടിപ്പിച്ച പിതാവിനു കാലത്തിന്റെ വെല്ലുവിളികൾ നേരിടാനുള്ള കരുത്ത് ഇത്തരം പ്രവർത്തനങ്ങളിൽ നിന്നു ലഭിച്ചിട്ടുണ്ട്.

വിവിധ രാജ്യങ്ങളിലായി നാല്പതു ലക്ഷത്തോളം വിശ്വാസികളുള്ള സീറോമലബാർസഭയുടെ പ്രവർത്തനമേഖലകൾ വൈവിധ്യപൂർണ്ണമാണ്. ഈ പ്രവർത്തനങ്ങൾ ലോകത്തിനു സുവിശേഷസാക്ഷ്യം കൂടിയാകണം. ക്രൈസ്തവ പ്രവർത്തനമണ്ഡലങ്ങളുടെ അന്തഃസത്ത സുവിശേഷമാണ്. സുവിശേഷസാക്ഷ്യത്തിനുള്ള കരുത്തുറ്റ നേതൃത്വമാണ് പുതിയ മേജർ ആർച്ച്ബിഷപ്പിൽ നിന്നു സഭ കാംക്ഷിക്കുന്നത്. തക്കലരൂപതാധ്യക്ഷനായിരിക്കെ രൂപതയിലെ എല്ലാ കുടുംബങ്ങളുമായി നേരിട്ടു ബന്ധം പുലർത്താൻ ഏറെ ശ്രദ്ധിച്ച വ്യക്തിയാണു മാർ ജോർജ് ആലഞ്ചേരി. തന്റെ ഇതര കർമമണ്ഡലങ്ങളിലും വ്യക്തിപരമായ ബന്ധങ്ങൾക്ക് അദ്ദേഹം പ്രാമുഖ്യം നൽകിയിരുന്നു. ആലോചിച്ചുറച്ചു തീരുമാനങ്ങളെടുക്കുന്നതിനും നിശ്ചയദാർഢ്യത്തോടെ അവ നടപ്പാക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. ദൈവശാസ്ത്രത്തിലുള്ള അവഗാഹം മാന



വികതയുടെ പുതിയ തലങ്ങളെ ആധ്യാത്മികതയുമായി ബന്ധിപ്പിക്കാനുള്ള പാലമായി അദ്ദേഹം മാറ്റി.

വിശാല വിശ്വാസിസമൂഹത്തെ ആധ്യാത്മികതയിൽ പരിപോഷിപ്പിക്കുന്നതിനൊപ്പം സഭാഘടനയെ സുദൃഢമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള ഭാരിച്ച ഉത്തരവാദിത്വവും പുതിയ മേജർ ആർച്ച്ബിഷപ്പിൽ നിക്ഷിപ്തമാണ്. മാനുഷികമായ കഴിവുകളല്ല, മറിച്ച് ദൈവത്തിൽ നിന്നു കിട്ടുന്ന ശക്തിയാണു സഭയെയും വിശ്വാസികളെയും മുന്നോട്ടു നയിക്കാൻ ഉപകരിക്കുകയെന്നു വിശ്വസിക്കുന്ന പുതിയ മേജർആർച്ച്ബിഷപ്പിന് തന്റെ പ്രവർത്തനമണ്ഡലങ്ങളിൽ പരിശുദ്ധാത്മാവിന്റെ കൃപാവരം ധാരാളമായി ഉണ്ടാകട്ടെ എന്നു സകല വിശ്വാസികളോടൊപ്പം ഞങ്ങളും പ്രാർത്ഥിക്കുന്നു. സഭാധ്യക്ഷപദവിയിലൂടെ കേരളീയ സമൂഹത്തിന്റെ ധാർമിക ചൈതന്യമായി പരിലസിക്കാനുള്ള കരുത്തും ഭാഗ്യവും അദ്ദേഹത്തിനുണ്ടാകട്ടെ എന്നാശംസിക്കുന്നു.

## അനുയോജ്യനായ പുതിയ ഇടയൻ

### ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം

സീറോമലബാർസഭയുടെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ച്ബിഷപ്പാണ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവ്. ഒരു വ്യക്തിസഭയുടെ തലവനും പിതാവുമെന്ന ആചാര്യപദവിയാണു പിതാവിനു ലഭിച്ചിരിക്കുന്നത്. ഈ ദൈവനിയോഗം നീതിപൂർവ്വം നിർവ്വഹിക്കാൻ വേണ്ട വിവേകവും വിശുദ്ധിയും വിജ്ഞാനവും പിതാവിനുണ്ട്. വളരെയേറെ പ്രതീക്ഷയോടും ശുഭാപ്തിവിശ്വാസത്തോടും കൂടിയാണ് പിതാവിന്റെ സ്ഥാനലബ്ധിയെ എല്ലാവരും കാണുന്നത്. കഴിഞ്ഞകാലഘട്ടത്തിൽ വിവിധ തുറകളിൽ പിതാവു നിർവ്വഹിച്ച സഭാശുശ്രൂഷയെ വിലയിരുത്തുമ്പോൾ ഈ പുതിയ ദൗത്യം ഏവർക്കും ഹൃദ്യമായ രീതിയിൽ നിറവേറ്റാൻ അദ്ദേഹത്തിനു സാധിക്കുമെന്നാണ് എന്റെ പൂർണ്ണവിശ്വാസം. ചങ്ങനാശ്ശേരിയിൽ നിന്ന് ഒരാൾകൂടി ഉന്നതമായ ഈ സഭാശുശ്രൂഷയ്ക്കു വിളിക്കപ്പെട്ടതിൽ സന്തോഷവും അഭിമാനവുമുണ്ട്. അഭിവന്ദ്യ പിതാവിന് എല്ലാവിധ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

**ശ്രീ. കെ. എം. മാണി**
(കേരള ധനകാര്യമന്ത്രി)

സന്തോഷം, ദാരിദ്ര്യം, സാത്വികഭാവം തികച്ചും വിനയാന്വിതനായ തിരുമേനിയെ വിവരിക്കാൻ ധാരാളം വിശേഷണങ്ങൾ. ഒരു



കർദിനാൾ മാർ ജോർജ്
ആലഞ്ചേരി

പാടുവേദികൾ ഒന്നിച്ചു പങ്കിട്ടപ്പോഴൊക്കെ ഒരു യഥാർത്ഥ ക്രിസ്തീയ സ്നേഹം അദ്ദേഹത്തിൽ തുളുമ്പിനിൽക്കുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്. സീറോമലബാർസഭയ്ക്കു ലഭിക്കാവുന്ന ഏറ്റം അനുയോജ്യനെത്തന്നെയാണ് അഭിവന്ദ്യ തിരുമേനിയിലൂടെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്. സുകൃത വഴികളിൽ അഭിനന്ദനങ്ങളോടെ!

### മോൺ. മാത്യു വെള്ളാനിക്കൽ

സീറോമലബാർസഭയ്ക്ക് ദൈവനിശ്ചയത്താൽ ലഭിച്ച വലിയ ഇടയനാണ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ്. എന്നും സന്തോഷവാനായിരിക്കുന്ന അദ്ദേഹത്തിന് കാലത്തിനൊത്ത നേതൃത്വം സഭയിൽ നൽകാൻ കഴിയും എന്ന് ഇന്നുവരെയുള്ള അദ്ദേഹത്തിന്റെ അനിതരസാധാരണനേതൃത്വം തന്നെ നമുക്ക് ഉറപ്പു തരുന്നു. ദൈവശാസ്ത്രം, പാരമ്പര്യം ഇവ ബോധ്യപ്പെടുത്തി കൊടുക്കാനുള്ള അദ്ദേഹത്തിന്റെ പ്രബോധന വൈദഗ്ധ്യം എടുത്തുപറയാതിരിക്കാനാവില്ല. മനുഷ്യബന്ധങ്ങൾ സ്ഥാപിക്കാനുള്ള അദ്ദേഹത്തിന്റെ അപാരമായ കഴിവ് പുതിയ ഇടയ ശുശ്രൂഷയിൽ കൈമുതലായിരിക്കുക തന്നെ ചെയ്യും. പ്രാർത്ഥനാശംസകൾ - അനുമോദനങ്ങൾ

### ടോമിച്ചൻ മേപ്പുറം
(പ്രവാസി കോ-ഓർഡിനേറ്റർ)

ലളിതജീവിതവും ദീർഘവീക്ഷണവും ജനകീയ അടിത്തറയും കൈമുതലാക്കി സീറോമലബാർസഭയുടെ വളർച്ചയ്ക്ക് ആത്മീയോർജ്ജത്തിൽ വലിയ ഇടയന്റെ ശുശ്രൂഷ നൽകാൻ ഒരുങ്ങുന്ന വന്ദ്യപിതാവ്... ആത്മീയതയിൽ അടിയുറച്ചു ജീവിക്കണമെന്നു നിർദ്ദേശിക്കുന്നതോടൊപ്പം സ്വന്തബന്ധങ്ങളുടെ പ്രസക്തിക്ക് അടിവരയിട്ടിരുന്ന വിശ്വമാനവികനാണ് ആലഞ്ചേരി പിതാവ്.

### സി. റോസ് കുന്നത്തുപുരയിടം
എസ്. എ. ബി. എസ്, പ്രൊവിൻഷ്യാൾ

തക്കലരൂപതയുടെ വളർച്ചയ്ക്കായി അക്ഷീണം പരിശ്രമിച്ച ശാന്തനായ കർമ്മോത്സുകനായ ആലഞ്ചേരി പിതാവ്

### ഫാ. ഫിലിപ്പ് കൊടിയന്തറ
(തക്കല രൂപതാ അഡ്മിനിസ്ട്രേറ്റർ)

ഇന്നത്തെ സാഹചര്യത്തിൽ സീറോമലബാർസഭയ്ക്ക് ഏറ്റവും അനുയോജ്യനായ ഇടയൻ... ഇതര മതസ്ഥർക്കും സർവ്വസമ്മതനാണു മാർ ജോർജ് ആലഞ്ചേരി.



**എം. ഡി. ജോസഫ് മണ്ണിപ്പറമ്പിൽ**
എ. കെ. സി. സി. പ്രസിഡന്റ്

ഏറ്റവും യോഗ്യനായ പിതാവിനെയാണ് സഭയുടെ നായകനായി തെരഞ്ഞെടുത്തത്

**മലയാള മനോരമ**

സൗമ്യതയുടെ വലിയ ഇടയൻ. തെറമ്മച്ചേച്ചിയുടെ വറീച്ചൻ ഇനി സഭയുടെ അമരക്കാരൻ. 'തക്കലസുഹൃത്തുക്കളു'ടെ രക്ഷകൻ സഭയ്ക്കും നാഥൻ.

**കെ. സി. ജോസഫ്**
(ഗ്രാമവികസന മന്ത്രി)

സീറോമലബാർസഭയുടെ പാരമ്പര്യം സംരക്ഷിക്കാൻ മാർ ജോർജ് ആലഞ്ചേരിക്കു കഴിയും.

**പിതാവിന്റെ ഏറ്റം മുതിർന്ന സഹോദരൻ പീലിപ്പോസ്**
(അപ്പച്ചൻ)

വറീച്ചൻ പാറേൽ സെമിനാരിയിൽ ചേർന്നതും അച്ചനായതും ജനറാളായതും മെത്രാനായതുമൊക്കെ ഇന്നലെയന്നതുപോലെ ഓർമ്മിക്കുന്നു. സി.എം.ഐ. സഭയിൽ ചേരാനായിരുന്നു ഞങ്ങളുടെ വറീച്ചനു താത്പര്യം. ഇതിനായി മാന്നാനം ആശ്രമത്തിൽ പോയി ജനറാളച്ചനെ കണ്ടു. യാത്രപറയാൻ ചങ്ങനാശ്ശേരി അരമനയിലെത്തിയപ്പോൾ വറീച്ചൻ ചങ്ങനാശ്ശേരി അതിരൂപതയിൽ ചേർന്നാൽ മതിയെന്ന് അന്നത്തെ ബിഷപ്പ് മാർ മാത്യു കാവുകാട്ടു പിതാവു നിർബന്ധം പറഞ്ഞു. പിതാവിന്റെ നിർബന്ധത്തിലാണ് പാറേൽ സെമിനാരിയിൽ ചേർന്നത്. ദൈവത്തിന്റെ നിയോഗം ഇങ്ങനെയായി. മാതാപിതാക്കളുടെ ആത്മീയജീവിതമാണ് ഞങ്ങൾ പത്തുപേർക്കും മാതൃകയായത്.

**രണ്ടാമത്തെ ജ്യേഷ്ഠൻ അഗസ്റ്റിൻ** (കുഞ്ഞച്ചൻ)

ആത്മീയതയിലും അനുസരണത്തിലും പഠനത്തിലും അദ്ദേഹം വീടിനും നാടിനും മാതൃകയായിരുന്നു. ഇടവകയായ തുരുത്തി സെന്റ് മേരീസ് പള്ളിയിൽ അൾത്താര ശുശ്രൂഷിയായിരുന്നു. പൊതുവേ, ശാന്തപ്രകൃതക്കാരൻ... പഠിക്കുമ്പോൾ ഏറ്റവും സമർത്ഥനായ വിദ്യാർത്ഥി എന്ന പേരിലാണ് ഏവരും അദ്ദേഹത്തെ ശ്രദ്ധിച്ചിരുന്നത്.





**സി. ചെറുപുഷ്പം എസ്.എ.ബി.എസ്**
(സഹോദരി)

വർഷത്തിൽ രണ്ടുതവണയെങ്കിലും ഇവിടെ വരും. ജീവിതത്തിൽ ഏറെ സ്വാധീനിച്ച വ്യക്തിയാണ് തെറമ്മച്ചേച്ചിയെന്നു പറയും.

പഠിക്കാനും പ്രസംഗിക്കാനും ചെറുപ്പത്തിലേ പിതാവു മിടുക്കനായിരുന്നു. ഒത്തിരി സമ്മാനം വാങ്ങും. കൂടുതലും പുസ്തകമായിരിക്കും. 'മറിയാമ്മേ, വീട്ടിലൊരു ലൈബ്രറി തുടങ്ങാമല്ലോ' എന്ന് അമ്മച്ചിയോട് ഒരു ബന്ധു ചോദിച്ചത് ഇപ്പോഴും ഓർക്കുന്നു.

**റവ. ഡോ. ജോസ് ആലഞ്ചേരി**
(നേരേ മൂത്ത സഹോദരൻ)

കുടുംബക്കളരിയിൽ പരിശീലിച്ചു കൃത്യനിഷ്ഠയും കഠിനാദ്ധ്വാനശീലവും കൃത്യമായി കാര്യങ്ങൾ ചെയ്യുന്നതിനുള്ള താല്പര്യവും സെമിനാരി പരിശീലനകാലത്ത് വളർത്തിയെടുക്കുവാൻ വറീച്ചൻ ആത്മാർത്ഥമായി, പരമാവധി പരിശ്രമിച്ചതിന്റെ ഫലമായി അജപാലന ശുശ്രൂഷയോട് വിശ്വസ്തത പുലർത്തുവാൻ സാധിക്കുന്നുണ്ട്. പൗരോഹിത്യ സമർപ്പണത്തിന്റെ പൂർണ്ണത ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രതിഫലിപ്പിക്കുന്ന തരത്തിൽ എല്ലാം ചിട്ടപ്പെടുത്താൻ അനുജന് ഇത്രയും കാലവും സാധിച്ചു എന്നത് ഒരു വലിയ നേട്ടമാണ്. അവശത അനുഭവിക്കുന്നവരോടും സാധാരണക്കാരോടും ഏറെ പ്രതിബദ്ധതയോടെ പ്രവർത്തിക്കാറുണ്ടെങ്കിലും എല്ലാവരോടും സമഭാവനയോടെ പെരുമാറാൻ കഴിയുന്നു എന്നത് വറീച്ചന്റെ ഒരു വലിയ സവിശേഷതയാണ്. ഈ നന്മകളെല്ലാം ഭാവി പ്രവർത്തനങ്ങളിൽ വലിയ മുതൽക്കൂട്ടാകും എന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല.

## Dr. James Kottoor

Eureka! My mind thundered unknowingly. It spoke volumes to me and made a flood of images flash through my mind.

First was that of Pope John XXIII who gave a very precious gift to the world of bishops who attended the Second Vatican Council... It also reminded me of St. Augustine who declared, "For you I am a bishop, but with you I am a Christian". Next came the image of Mother Teresa, the saint of the gutter... That image made my mind leap on to a parellel image, in a totally maundane political field, that of Mamata Banerjee... with her identification with the faceless masses.

സീറോമലബാർസഭയുടെ
വലിയഇടയൻ



# ദൈവം കണ്ടെത്തിയ വലിയപിതാവ്

**ബിഷപ്പ് വിൻസന്റ് മാർ പൗലോസ്**
(മാർത്താണ്ഡം മലങ്കര കത്തോലിക്കാ രൂപതാധ്യക്ഷൻ)

'തന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ദൈവം കണ്ടെത്തിയിരിക്കുന്നു' എന്നതായിരിക്കും ഒറ്റവാക്യത്തിൽ അദ്ദേഹത്തിന്റെ നിയമനത്തെ വിശേഷിപ്പിക്കാവുന്ന പ്രയോഗം എന്ന് ഞാൻ കരുതുന്നു.

സീറോമലബാർസഭയുടെ മേജർആർച്ച്ബിഷപ്പായി, വലിയ ഇടയനായി ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്ന അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന് മാർത്താണ്ഡം രൂപതയുടെ, രൂപതയിലെ വൈദികരുടേയും സന്യസ്തരുടേയും ദൈവജനത്തിന്റേയും പേരിലും എന്റെ വ്യക്തിപരമായ പേരിലും ഹൃദയപൂർവകമായ അഭിനന്ദനങ്ങൾ...! ആശംസകൾ...!

തക്കല രൂപതയും മാർത്താണ്ഡം രൂപതയും ഇരട്ടസഹോദരികൾ എന്നു പറയുന്നതിൽ അതിശയോക്തിയില്ല. കാരണം 1997-ൽ ആയിരുന്നു ഇരുവരുടേയും ജനനം. അതോടൊപ്പം അടുത്തും ഭൂമിശാസ്ത്രപരമായി ഉൾച്ചേർന്നും നിലകൊള്ളുന്ന ഈ രണ്ടു രൂപതകൾ തമ്മിൽ ഇന്നും ഊഷ്മളമായ ബന്ധം നിലനിൽക്കുന്നു.

2010-ൽ മാർത്താണ്ഡം രൂപതയുടെ ചുമതല ദൈവം എന്നെ ഭരമേൽപ്പിച്ചപ്പോൾ എനിക്ക് ഏറ്റവും അധികം പ്രോത്സാഹനവും പിന്തുണയും നൽകിയത് അഭിവന്ദ്യ ആലഞ്ചേരി പിതാവാണ്. ഏതു സമയത്തും അദ്ദേഹത്തെ സമീപിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുവാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നു. അടുത്തുള്ള രൂപതയിലെ ഇടയൻ എന്നതിലുപരി ഗുരുശിഷ്യബന്ധത്തിന്റെ ആഴങ്ങളാണ് ഞങ്ങളുടെ ആത്മബന്ധത്തിനു കാരണം. ആരാധ്യമായ, ആദരണീയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായ അഭിവന്ദ്യപിതാവിന്റെ ശിഷ്യൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഈ നിയമനത്തിൽ വ്യക്തിപരമായി ഞാൻ ഏറെ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. ബോധ്യങ്ങളുടെ തലത്തിൽ നിന്ന് സംസാരിക്കുന്ന ആലഞ്ചേരി അച്ചന്റെ ക്ലാസുകൾ എല്ലാ കേൾവിക്കാരിലും ബോധ്യം ജനിപ്പിക്കുന്നവയായിരുന്നു.

ഇങ്ങനെ പ്രവാചകതുല്യനായ ഒരു അധ്യാപകനായിരുന്ന അഭിവന്ദ്യപിതാവ് വലിയൊരു സഭാസമൂഹത്തെ മുഴുവൻ പഠിപ്പിക്കുവാനും നയിക്കുവാനും തികച്ചും യോഗ്യനാണ്.

നല്ല ഒരു അജപാലകനായ അഭിവന്ദ്യ ആലഞ്ചേരി പിതാവ് തക്കലയിലെ ദൈവജനത്തിന്റെ പ്രിയപ്പെട്ട പിതാവാണ്. നിയോഗിക്ക





പ്പെട്ട സ്ഥലത്തെ ദൈവജനത്തോട് താദാത്മ്യം പ്രാപിക്കുവാൻ, അവരെ സ്നേഹിക്കുവാൻ അനിതരസാധാരണമായ വൈഭവമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മെത്രാഭിഷേകത്തിനു ശേഷം ആദ്യ മായി അർപ്പിച്ച വിശുദ്ധകുർബാന തമിഴ് ഭാഷയിലായിരുന്നു. അങ്ങനെ ഭാഷയെ മാധ്യമമാക്കി തമിഴ് മക്കളുടെ ഹൃദയങ്ങളിൽ വളരെ പെട്ടെന്നു തന്നെ അദ്ദേഹം സ്ഥാനം പിടിച്ചു. തമിഴ്ഭാഷയെ സ്നേഹിക്കുകയും ഒരു തമിഴ് പണ്ഡിതനെപ്പോലെ തമിഴ് ഭാഷ സംസാരിക്കുകയും ചെയ്യുന്ന അഭിവന്ദ്യപിതാവ് ഇതിനോടകം കന്യാകുമാരി ജില്ലയിലെ ദൈവജനത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചു പറ്റിയിരിക്കുകയാണ്. അതിനാൽത്തന്നെ വന്ദ്യപിതാവിന്റെ ഈ പുതിയനിയമനത്തിൽ തമിഴ്മക്കൾ അകമഴിഞ്ഞ് സന്തോഷിക്കുന്നു. അജഗണത്തെ അടുത്തറിയുവാനായി അവരുടെയെല്ലാം ഭവനങ്ങൾ സന്ദർശിക്കുന്ന ആലഞ്ചേരി പിതാവിന്റെ കർമ്മയോഗം അദ്ദേ ഹത്തെ അസാധരണനായ ഒരു പിതാവാക്കി മാറ്റിയിരിക്കുകയാ ണ്. ഇങ്ങനെ ഒരു വലിയ മിഷനറി കൂടിയായ അദ്ദേഹത്തിന്റെ തികഞ്ഞ ദൈവാശ്രയബോധവും ആത്മീയചൈതന്യവുമാണ് തന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ചാലകശക്തിയെന്ന് കണ്ടറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

എല്ലാവരേയും സ്നേഹിതരായി കരുതിയ ക്രിസ്തുവിന്റെ മനോ ഭാവവും ശൈലിയും സ്വന്തമാക്കിയിരിക്കുന്ന അദ്ദേഹം തക്കല പ്രദേ ശത്തുള്ള മറ്റുമതങ്ങളിലുള്ള സഹോദരങ്ങൾക്കുപോലും ആത്മാർത്ഥമായ സുഹൃത്തും നല്ല പിതാവുമാണ്. അങ്ങനെ, പുതി യതായി നിയമിതനായിരിക്കുന്ന വലിയ പിതാവ് വലിയ ഒരു ഹൃദ യത്തിന്റെ ഉടമ കൂടിയാണ്.

സഭയുടെ ശുശ്രൂഷകളെക്കുറിച്ച് വ്യക്തമായ ധാരണയും ശക്ത മായ നിലപാടുകളുമുള്ള അദ്ദേഹത്തിന്റെ സൗമ്യമായ, ലളിതമായ സമീപനങ്ങളും പ്രവർത്തനശൈലിയും തികച്ചും മാതൃകാപരമാണ്.

തക്കലരൂപതയെ വളരെ ശ്രദ്ധയോടെ, കരുതലോടെ, ദൈവാഭി മുഖ്യത്തോടെ രൂപപ്പെടുത്തിയ, വളർത്തിയ, അദ്ദേഹത്തിന്റെ കര ങ്ങൾ സീറോമലബാർസഭയെ മുഴുവനായും നയിക്കുവാൻ, ദൈവ ത്തിന്റെ സ്വപ്നങ്ങളിലേക്ക് വളർത്തുവാൻ തികച്ചും ശക്തമാണ് എന്നതിൽ സംശയമില്ല. ഒരു പക്ഷേ അപ്രതീക്ഷിതവും അവിചാ രിതവുമായി പലർക്കും തോന്നാവുന്ന ഈ തെരഞ്ഞെടുപ്പിൽ ദൈവ ത്തിന്റെ ശക്തമായ ഇടപെടൽ സുവ്യക്തമാണ്. ഈ കാലഘട്ടത്തിൽ തന്റെ സഭയെ നയിക്കുവാൻ 'തന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ദൈവം കണ്ടെത്തിയിരിക്കുന്നു' എന്നതായിരിക്കും ഒറ്റ വാക്യത്തിൽ അദ്ദേഹത്തിന്റെ നിയമനത്തെ വിശേഷിപ്പിക്കാവുന്ന പ്രയോഗം എന്ന് ഞാൻ കരുതുന്നു.

സീറോമലബാർസഭയുടെ
വലിയഇടയൻ



അഭിവന്ദ്യ ആലഞ്ചേരി പിതാവിനെക്കുറിച്ചുള്ള ദൈവനിയോഗം സഫലമാക്കുവാൻ അദ്ദേഹത്തിന്റെ ശക്തമായ നേതൃത്വത്തിലൂടെ സീറോമലബാർസഭയെക്കുറിച്ചുള്ള ദൈവപദ്ധതി നിരന്തരം നിറവേറുവാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഏറെ സ്നേഹത്തോടെ മാർത്താണ്ഡം രൂപതയുടെ ആശംസകൾ...!

**14**

# ദൈവമക്കൾ സംസാരിക്കുന്നു

സംഭാഷണമധ്യേ ദൈവമക്കളിൽ ചിലർ സ്വയംപ്രേരിതമായി പറഞ്ഞ ചിലകാര്യങ്ങൾ കൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

പ്രാർത്ഥനാ ചൈതന്യമുള്ള പിതാവ്

സ്നേഹം ധൂർത്തടിക്കുന്ന പിതാവ്

എല്ലാവരേയും വ്യക്തിപരമായി അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന പിതാവ്

എല്ലാവരേയും നന്നായി മനസ്സിലാക്കുന്ന പിതാവ്

നിഷ്കളങ്കനായ പിതാവ്

എളിമയുള്ള പിതാവ്

ശാന്തതയുള്ള പിതാവ്

ഏറ്റം നന്നായി പ്രസംഗിക്കുന്ന പിതാവ്

നന്നായി പാടുന്ന പിതാവ്

തികഞ്ഞ ആത്മാർത്ഥതയുള്ള പിതാവ്

ക്ഷമയും ദയയുമുള്ള പിതാവ്

ജീവിത വിശുദ്ധിയുള്ള പിതാവ്

ദൈവിക തീക്ഷ്ണതയുള്ള പിതാവ്

ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിക്കുന്ന പിതാവ്

പരിശുദ്ധകുർബാനയിലെഴുന്നള്ളിയിരിക്കുന്ന ഈശോയോടു പ്രത്യേകഭക്തിയുള്ള പിതാവ്

ഈശോയോടു പ്രത്യേകഭക്തിയുള്ള പിതാവ്

ഈശോയോടു വൈയക്തികബന്ധവും സ്നേഹവുമുള്ള പിതാവ്

സമർപ്പിതനായ പിതാവ്

ഉച്ചാരണശുദ്ധിയുള്ള പിതാവ്



ഉള്ളുതുറന്നു നന്മയിൽ സന്തോഷിക്കുന്ന പിതാവ്
വിശ്വസ്തതയുള്ള പിതാവ്
കുഞ്ഞുങ്ങളെ പ്രത്യേകമായി കരുതി സ്നേഹിക്കുന്ന പിതാവ്
പേരുചൊല്ലി വിളിക്കുന്ന പിതാവ്
എല്ലാവരുടെയും സുഹൃത്തായ പിതാവ്
കരുതലുള്ള പിതാവ്
വിശുദ്ധനായ പിതാവ്
എല്ലാവരെയും സന്തോഷിപ്പിക്കുന്ന പിതാവ്
ഏവർക്കും പ്രാപ്യനായ പിതാവ്
ദൈവം തിരഞ്ഞെടുത്തു നിയോഗിച്ച പിതാവ്
ദീർഘവീക്ഷണമുള്ള പിതാവ്
ദീർഘക്ഷമയുള്ള പിതാവ്
സൗമ്യതയുടെ വലിയ ഇടയൻ
ലാളിത്യവും പരിശുദ്ധിയുമുള്ള പിതാവ്
ഹൃദയത്തിൽ തൊട്ടു സംവേദിക്കുന്ന പിതാവ്
മനസ്സിന്റെ തുറവിയുള്ള പിതാവ്
പുഞ്ചിരി കരുത്തായുള്ള പിതാവ്



# സീറോമലബാർസഭയുടെ വലിയഇടയൻ

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

"സത്യത്തിന്റെയും ജീവകാരുണ്യത്തിന്റെയും സംവാദത്തിൽ ഊന്നിയുള്ള സേവനം അതാണ് എന്റെ ജീവിതപ്രമാണം. ദൈവം എന്നാൽ സത്യത്തിന്റെയും സ്നേഹത്തിന്റെയും ഭാഷണമാണ്. അതിൽനിന്നാണ് ഈ വിശ്വാസസംഹിത ഉരുത്തിരിയുന്നത്. സത്യവും സ്നേഹവും കൈമാറുന്നതാണ് ജീവിതമാകുന്ന ആശയവിനിമയം. തക്കല രൂപതയുടെ ബിഷപ്പായി സ്ഥാനമേറ്റ വേളയിൽ എന്റെ ആപ്തവാക്യം 'അവൻ നന്മ ചെയ്തുകൊണ്ടു കടന്നുപോയി' എന്നതായിരുന്നു."

*പിതാവിന്റെ അമ്മ മരിച്ചപ്പോൾ ഉറ്റയുവസുഹൃത്ത് തോമസുകുട്ടി അയച്ച അനുശോചന കത്തിനു പിതാവെഴുതിയ മറുപടി കത്തിൽനിന്ന്:-*

"അമ്മച്ചിയുടെ മരണം എനിക്കു വലിയ നഷ്ടമായിപ്പോയി. എന്നെ താങ്ങിയിരുന്ന വലിയ ശക്തിയായിരുന്നു അമ്മച്ചി... എല്ലാം കർത്താവിന്റെ തിരുഹിതമായി കാണുന്നു...

*അജപാലന തീക്ഷ്ണത*

പള്ളിയും അതിനോടു ചേർന്ന പ്രവർത്തനങ്ങളും എന്നും ശ്രദ്ധയിലുണ്ടായിരിക്കണേ. ഓരോ ദിവസവും കർത്താവാണു നമ്മെ കൈപിടിച്ചു നടത്തുക. വെട്ടിത്തുരുത്തിൽ ഐശ്വര്യവും ദൈവസാന്നിദ്ധ്യവും നില നിൽക്കുന്നുവെന്നതിന്റെ പ്രതീകമായിരിക്കണം ആ മനോഹരദൈവാലയം"



റവ. ഡോ. ജോസഫ് വട്ടക്കളം

Igniz Publications
Changanacherry
Ph: 9249902760